# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 60 ലക്കം 1 ഏപ്രിൽ 2020

## തോൽക്കില്ല കേരളം





കോവിഡ് കാലം കടക്കാൻ
3711.4 കോടിയുടെ
ക്ഷേമപെൻഷൻ



കൊറോണക്കാലത്തെ
തദ്ദേശസ്വയംഭരണം:
പാഠങ്ങളും വെല്ലുവിളികളും

കൈമുതൽ
ജനകീയാസൂത്രണത്തിന്റെ
അനുഭവസമ്പത്ത്


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ഏപ്രിൽ 2020

## അകത്ത്




കൈമുതൽ ജനകീയാസൂത്രണത്തിന്റെ അനുഭവസമ്പത്ത്
എ.സി. മൊയ്തീൻ 5

കൊറോണക്കാലത്തെ തദ്ദേശസ്വയംഭരണം പാഠങ്ങളും വെല്ലുവിളികളും
ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. 9

കൊവിഡ് കാലം കടക്കാൻ 3711.4 കോടിയുടെ ക്ഷേമപെൻഷൻ 13

ഉഷസ് തച്ചിത്രമാ ഭരാസ്വഭ്യം വാജിനീവതി യേന തോകം ച തനയം ച ധാമഹേ
എം.പി. അജിത് കുമാർ 14

തനതായ കാസറഗോഡൻ പ്രതിരോധങ്ങൾ
കെ.കെ. റെജികുമാർ 15

അവിസ്മരണീയമാക്കി കണ്ണൂരിലെ പഞ്ചായത്തുകൾ
അരുൺ ടി.ജെ. 18

കൊവിഡ് -19 നിശബ്ദ വിപ്ലവം
ടിംപിൾമാഗി പി.എസ്. 20

കൊവിഡിനെ തളയ്ക്കാൻ കോഴിക്കോടൻ പ്രതിരോധം
പി.ജി. പ്രകാശ് 22

പ്രതിരോധവും പ്രത്യാക്രമണവും
ഇ.എ. രാജൻ 24

അതിജീവനത്തിന്റെ അധ്യായം
എം. രാമൻകുട്ടി 26

ഒരുമയോടെ പ്രതിരോധം മാതൃകയായി തൃശ്ശൂർ
പ്രസാദ് പി.ടി. 27

മഹാമാരിയെ തളച്ച് എറണാകുളം
മാലതി കെ.വി. 30

മൂന്നാർ : പ്രതിരോധത്തിന്റെയും കരുതലിന്റെയും പറുദീസ
കുര്യാക്കോസ് കെ.വി. 32

ഇമ വെട്ടാതെ, കരുതലോടെ ആലപ്പുഴ
ഷഫീക്ക് പി.എം. 34

അതിജീവന പോരാട്ടത്തിന് കോട്ടയം
ബിനു ജോൺ 35

ഉന്മൂലനം ചെയ്യും ഈ മഹാമാരിയെ
സൈമ എസ്. 37

കൊല്ലത്തെ വേറിട്ട പ്രവർത്തനങ്ങൾ
ബിനുൻ വാഹിദ് 39

നാട്ടിൻപുറത്തിന്റെ നന്മകളിലേക്ക്
ത്രേസ്യാമ്മ ആന്റണി 40

ഏപ്രിൽ 2020
പുസ്തകം 60 ലക്കം 1
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ബു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# തോൽക്കില്ല കേരളം

ലോകത്തിലെ നൂറ്റിതൊണ്ണൂറോളം രാജ്യങ്ങളെ ലോക്ക്ഡൗണിലെത്തിച്ച കൊവിഡ് 19 ഇന്ത്യയിലാദ്യം സ്ഥിരീകരിച്ചത് കേരളത്തിലാണ്. മാർച്ച് ആദ്യവാരം വരെ രാജ്യത്തെ കൊറോണ ബാധിതരുടെ എണ്ണം ഒറ്റയക്കത്തിൽ പിടിച്ചു നിർത്താൻ കേരളം നടത്തിയ മുൻകരുതൽ പ്രവർത്തനങ്ങൾ സഹായിച്ചു. മാർച്ച് പകുതിക്കു ശേഷം രാജ്യത്തെ രോഗബാധിതരുടെ എണ്ണം രണ്ടക്കത്തിലേക്കും മൂന്നക്കത്തിലേക്കും കടന്നു. ഈ സാഹചര്യത്തിൽ നമ്മുടെ പൊതുജനാരോഗ്യ സംവിധാനവും തദ്ദേശഭരണ സ്ഥാപനങ്ങളും അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിച്ചതുകൊണ്ടു മാത്രമാണ് സംസ്ഥാനത്ത് കൊവിഡ് 19ന്റെ സമൂഹവ്യാപനം ഇതുവരെ തടയാൻ കഴിഞ്ഞത്. ഇതൊരു ആഗോള മഹാമാരിയാണ്. ഒരു രാജ്യത്തിനോ ഒരു സംസ്ഥാനത്തിനോ മാത്രമായി ഇതിൽ നിന്ന് രക്ഷപ്പെടാനാവില്ല. ഇപ്പോഴുള്ള ജാഗ്രത നാമിനിയും തുടരണമെന്നർത്ഥം. വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും ലക്ഷക്കണക്കിനു പേർ തിരിച്ചെത്താനിരിക്കെ, പഴുതടച്ച ജാഗ്രത തന്നെ വേണം. കൊറോണയുടെ പശ്ചാത്തലത്തിൽ മഴക്കാലപൂർവ ശുചീകരണത്തിലും പതിവിലുമേറെ ശ്രദ്ധവേണം.

മഹാമാരിയുടെ സാമ്പത്തികവും സാമൂഹ്യവുമായ പ്രത്യാഘാതം ദൂരവ്യാപകമാണ്. കൊറോണ ദശലക്ഷക്കണക്കായ സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും ജീവനോപാധികളുടെ കണ്ണികൾ ഛേദിച്ചു കളഞ്ഞു. അഞ്ഞൂറു കോടിയിലേറെ ജനങ്ങളെ വീടുകൾക്കുള്ളിൽ കയറില്ലാതെ കെട്ടിയിട്ട മഹാമാരിക്കെതിരെയാണ് നമ്മുടെ പോരാട്ടം. ലോകത്ത് ഓരോ ദിവസവും പതിനായിരക്കണക്കിനു പേരാണ് രോഗത്തിന്റെ പിടിയിലമരുന്നത്. രാജ്യത്തെ രോഗബാധിതരുടെ എണ്ണം ആശങ്കാജനകമാം വിധം പെരുകുകയാണ്. മുംബൈ, അഹമ്മദാബാദ് തുടങ്ങിയ നഗരങ്ങളിൽ കൊറോണയുടെ സമൂഹ വ്യാപനം വ്യക്തമാണ്. നമ്മുടെ തൊട്ടയൽ സംസ്ഥാനമായ തമിഴ്നാട്ടിലും സമാന സൂചനകൾ കണ്ടുതുടങ്ങിയിരിക്കുന്നു. ജനജീവിതം സാധാരണ നിലയിൽ തിരിച്ചെത്താൻ ഇനിയും സമയമെടുക്കും എന്നുറപ്പാണ്. വിദേശ രാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും ജോലിയുള്ളവരോ അവരുടെ ആശ്രിതരോ ആണ് കേരളത്തിലെ ജനങ്ങളിൽ നല്ലൊരു ഭാഗവും എന്നിരിക്കെ, നമുക്കിത് ജീവന്മരണ പോരാട്ടമാണ്.

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ പരീക്ഷണത്തിന്റെ നാളുകളിലൂടെയാണ് കടന്നുപോവുന്നത്. കൊറോണയെ പ്രതിരോധിക്കാൻ കഴിയുന്നതെല്ലാം ചെയ്യുമ്പോൾ, അതിനൊപ്പം തന്നെ, ജനങ്ങളുടെ ജീവനോപാധികൾ തിരിച്ചു പിടിക്കുന്നതിലും സാധാരണക്കാർക്ക് വരുമാനം ഉറപ്പാക്കുന്നതിലും ശ്രദ്ധവേണം. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ പാക്കേജ് അതിനുള്ളതാണ്. കൃഷിയും കാർഷികാനുബന്ധ മേഖലകളും ചെറുകിട വ്യവസായവും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാവുമെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ മുൻകൈ പ്രവർത്തനം കൊണ്ടേ ഇത് വിജയമാവൂ. മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കിയതു പോലെ, ഇപ്പോഴുള്ള പ്രതിസന്ധിയെ പുതിയ വികസന ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള സാധ്യതയാക്കി മാറ്റാൻ നമുക്കാവണം. ഈ ദിശയിലുള്ള ഗൗരവപൂർണമായ ആലോചനകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തണം.

**ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.**

**"വിജയിക്കാൻ ഞാനെടുത്തിട്ടുള്ള തീരുമാനത്തിന് കരുത്തുണ്ടെങ്കിൽ പരാജയം ഒരിക്കലും എന്നെ പിന്തള്ളുകയില്ല"**

**ഡോ. എ.പി.ജെ. അബ്ദുൽ കലാം**



# കൈമുതൽ ജനകീയാസൂത്രണത്തിന്റെ അനുഭവസമ്പത്ത്

■ **എ.സി. മൊയ്തീൻ**
**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**

തുലോം പരിമിതമായ സാമ്പത്തിക വിഭവങ്ങൾമാത്രം കൈമുതലുള്ള കേരളം ജനകീയ വികസനമാതൃകയുടെ കരുത്തും തദ്ദേശസ്ഥാപനങ്ങളുടെ ശക്തിയും ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങളും കൈമുതലാക്കി ഈ മഹാമാരിയുടെ വ്യാപനം തടയുന്നതിനുള്ള തീവ്രശ്രമത്തിലാണ്.

മഹായുദ്ധങ്ങൾ സൃഷ്ടിക്കുന്ന ഭീതിയുടെയും അരക്ഷിതത്വത്തിന്റെയും അന്തരീക്ഷമാണ് ലോകത്തുള്ളത്. കൊറോണ വൈറസ് രോഗത്തിൽ എത്രപേർ മരണപ്പെടുമെന്നോ എത്ര ലക്ഷം കോടിയുടെ നഷ്ടമുണ്ടാകുമെന്നോ പറയാറായിട്ടില്ല. ചൈനയുടെ അതിർത്തികൾ കടന്ന് രോഗം പടരുന്നതിന്റെ സൂചനകൾ പുറത്തുവന്ന ഉടൻ ലോകാരോഗ്യ സംഘടന ഇതൊരു മഹാമാരിയായി പ്രഖ്യാപിച്ചു. ഏതാനും ആഴ്ചകൾ കൊണ്ട് രോഗവ്യാപനം എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചു. ദിവസവും പുറത്തുവരുന്ന സ്ഥിതിവിവരങ്ങൾ ഭീതിദമാണ്. ചൈനയിൽ രോഗം പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിനെ വുഹാൻ വൈറസ് എന്നും ചൈനീസ് വൈറസ് എന്നും വിളിച്ച അമേരിക്കയിലാണ് കൊറോണ രോഗം ഏറ്റവും കൂടുതൽ ജീവനെടുത്തത്. ഇറ്റലിയാകട്ടെ, ഇനിയെല്ലാം വിധിക്ക് വിട്ടുകൊടുക്കുകയേ നിവൃത്തിയുള്ളൂ എന്ന് അധികൃതർപോലും പറയുന്ന അവസ്ഥയിലാണ്. സ്പെയിൻ ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തത്തിന്റെ നാളുകളിലൂടെ കടന്നുപോകുകയാണ്. യുകെയിലും ഫ്രാൻസിലും സ്ഥിതി അങ്ങേയറ്റം ഭീതിജനകമാണ്. ഏപ്രിൽ മാസാവസാനത്തെ കണക്കുകൾ പ്രകാരം മുപ്പത് ലക്ഷത്തിലധികം പേർക്ക് രോഗം സ്ഥിരീകരിച്ചു കഴിഞ്ഞു.

ലാഭക്കണ്ണോടെ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് മുതലാളിമാർക്ക്, ആരോഗ്യരക്ഷാ സംവിധാനം തീറെഴുതിയ അതിസമ്പന്ന മുതലാളിത്ത രാഷ്ട്രങ്ങൾക്ക് ഈ മഹാമാരിയെ ചെറുക്കാനാകുന്നില്ല. തുലോം പരിമിതമായ സാമ്പത്തിക വിഭവങ്ങൾമാത്രം കൈമുതലുള്ള കേരളം ജനകീയ വികസനമാതൃകയുടെ കരുത്തും തദ്ദേശസ്ഥാപനങ്ങളുടെ ശക്തിയും ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങളും കൈമുതലാക്കി ഈ മഹാമാരിയുടെ വ്യാപനം തടയുന്നതിനുള്ള തീവ്രശ്രമത്തിലാണ്. ആദ്യഘട്ടത്തിൽ ഇന്ത്യയിൽ കൂടുതൽ കൊറോണ കേസുകൾ



*കൊവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുമേധാവികളുടെ അവലോകന യോഗത്തിൽ മന്ത്രി എ.സി. മൊയ്തീൻ സംസാരിക്കുന്നു.*

റിപ്പോർട്ട് ചെയ്ത സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പിടിവിട്ടുപോകുമായിരുന്ന ഒരു സാഹചര്യത്തെ ഭരണപരമായ കാര്യക്ഷമതയും ജനപങ്കാളിത്തവുംകൊണ്ട് നേരിടുന്ന കേരളത്തിന്റെ ജാഗ്രതയും പഴുതടച്ച സൂക്ഷ്മതയും ദേശീയ--അന്തർദേശീയ മാധ്യമങ്ങളിൽ ചർച്ച ചെയ്യപ്പെടുകയാണ്. സംസ്ഥാന സർക്കാർ സംവിധാനങ്ങളുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പിന്തുണയോടെ ആരോഗ്യ, സാമൂഹ്യപ്രവർത്തകരും സന്നദ്ധ സേവകരും നടത്തുന്ന പ്രവർത്തനങ്ങൾക്കു പിന്നിൽ ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരന്നിരിക്കുന്നു.

## ഒരുമുഴം മുമ്പേ കേരളം

രോഗം സ്ഥിരീകരിച്ചവരോ രോഗലക്ഷണങ്ങൾ കാണിക്കുന്നവരോ രോഗം സംശയിക്കുന്നവരോ രോഗാണു വാഹകരാകാൻ സാധ്യതയുള്ളവരോ ആയ ആളുകളുമായി സമ്പർക്കത്തിലിരുന്ന ആളുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിരീക്ഷണത്തിലുള്ള വീടുകളിൽ ഐസൊലേഷനിൽ കഴിയുകയാണ്. ഇവർക്ക് ഒരു പ്രയാസവും വരാതിരിക്കാൻ ആയിരക്കണക്കിന് വളന്റിയർമാർ സജീവമായി പ്രവർത്തനരംഗത്തുണ്ട്. 19,489 വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ആരോഗ്യപ്രവർത്തകർ, ആശാവർക്കർമാർ, കുടുംബശ്രീ ആരോഗ്യ വളന്റിയർമാർ എന്നിവരടങ്ങുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിക്കുന്നു. നിരീക്ഷണത്തിൽ ഉള്ളവരുടെ എണ്ണം തുലോം കുറഞ്ഞത് ഇതുവരെ നടത്തിയ പഴുതടച്ച പ്രവർത്തനത്തിന്റെ വിജയമാണ്. എന്നാൽ നിരീക്ഷണപ്പട്ടികയിൽ ആളുകൾ ഇടം പിടിക്കുന്നത് ഇപ്പോഴും തുടരുകയാണ്.

കൊവിഡ് മഹാമാരി കേരളത്തെ ബാധിക്കുന്നതിനു മുമ്പുതന്നെ സംസ്ഥാനത്തെ എഴുപത് ശതമാനം ഗ്രാമപഞ്ചായത്തു



കളും അറുപത് ശതമാനം നഗരസഭകളും കരട് ദുരന്തനിവാരണ പദ്ധതി തയ്യാറാക്കിയിരുന്നു. മറ്റുള്ളവയാകട്ടെ, ഇതിനാവശ്യമായ വിവരശേഖരണം പൂർത്തിയാക്കിയിരുന്നു. കൊവിഡ് ഒരു ആഗോള ദുരന്തമായി വളർന്നപ്പോഴേക്കും അതിനെ നേരിടാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുള്ള വിവരങ്ങൾ ഇങ്ങനെ ദുരന്തനിവാരണ പദ്ധതിയിലൂടെ ലഭ്യമാക്കിക്കഴിഞ്ഞിരുന്നു. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വാർഡുതലത്തിൽ രൂപീകരിച്ചിട്ടുള്ള ദുരന്തനിവാരണ കമ്മിറ്റികൾ ഏത് സാഹചര്യവും നേരിടാൻ തയ്യാറായി പ്രവർത്തനരംഗത്തുണ്ട്. ഇവർക്കുപുറമെ രണ്ട് ലക്ഷത്തിലധികം പേർ സന്നദ്ധസേനയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. തദ്ദേശസ്ഥാപനങ്ങൾ 314 ഡോക്ടർമാരെ അധികമായി നിയോഗിച്ചു. കൊവിഡ് കെയർ സെന്ററുകളാക്കാൻ 3,222 കെട്ടിടം കണ്ടെത്തി. ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാനുള്ള ഗോഡൗണുകളാക്കാൻ 1,474 കെട്ടിടവും കണ്ടെത്തി സജ്ജമാക്കി.

ഇതൊക്കെ സാധ്യമാക്കിയതിൽ സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ നേതൃത്വത്തിനൊപ്പം കാൽ നൂറ്റാണ്ടു കാലത്തെ ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങൾക്കും പ്രധാന പങ്കുണ്ട്. മാർച്ച് 25ന് കമ്മ്യൂണിറ്റി കിച്ചൻ എന്ന ആശയം മുഖ്യമന്ത്രി അവതരിപ്പിച്ച് 36 മണിക്കൂറിനകം എഴുനൂറിലധികം കിച്ചനുകൾ സജീവമായി. നാല് ദിവസത്തിനകം 1,034 തദ്ദേശസ്ഥാപനത്തിലും കമ്മ്യൂണിറ്റി കിച്ചൻ ഒരുങ്ങി. സംസ്ഥാനത്ത് ഏപ്രിൽ 20 വരെ ഈ കിച്ചനുകളിൽ നിന്ന് 55,70,410 ഭക്ഷണ പൊതികളാണ് വിതരണം നടത്തിയത്. ഇവയിൽ 50,32,214 എണ്ണം സൗജന്യമാണ്. മാത്രമല്ല, 44,33,438 എണ്ണം സന്നദ്ധ സേവകർ നേരിട്ട് വീടുകളിൽ എത്തിച്ചുനല്കി. ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിന്റെ തൊട്ടടുത്ത ദിവസംതന്നെ നഗര--ഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്ത് ഒരിടത്തും ഒരാൾക്കുപോലും തെരുവിൽ അന്തിയുറങ്ങേണ്ട സ്ഥിതിയില്ലെന്ന് ഉറപ്പുവരുത്തി. നഗരങ്ങളിൽ 2,321 പേരെയും ഗ്രാമങ്ങളിൽ 489 പേരെയും ഇത്തരത്തിൽ പുനരധിവസിപ്പിച്ചു. ഈ ക്യാമ്പുകൾ ഇപ്പോഴും തുടരുകയാണ്.

പക്ഷികൾക്കും പ്രാണികൾക്കും അടക്കം വെള്ളവും ഭക്ഷണവും ഉറപ്പുവരുത്തി. കേരളത്തിന്റെ മുക്കും മൂലയുംപോലും ജനപ്രതിനിധികളുടെയും കുടുംബശ്രീ വളന്റിയർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും ആശാ വർക്കർമാരുടെയും സന്നദ്ധ സേവകരുടെയും സൂക്ഷ്മ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും തിരിച്ചു വരുന്നവരുടെയും ദൂരയാത്ര നടത്തിയവരുടെയും വിശദവിവരങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ശേഖരിച്ച് മുഴുവൻ പേരെയും കർശന നിരീക്ഷണത്തിൽ പാർപ്പിച്ചിരിക്കുകയാണ്. ഇവർക്കാർക്കും ഒന്നിനും ഒരു കുറവും വരാതിരിക്കാൻ എന്ത് പ്രയാസവും സഹിക്കാൻ ഓരോ പ്രദേശത്തുമുള്ള സന്നദ്ധപ്രവർത്തകർ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ തയ്യാറാണ്. വയോജനങ്ങൾ, സാന്ത്വന ചികിൽസയിലുള്ളവർ, ഭിന്നശേഷിക്കാർ, ഗർഭിണികൾ, ചേരിനിവാസികൾ, കെയർഹോം അന്തേവാസികൾ, അതിഥിത്തൊഴിലാളികൾ എന്നിങ്ങനെ പ്രത്യേക പരിഗണന ആവശ്യമുള്ള ഓരോ വിഭാഗത്തിലുംപെട്ടവരുടെ കൃത്യമായ കണക്കുകൾവച്ച് ഓരോ ദിവസവും നടത്തുന്ന ഇടപെടലുകൾ അന്നന്ന് രേഖപ്പെടുത്തി മോണിറ്റർ ചെയ്യുന്നു. ആശുപത്രികൾ, അവയിൽ ലഭ്യമായ സൗകര്യങ്ങൾ, ഒഴിഞ്ഞുകിടക്കുന്ന ഹോസ്റ്റലുകളും ലോഡ്ജുകളും ഒഴിഞ്ഞുകിടക്കുന്ന വീടുകളും മറ്റ് കെട്ടിടങ്ങളും എന്നിവയെല്ലാം ഈ ജനകീയ സംവിധാനത്തിന്റെ വിരൽത്തുമ്പിൽ ആകുംവിധമാണ് സംസ്ഥാനത്തെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. താഴെത്തട്ടിൽ നടക്കുന്ന ശുചീകരണ ദൗത്യങ്ങളും അണുനശീകരണം മുതലായ പ്രവർത്തനങ്ങളും എടുത്തുപറയണം.

മാർച്ച് 25ന് കമ്മ്യൂണിറ്റി കിച്ചൻ എന്ന ആശയം മുഖ്യമന്ത്രി അവതരിപ്പിച്ച് 36 മണിക്കൂറിനകം എഴുനൂറിലധികം കിച്ചനുകൾ സജീവമായി. നാല് ദിവസത്തിനകം 1,034 തദ്ദേശസ്ഥാപനത്തിലും കമ്മ്യൂണിറ്റി കിച്ചൻ ഒരുങ്ങി. സംസ്ഥാനത്ത് ഏപ്രിൽ 20 വരെ ഈ കിച്ചനുകളിൽ നിന്ന് 55,70,410 ഭക്ഷണ പൊതികളാണ് വിതരണം നടത്തിയത്.




ജനകീയാസൂത്രണത്തിന്റെ കരുത്തും കാര്യക്ഷമതയും നേരിട്ട് പരിചയമില്ലാത്തവരെ സംബന്ധിച്ചിടത്തോളം, ഇതുപോലുള്ള സാമൂഹ്യസംഘാടനം അത്ഭുതമാണ്. സർക്കാർ സംവിധാനത്തിന് അനിവാര്യമായ നടപടിക്രമങ്ങളും ഔദ്യോഗികമായ പരിമിതികളും ജനകീയ സംവിധാനത്തിലൂടെ മറികടന്നതിന്റെകൂടി ഫലമാണ് ഈ ശരവേഗവും അപ്രതിരോധ്യമായ ജനകീയ അടിത്തറയും. ആശാവർക്കർമാർ, മറ്റ് ജനകീയ ആരോഗ്യപ്രവർത്തകർ, പഞ്ചാ



*തിരുവനന്തപുരം കോർപ്പറേഷൻ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ മന്ത്രി എ.സി. മൊയ്തീൻ സന്ദർശിച്ചപ്പോൾ.*

യത്ത് അംഗങ്ങൾ, സിഡിഎസ്, എഡിഎസ് അയൽക്കൂട്ടതലങ്ങളിലെ ആരോഗ്യ വളന്റിയർമാർ, പഞ്ചായത്ത് – നഗരസഭാടിസ്ഥാനത്തിൽ സംഘടിപ്പിച്ച സന്നദ്ധ സേനകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യവകുപ്പ് ജീവനക്കാർ അടക്കം തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പൊതുസേവകർ എന്നിവരടങ്ങുന്ന പഴുതടച്ച മോണിട്ടറിങ് സംവിധാനമാണ് ഈ കൂട്ടായ പ്രവർത്തനത്തിന്റെ കാതലും കരുത്തും.

## ഭീതിയല്ല, ജാഗ്രതയാണ് വേണ്ടത്

എന്തുതന്നെയും സംഭവിക്കാവുന്ന ഒരു നിർണായക ഘട്ടത്തിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. രോഗം കണ്ടെത്തിയവരോ സംശയിക്കുന്നവരോ ആയ ആരുമായും സമ്പർക്കം പുലർത്താത്തവരിൽ രോഗം സ്ഥിരീകരിക്കുന്ന സ്ഥിതി വന്നാൽ കാര്യങ്ങൾ ശ്രമകരമാകും. രോഗാണുവാഹകരായ ആളുകൾ രോഗം തിരിച്ചറിയാതെ സമൂഹത്തിൽ ഇടപഴകുന്നതിന്റെയും കൂടുതൽ പേർ രോഗാണുവാഹകരായി മാറുന്നതിന്റെയും സൂചനയാണിത്. സമൂഹ്യവ്യാപനം എന്നുവിളിക്കുന്ന ഇത്തരമൊരു ഘട്ടത്തിലേക്ക് കേരളം എത്തുന്നത് എന്ത് വിലകൊടുത്തും തടഞ്ഞേ തീരൂ. ഓരോ ജീവനും നമുക്ക് വിലപ്പെട്ടതാണ്. ഇതിനിടയിലും മുതലെടുപ്പിന് ശ്രമിക്കുന്നവരെ ജനം വിലയിരുത്തട്ടെ. സാമൂഹ്യമാധ്യമങ്ങൾ വഴി വ്യാജസന്ദേശങ്ങൾ പ്രചരിപ്പിച്ചതിനും അതിഥിത്തൊഴിലാളികളെ കുത്തിയിളക്കി രോഗപ്രതിരോധ ശ്രമങ്ങളെ തുരങ്കംവയ്ക്കാൻ ശ്രമിച്ചതിനും ഏതാനും പേരെ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 20,826 ക്യാമ്പുകളിലായി മൂന്നര ലക്ഷത്തിലധികം അതിഥിത്തൊഴിലാളികളുണ്ട്. ഈ ക്യാമ്പുകളിൽ ഭക്ഷണത്തിനടക്കം യാതൊരു കുറവും ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തുന്നു.

വിദേശ രാജ്യങ്ങളിൽ നിന്ന് അടിയന്തരമായി കേരളത്തിൽ എത്തിക്കേണ്ട മൂന്നു ലക്ഷത്തിലധികം പേരുടെ വിശദവിവരങ്ങൾ സംസ്ഥാന സർക്കാർ ശേഖരിച്ചിട്ടുണ്ട്. അടച്ചിടലിനെത്തുടർന്ന് മറ്റ് സംസ്ഥാനങ്ങളിൽ അകപ്പെട്ടു പോയ പതിനായിരക്കണക്കിന് മലയാളികളെ തിരികെയെത്തിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇവരെ ക്വാറന്റൈൻ ചെയ്യുന്നതിനും തുടർച്ചയായി നിരീക്ഷിക്കുന്നതിനും അടക്കമുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കി കേരളം സജ്ജമാണ്. വിദേശത്തു നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ തിരിച്ചെത്തുന്നവരെ കേരളം ചേർത്തു പിടിക്കുക തന്നെ ചെയ്യും. കൊറോണ ബാധയുള്ള സ്ഥലങ്ങളിൽ നിന്ന് നമ്മുടെ കൂടപ്പിറപ്പുകളായ ലക്ഷക്കണക്കിനു പേർ ഇത്തരത്തിൽ തിരിച്ചെത്തുന്ന സാഹചര്യം അതീവ ഗൗരവത്തോടെയും സൂക്ഷ്മതയോടെയും സംസ്ഥാനം കൈകാര്യം ചെയ്യും. അതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർണായക പങ്ക് വഹിക്കാനുണ്ട്. ഇതേ ജാഗ്രത ഇതേ സൂക്ഷ്മതയോടെ ഇനിയും തുടരണമെന്നർത്ഥം.

**മഴക്കാലപൂർവ്വ ശുചീകരണത്തിൽ യാതൊരുവിധ അലംഭാവവും പാടില്ലെന്ന് സംസ്ഥാന സർക്കാർ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഈ വർഷത്തെ മഴക്കാലപൂർവ്വ മുന്നൊരുക്കങ്ങൾ കൊറോണ ദുരന്തത്തിനെതിരായ പ്രതിരോധത്തിന്റെ ഭാഗമായിക്കൂടി കാണണം.**

## മഴക്കാലപൂർവ്വ ശുചീകരണം

കേരളത്തിൽ കാലവർഷം എത്താൻ ഏതാനും ആഴ്ചകൾ കൂടിയേ ബാക്കിയുള്ളൂ. നമ്മുടേതു പോലുള്ള ഉഷ്ണമേഖലാ പ്രദേശങ്ങളിൽ മഴക്കാലത്തിന്റെ തുടക്കത്തിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാനുള്ള സാധ്യത കൂടുതലാണ്. മഴക്കാലപൂർവ്വ ശുചീകരണത്തിൽ യാതൊരു വിധ അലംഭാവവും പാടില്ലെന്ന് സംസ്ഥാന സർക്കാർ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഈ വർഷത്തെ മഴക്കാലപൂർവ്വ മുന്നൊരുക്കങ്ങൾ കൊറോണ ദുരന്തത്തിനെതിരായ പ്രതിരോധത്തിന്റെ ഭാഗമായിക്കൂടി കാണണം.

ഉൽപ്പാദനമാന്ദ്യവും വിപണിയുടെ നാശവും ഓഹരി വിപണിയുടെ തകർച്ചയും അടക്കം വാർഷിക വരുമാനത്തിന്റെ പലമടങ്ങ് ഒലിച്ചുപോകുന്ന സാമ്പത്തിക ദുരന്തമാണ് ലോകത്തെ തുറിച്ചുനോക്കുന്നത്. മാന്ദ്യത്തിന്റെ ചുഴിയിൽപെട്ട ലോക സമ്പദ്‌വ്യവസ്ഥ കൂടുതൽ കൂപ്പുകുത്തും. ദാരിദ്ര്യവും തൊഴിലില്ലായ്മയും രൂക്ഷമാകും. ഇവിടെയാണ് നമ്മൾ പിന്നെയും വ്യത്യസ്തരാകുന്നത്. കേരളം ഈ കൊറോണക്കാലത്തെ എങ്ങനെ നേരിടുന്നുവെന്നത് ഈ മഹാമാരിയുടെ സാമ്പത്തികവും സാമൂഹ്യവുമായ പ്രത്യാഘാതങ്ങളെ എങ്ങനെ നേരിടാനിരിക്കുന്നു എന്നതിന്റെ നിശ്ശബ്ദമായ പ്രഖ്യാപനംകൂടിയാണ്. മുഖ്യമന്ത്രി പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ അതിജീവന പാക്കേജ് നടപ്പാക്കൽ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു. നമുക്ക് ഒരുമിച്ചുനിൽക്കാം. ഉറച്ച ചുവടുകളോടെ. □




## കൊറോണക്കാലത്തെ തദ്ദേശസ്വയംഭരണം

# പാഠങ്ങളും വെല്ലുവിളികളും

■ **ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.**

കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, രോഗ പ്രതിരോധത്തിന്റെ കേരള മാതൃക മറ്റ് സംസ്ഥാനങ്ങളും പകർത്തണമെന്ന നിർദ്ദേശം വ്യാപകമായി ഉയരുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തിവരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണെന്നതിൽ സംശയമില്ല.

കഴിഞ്ഞ കാൽനൂറ്റാണ്ടിൽ കേരളത്തിന്റെ തദ്ദേശഭരണരംഗം ഏതുവിധം മാറിത്തീർന്നു എന്നതിന്റെ അനുഭവസാക്ഷ്യമാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന പങ്കാളിത്തത്തോടെ നടന്നുവരുന്ന കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നൽകുന്നത്. എഴുപത്തിമൂന്ന്, എഴുപത്തിനാല് ഭരണഘടനാ ഭേദഗതികളുടെയും 1994 ലെ കേരള പഞ്ചായത്ത്‌രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളുടെയും പശ്ചാത്തലത്തിൽ, ഒരു ജനാധിപത്യ പരീക്ഷണം എന്ന നിലയിൽ 1996 ൽ ആരംഭിച്ച ജനകീയാസൂത്രണം, ഭരണ സംവിധാനത്തിന് ജനങ്ങളിൽ നിന്നുള്ള അകലം വലിയൊരു പരിധിവരെ ഇല്ലാതാക്കിയിരിക്കുന്നു.

കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, രോഗ പ്രതിരോധത്തിന്റെ കേരള മാതൃക മറ്റ് സംസ്ഥാനങ്ങളും പകർത്തണമെന്ന നിർദ്ദേശം വ്യാപകമായി ഉയരുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തിവരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണെന്നതിൽ സംശയമില്ല. വൻവിഭവങ്ങൾ ചെലവഴിച്ച് കെട്ടിപ്പടുത്ത അടിസ്ഥാന സൗകര്യങ്ങളും പതിറ്റാണ്ടുകൾ കൊണ്ട് നേടിയെടുത്ത വികസന സംസ്കാരവും നയപരവും രാഷ്ട്രീയവുമായി അവസരത്തിനനുസരിച്ച് എടുത്ത സർക്കാർ തീരുമാനങ്ങളുമാണ് ഈ മാതൃക സാധ്യമാക്കിയത്. കേരളത്തിലെ കൊവിഡ് മഹാമാരിക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങളുടെ വികേന്ദ്രീകൃത സ്വഭാവവും ഏകോപനത്തിലെ മികവും ഇതിന്റെ തുടർച്ചയാണ്.

ദീർഘകാല, ഹ്രസ്വകാല ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള വികസന പ്രവർത്തനങ്ങൾക്ക് അധികാരവികേന്ദ്രീകരണം സഹായകരമാണെന്ന കാര്യത്തിൽ ഇന്ന് തർക്കമില്ല. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണം അധികാര സമവാക്യങ്ങളിൽ വരുത്തിയ പൊളിച്ചെഴുത്ത് വലുതാണ്. തനിക്കെന്ത് ലാഭം എന്നതിന്റെ അടിസ്ഥാനത്തിൽ ഭരണത്തെ വിലയിരുത്തിയിരുന്ന സ്ഥാനത്താണ് താൻ ഭരണകൂടം തന്നെയാണെന്ന പുതിയ ബോധ്യം ജനങ്ങൾക്ക് കൈവരുന്നത്. പങ്കുവയ്പിനോടുള്ള വിമുഖതയാണ് അധികാരത്തിന്റെ പ്രത്യേകതയായി പൊതുവെ കരുതപ്പെടുന്നത്. എന്നാൽ, ജനകീയ അധികാരം രൂപപ്പെടുന്നത് തന്നെ പങ്കുവയ്പിലൂടെയാണ്. ഉദ്യോഗസ്ഥർ ജനസേവകരായാൽ ഔദ്യോഗിക നടപടിക്രമങ്ങൾക്കും ജനങ്ങൾക്കും ഇടയിലെ വിടവും കാലതാമസവും ഇല്ലാതാവും.



*കൊവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന പ്രവർത്തനം പഞ്ചായത്ത് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായി അവലോകനം ചെയ്യുന്നു.*

### കേരളം എന്ന പാഠപുസ്തകം

വിദഗ്ധരും ഉയർന്ന പദവിയിലുള്ള ഉദ്യോഗസ്ഥരും മാത്രം കൈകാര്യം ചെയ്തു പോന്ന ആസൂത്രണ പ്രക്രിയ സാധാരണക്കാരായ ജനങ്ങൾ ഉൾപ്പെട്ട ഒരു സംവിധാനത്തിനും വഴങ്ങുമെന്ന് ജനകീയാസൂത്രണം തെളിയിച്ചു. ജനകീയാസൂത്രണം നടപ്പിലാകുന്നതുവരെ സംസ്ഥാനത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ ജില്ലകൾക്ക് വീതം വച്ച് നല്കുകയും, പ്രാദേശിക അനുയോജ്യതയും ആവശ്യമായ പ്രാദേശിക പരിഗണനകളും ഇല്ലാതെ നിശ്ചിതപദ്ധതികൾ നടപ്പിലാക്കേണ്ട അവസ്ഥയുമായിരുന്നു നിലനിന്നിരുന്നത്. എന്നാൽ പഞ്ചായത്ത് രാജ് നിമയം 1994 ൽ നിലവിൽ വന്നതോടെ അധികാരത്തിനൊപ്പം വിഭവങ്ങളും ഉത്തരവാദിത്തങ്ങളും കൂടി വികേന്ദ്രീകരിച്ച് താഴെ തട്ടിലേക്ക നല്കാൻ സാധിച്ചു. ഇത്തരം കാര്യങ്ങളിൽ താൽപ്പര്യവും വൈദഗ്ധ്യവുമുള്ള പൊതുപ്രവർത്തകരുടെയും സന്നദ്ധപ്രവർത്തകരുടെയും ഒരു നിര താഴെതട്ടിൽ വളർന്നുവന്നു. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന, പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ശ്രദ്ധയൂന്നുന്ന ഒരു പുതിയ വികസന സംസ്കാരം രൂപപ്പെട്ടു. പ്രധാന തീരുമാനങ്ങൾ എടുക്കാനുള്ള അധികാരവും അവസരവും നേരിട്ട് ഗുണഭോക്താക്കളായ ജനങ്ങൾക്ക് ലഭിക്കുന്ന സാഹചര്യം സംജാതമായി. കുടുംബശ്രീ അടക്കമുള്ള സ്വയംസഹായ സംഘങ്ങളും ആദിവാസി ഊരുകൂട്ടങ്ങൾ മുതൽ പാടശേഖര സമിതികൾ വരെയുള്ള ജനകീയ സംവിധാനങ്ങളും ഇതിന് കരുത്ത് പകർന്നു. അധികാരവികേന്ദ്രീകരണം നടപ്പിലായതോടെ പൊതുആരോഗ്യകേന്ദ്രങ്ങൾ, പൊതുവിദ്യാലയങ്ങൾ, അങ്കണവാടികൾ, ഗ്രന്ഥശാലകൾ തുടങ്ങിയവയ്ക്ക് അന്നോളം ഇല്ലാതിരുന്ന പരിഗണനയും ശ്രദ്ധയും ലഭിച്ചു. പാർപ്പിടം, ശുചിത്വം എന്നീ രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടം തന്നെ ദൃശ്യമായി. ഉൽപ്പാദന, സേവന രംഗങ്ങളും അഭൂതപൂർവ്വമായ വികസനത്തിന് സാക്ഷ്യം വഹിച്ചു. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദേശീയ തലത്തിലും അതിലപ്പുറവും ശ്രദ്ധേയമായ മാതൃകകൾ സൃഷ്ടിച്ചു.

ദേശീയ, അന്തർദ്ദേശീയ തലങ്ങളിലെ വികസന വിദഗ്ധർ ജനകീയാസൂത്രണത്തെ അതിന്റെ തുടക്കം മുതൽ പ്രശംസിച്ചു. രാഷ്ട്രപതിയുടെ റിപ്പബ്ലിക് ദിന പ്രസംഗങ്ങളിലും പ്രധാനമന്ത്രിയുടെ ഔദ്യോഗിക സന്ദേശങ്ങളിലും പ്രസംഗങ്ങളിലും അത് പലവുരു ആവർത്തിച്ചു. കേന്ദ്ര പഞ്ചായത്ത്രാജ്, നഗര വികസന വകുപ്പുകളും ഗ്രാമവികസന മന്ത്രാലയവും കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തെ എത്രയെങ്കിലും വട്ടം അഭിനന്ദിച്ചു. കേന്ദ്ര ആസൂത്രണ കമ്മീഷനും അതിന്റെ രേഖകളിൽ കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ ദൗത്യം പലവുരു പരാമർശിച്ചു. രാജ്യാന്തര പ്രശസ്തി നേടിയ നിരവധി വിദേശ ജേണലുകളിൽ ഇത് സംബന്ധിച്ച് വിദഗ്ധരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മാത്രമല്ല വിദേശരാജ്യങ്ങളിൽനിന്ന് വികസന പ്രവർത്തകരും വിദഗ്ധരുമടങ്ങുന്ന നിരവധി ദൗത്യസംഘങ്ങൾ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിശേഷിച്ച് ഗ്രാമപഞ്ചായത്തുകൾ, സന്ദർശിച്ചു. നമ്മുടെ വികേന്ദ്രീകൃതാസൂത്രണം വ്യത്യസ്തങ്ങളായ വിലയിരുത്തലുകൾക്കും വ്യാഖ്യാനങ്ങൾക്കും വിധേയമായി.

അടിയന്തര സാഹചര്യങ്ങൾ നേരിടാൻ സജ്ജമായ ജനകീയ സംവിധാനങ്ങൾ ഒരുക്കുക എന്നത് വികസനത്തിന്റെ, വിശേഷിച്ച് പങ്കാളിത്ത വികസനത്തിന്റെ, മുൻഗണനകളിൽ ഒന്നാണ് എന്ന് നാം വളരെ മുമ്പേ മനസ്സിലാക്കിയിരുന്നു. എന്നാൽ ദുരന്തനിവാരണം, പകർച്ചവ്യാധികളുടെ വ്യാപനം തടയൽ തുടങ്ങിയ കാര്യങ്ങളിൽ താഴേതട്ടിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും ഏകോപനവും കഴിഞ്ഞുപോയ വർഷങ്ങളിലൂടെ നമുക്ക് സാധ്യമായിയെന്നത് കൊവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ശാസ്ത്രീയമായി തദ്ദേശീയ തലത്തിൽ തന്നെ കുറ്റമറ്റ രീതിയിൽ ആസൂത്രണം ചെയ്യുന്നതിന് കാരണമായി എന്നു കാണാം.

### ജനത്തിനു വേണ്ടി ജനങ്ങളാൽ

കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾ

ക്ക് അടിയന്തര സേവനങ്ങൾ ഉറപ്പാക്കുന്നതിനും വേണ്ടി പഞ്ചായത്ത്, നഗരകാര്യ വകുപ്പുകളെ സർക്കാർ അവശ്യസർവ്വീസ് ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. വാസ്തവത്തിൽ, വിവിധങ്ങളായ അവശ്യസേവനങ്ങളെ താഴേതട്ടിൽ ഒരു കുടക്കീഴിൽ എന്നപോലെ ഏകോപിപ്പിക്കുന്ന ദൗത്യമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നത്. രോഗവ്യാപനം തടയുന്നതിനും കുടിവെള്ളം, ഭക്ഷണം മുതലായ അവശ്യവസ്തുക്കൾ ജനങ്ങൾക്ക് ഫലപ്രദമായി എത്തിക്കുന്നതിനും ആരോഗ്യ പ്രവർത്തകരും പോലീസും മറ്റു അവശ്യസർവ്വീസ് ജീവനക്കാരും അവർക്കൊപ്പം ജനപ്രതിനിധികളും നടത്തുന്ന ഇടപെടലുകൾക്ക് ജനപിന്തുണ സമാഹരിക്കുകയും പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കും പങ്കാളിത്തവും ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ബൃഹത്തായ ദൗത്യം നിർവ്വഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

ജനങ്ങളുടെ ധാർമ്മിക അനുഭാവവും ജനകീയ പിന്തുണാ സംവിധാനങ്ങളുടെ കരുത്തുമില്ലാതെ ഇത് വിജയമാവുകയില്ല. ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങൾക്ക് ഇതിൽ പ്രധാന പങ്കുണ്ട്. മാർച്ച് 25ന് കമ്മ്യൂണിറ്റി കിച്ചൻ എന്ന ആശയം മുഖ്യമന്ത്രി അവതരിപ്പിച്ച് 36 മണിക്കൂറിനകം 700 ൽ അധികം കിച്ചനുകൾ സജീവമായി. നാല് ദിവസത്തിനകം 1,034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി കിച്ചൻ ഒരുങ്ങി. ഏപ്രിൽ 15 ന്റെ കണക്കനുസരിച്ച്

> ജനങ്ങളെ ശല്യക്കാരായി കാണുന്ന ഒരു സംവിധാനത്തിനും ഇനി ഭാവിയില്ല. ജനങ്ങളുടെ പിന്തുണയും പങ്കാളിത്തവുമാണ് ഏതൊരു അധികാര സ്ഥാപനത്തിന്റെയും ശക്തി. പ്രാദേശിക ഭരണകൂടങ്ങൾ എന്ന വിശേഷണത്തിന് അർഹമാവും വിധം നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുകയാണ്.

4378813 ഭക്ഷണപൊതികൾ ഇവിടങ്ങളിൽ നൽകി. ഇതിൽ 39 ലക്ഷവും സൗജന്യമാണ്. ഇതിൽ 40 ലക്ഷത്തിൽ അധികവും ഹോം ഡെലിവറി ആണെന്നിരിക്കെ, ഇതിന് വേണ്ടി വരുന്ന മനുഷ്യാധ്വാനവും ആൾശക്തിയും ഊഹിക്കാവുന്നതേയുള്ളൂ. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിന്റെ തൊട്ടടുത്ത ദിവസം തന്നെ നഗര-ഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്ത് ഒരിടത്തും ഒരാൾക്കു പോലും തെരുവിൽ അന്തിയുറങ്ങേണ്ട സ്ഥിതിയില്ലെന്ന് ഉറപ്പുവരുത്തി. നഗരങ്ങളിൽ 2,321 പേരെയും ഗ്രാമങ്ങളിൽ 489 പേരെയും ഇത്തരത്തിൽ പുനരധിവസിപ്പിച്ചു. ഇതുപോലുള്ള ബഹുമുഖ പ്രവർത്തനങ്ങളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നിൽത്തന്നെയുണ്ട്.

### കൊവിഡ് കാലത്തെ തദ്ദേശസ്വയംഭരണം

സാക്ഷരത, പൊതുവിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ ശുചിത്വം, പ്രാദേശിക സാമ്പത്തിക വികസനം, പിന്നോക്ക - ദുർബല വിഭാഗങ്ങളുടെ ഉന്നമനം തുടങ്ങിയ ദൗത്യങ്ങൾ ജനപങ്കാളിത്തത്തോടെ വിജയത്തിൽ എത്തിച്ചാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണം ലോകശ്രദ്ധ നേടിയത്. പകർച്ചവ്യാധികൾ, പ്രകൃതി ക്ഷോഭങ്ങൾ മുതലായ അടിയന്തര സാഹചര്യങ്ങൾ നേരിടേണ്ടി വരുമെന്ന കരുതലോ കണക്കുകൂട്ടലുകളോ, പൊതുവിൽ പറഞ്ഞാൽ നമുക്ക് ഉണ്ടായിരുന്നില്ല. എന്നിരുന്നാലും 2018ലെ മഹാപ്രളയത്തെ നേരിടുന്നതിൽ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണ്ണായക പങ്കുവഹിച്ചു. സർക്കാർ ഇടപെടലുകളും സന്നദ്ധ പ്രവർത്തകരുടേതടക്കമുള്ള മുൻകൈ പ്രവർത്തനങ്ങളും താഴേതട്ടിൽ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനുള്ള അറിവും അനുഭവസമ്പത്തും ശരവേഗത്തിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും അതിനകം തദ്ദേശഭരണ സ്ഥാപനങ്ങൾ നേടിക്കഴിഞ്ഞിരുന്നു. കൊറോണ വ്യാപനത്തിന് എതിരായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും ലോക്ക്ഡൗൺ കാലത്ത് ജനങ്ങൾ അനു




*പഞ്ചായത്ത് ഡയറക്ടറേറ്റിലെ വാർ റൂം*

ഭവിക്കുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്ന കാര്യത്തിലും അതേ ആർജ്ജവവും നേതൃത്വപാടവവും തന്നെയാണ് കേരളത്തിലെ പ്രാദേശിക സർക്കാരുകൾ, വിശേഷിച്ച് ഗ്രാമപഞ്ചായത്തുകൾ, പ്രകടിപ്പിക്കുന്നത്.

941 ഗ്രാമപഞ്ചായത്തുകളിലായി 1,031 സമൂഹഅടുക്കളകളാണ് പഞ്ചായത്തുകൾ സജ്ജമാക്കിയത്. ഭൂരിഭാഗം അടുക്കളകൾക്കും വേണ്ട അവശ്യവസ്തുക്കൾ സന്നദ്ധ സഹായമായാണ് പഞ്ചായത്തുകൾ സമാഹരിക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ ജനങ്ങൾക്ക് ന്യായവിലയ്ക്ക് ഭക്ഷണം നൽകുന്നതിന് 134 ജനകീയ ഹോട്ടലുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ 20 രൂപയ്ക്കാണ് ഊണ് നൽകുന്നത്. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട പഞ്ചായത്തുകൾ രൂപീകരിച്ച 48,817 അടിയന്തര പ്രതികരണ ടീം അംഗങ്ങളാണ് (Rapid Response Team) ഭക്ഷണ പൊതികളും മരുന്നും മറ്റ് അവശ്യ സാധനങ്ങളും ജനങ്ങൾക്ക് എത്തിച്ചു നൽകുന്നത്. വീട്ടുകളിൽ ഐസൊലേഷനിൽ കഴിഞ്ഞുവരുന്ന രണ്ടു ലക്ഷത്തോളം പേർ പുറത്തിറങ്ങി സമൂഹവുമായി ഇടപെടുന്നില്ല എന്നുറപ്പാക്കാനും അവരെ നിരീക്ഷിക്കുന്നതിനുമായി 15,898 വാർഡുതല നിരീക്ഷണ കമ്മിറ്റികളെയാണ് നിയോഗിച്ചിരിക്കുന്നത്. 15,962 വാർഡുതല ഹെൽത്ത് കമ്മിറ്റികളും 15,962 ആരോഗ്യ ജാഗ്രതാ സമിതികളും വയോജനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങളിലെ കുടുംബങ്ങൾ, തീരദേശവാസികൾ, ചേരി നിവാസികൾ, കെയർഹോം നിവാസികൾ തുടങ്ങി പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങളെ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച രോഗത്തെ ജാഗ്രതയോടെ പ്രതിരോധിക്കുന്നതിന് സജീവമായ ഇടപെടൽ നടത്തുന്നുണ്ട്.

സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ കൊവിഡ് 19 ഹോട്ട്സ്പോട്ട് ആകാൻ സാധ്യതയുള്ള 67 പഞ്ചായത്തുകളിൽ ഏതു അത്യാവശ്യ സാഹചര്യത്തെയും നേരിടുന്നതിനു ഫസ്റ്റ് ലൈൻ ചികിത്സാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നിലവിലുള്ള കൊവിഡ് കെയർ സെന്ററുകൾക്കും ഐസൊലേഷൻ സെന്ററുകൾക്കും പുറമെ കൊവിഡ് കെയർ സെന്ററുകളായി പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ 2,378 കെട്ടിടങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് അനുയോജ്യമായ 1,383 കെട്ടിടങ്ങളും കണ്ടെത്തിയിട്ടുണ്ട്

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ നിലവിലുള്ള മെഡിക്കൽ ആഫീസർക്ക് പുറമെ 204 പേരെ അധികമായി പഞ്ചായത്തുകൾ തനതു ഫണ്ടിൽ നിന്നും ശമ്പളം നൽകി നിയോഗിച്ചിട്ടുണ്ട്. ഇവ കൂടാതെ അവശ്യഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനു പഞ്ചായത്ത് പരിധിയിലുള്ള 3,396 ഡോക്ടർമാർ, 5,851 നേഴ്സ്മാർ, 4,086 പാരാമെഡിക്കൽ ജീവനക്കാർ, 1,280 ലാബ് ടെക്നീഷ്യന്മാർ, 3,410 മെഡിക്കൽ വിദ്യാർത്ഥികൾ, 7,730 പാലിയേറ്റിവ് കെയർ പ്രവർത്തകർ എന്നിവരുടെ റിസർവ്വ് പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള ലേബർ ക്യാമ്പുകൾ കൂടാതെ അതിഥി തൊഴിലാളികളെ പാർപ്പിക്കുന്നതിന് 20 താൽക്കാലിക ലേബർക്യാമ്പുകൾ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലുള്ള 29,749 അതിഥിതൊഴിലാളി സെറ്റിൽമെന്റുകളിൽ സമൂഹ അടുക്കള പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഗ്രാമപഞ്ചായത്തുകൾ ഒരുക്കിയിട്ടുണ്ട്

ഒമ്പതാം പഞ്ചവൽസര പദ്ധതിക്കാലത്ത് തുടങ്ങി വച്ച ജനകീയാസൂത്രണം എന്ന വികസനദൗത്യം അഞ്ചു പഞ്ചവൽസര പദ്ധതികളിലൂടെ കടന്ന് കൂടുതൽ പ്രസക്തിയും പ്രാധാന്യവും കൈവരിച്ചിരിക്കുന്നു. ഘടനാപരമായ പരിഷ്ക്കാരങ്ങളിലൂടെ ഇനിയും അതെത്ര മാത്രം ശക്തിപ്പെടുത്താൻ കഴിയും എന്ന ആലോചനയാണ് ഇപ്പോൾ നടക്കുന്നത്. പ്രഖ്യാപിത നയങ്ങളും വ്യവസ്ഥാപിത നടപടിക്രമങ്ങളും കവച്ചുവയ്ക്കുന്ന ജനകീയ ഇടപെടൽ കൊണ്ടാണ് കേരളം കൊറോണക്കാലത്ത് വ്യത്യസ്തമാകുന്നത്. ഈ വാക്കുകൾ കുറിക്കുമ്പോൾ ലോകത്തെവിടെയെങ്കിലും കൊറോണ കേസുകൾ തുടർച്ചയായ ദിവസങ്ങളിൽ കുറയുന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിൽ, അത് കേരളത്തിൽ മാത്രമാണ്. മുഖ്യമന്ത്രി പറഞ്ഞതു പോലെ, അതിന്റെ ക്രെഡിറ്റ് ജനങ്ങൾക്കിരിക്കട്ടെ. ജനകീയാസൂത്രണം കെട്ടിപ്പടുത്ത പിന്തുണാ സംവിധാനങ്ങളും കാൽ നൂറ്റാണ്ടുകാലത്തെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അനുഭവങ്ങൾ കരുപ്പിടിപ്പിച്ച വികസന സംസ്കാരവും ഇതിൽ പ്രധാന പങ്കുവഹിച്ചു.

**ഈ വൈറസിനെ രാജ്യത്തു നിന്ന് തുടച്ചു നീക്കുന്നതുവരെ ഇതേ ജാഗ്രത നിലനിർത്തണം. അതിന് സർക്കാർ സംവിധാനങ്ങളെ മാത്രം ആശ്രയിച്ചാൽ പോരാ. പ്രാദേശിക സർക്കാരുകളുടെ പങ്ക് ഓരോ ദിവസവും കൂടുതൽ പ്രധാനമാവുകയാണ്.**

## മഹാപ്രളയവും മഹാമാരിയും തരുന്ന പാഠം

2018-ലെ മഹാപ്രളയവും ഇപ്പോഴത്തെ മഹാമാരിയും നേരിട്ടതിന്റെ അനുഭവം, സൂക്ഷ്മതല ജാഗ്രതയുടെ ഗൗരവം വ്യക്തമാക്കുന്നതാണ്. ഓരോ പ്രോജക്ടിന്റെ രൂപീകരണഘട്ടത്തിലും അതിനുവേണ്ടിയുള്ള ഡാറ്റാ ശേഖരണം നടത്തുന്ന രീതിയെ ആശ്രയിച്ച് അടിയന്തര സാഹചര്യങ്ങളെ നേരിടാനാവില്ല. പ്രാദേശിക സർക്കാരുകളുടെ പക്കൽ അവയുടെ ദൈനംദിന ഭരണത്തിന് ആവശ്യമുള്ള വിവരങ്ങൾ മാത്രം ഉണ്ടായാൽ പോരാ. ജനസംഖ്യാശാസ്ത്രപരവും ഭൂമിശാസ്ത്രപരവുമായ തൽസ്ഥിതി വിവരങ്ങളുടെ ആകത്തുകയായാവണം പ്രാദേശിക സർക്കാരുകൾ നടത്തുന്ന ഇടപെടലുകളുടെ അടിസ്ഥാനം. ഓരോ പ്രോജക്ടും അതിന്റെ നിർവ്വഹണം നടക്കുന്ന മുറയ്ക്ക് മുഴുവൻ വിശദാംശങ്ങളോടെ ഡാറ്റാ ശേഖരത്തിന്റെ ഭാഗമാവണം. തുടർ പ്രവർത്തനങ്ങൾക്ക് അത് മുതൽക്കൂട്ടാവണം. പ്രത്യേക അവശതയനുഭവിക്കുന്ന വിഭാഗങ്ങളെയും പിന്നാക്ക പ്രദേശങ്ങളെയും പടിപടിയായി ഉയർത്തിക്കൊണ്ടു വരാനുള്ള നടപടികൾക്ക് ഈ വിവരബാങ്ക് പ്രയോജനപ്പെടണം. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ തക്കവണ്ണം ഈ വിവരങ്ങൾ ക്രമീകരിക്കുകയും അനുഭവപാഠങ്ങൾ ശേഖരിക്കുകയും വേണം.

ജനങ്ങളെ ശല്യക്കാരായി കാണുന്ന ഒരു സംവിധാനത്തിനും ഇനി ഭാവിയില്ല. ജനങ്ങളുടെ പിന്തുണയും പങ്കാളിത്തവുമാണ് ഏതൊരു അധികാര സ്ഥാപനത്തിന്റെയും ശക്തി. പ്രാദേശിക ഭരണകൂടങ്ങൾ എന്ന വിശേഷണത്തിന് അർഹമാവും

വിധം നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുകയാണ്. സാങ്കേതികമായി പറഞ്ഞാൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരില്ല എന്നു കരുതിയ വിഷയമേഖലകളിൽ പലതും അവയ്ക്ക് കൂടുതൽ ഇണങ്ങുന്നതാണെന്ന് വ്യക്തമായിരിക്കുന്നു.

പ്രാദേശിക സാമ്പത്തികവികസനം, സാമൂഹ്യനീതി ഉറപ്പുവരുത്തൽ എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കൊപ്പം അതേ പ്രാധാന്യത്തോടെ അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള അടിസ്ഥാന മുന്നൊരുക്കങ്ങളും തയ്യാറെടുപ്പുകളും നടത്തണം. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ ജനങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ സംബന്ധിച്ച ഏതുതരത്തിലും ക്രോഡീകരിക്കാവുന്ന വിവരങ്ങൾ, വെള്ളപ്പൊക്കവും മണ്ണിടിച്ചിലും പോലുള്ള പ്രകൃതിദുരന്തങ്ങൾ ബാധിക്കാനിടയുള്ള പ്രദേശങ്ങളുടെ ഭൂപടം അടക്കമുള്ള വിശദവിവരങ്ങൾ, അത്തരം സ്ഥലങ്ങളിൽ താമസിക്കുന്നവരുടെയും പ്രത്യേക പരിഗണന അർഹിക്കുന്നവരുടെയും വിശദാംശങ്ങൾ, അടിയന്തര സാഹചര്യങ്ങളിൽ പുനരധിവാസത്തിനടക്കമുള്ള സൗകര്യങ്ങൾ ഒരുക്കാൻ അവലംബിക്കാവുന്ന മാർഗ്ഗങ്ങൾ സംബന്ധിച്ച കാലേക്കൂട്ടിയുള്ള ധാരണ എന്നിവ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഉണ്ടാവണം. വിരൽത്തുമ്പിൽ ഈ വിവരങ്ങൾ പുതിയ കാലഘട്ടം ആവശ്യപ്പെടുന്നു. തയ്യാറെടുപ്പുകൾക്ക് സമയവും സാവകാശവും ഇല്ലാതിരുന്നിട്ടും ഈ കൊറോണക്കാലത്ത് കേരളം ചെയ്തു കാണിച്ചത് അതുതന്നെയാണ്. എന്തു ചെയ്യണമെന്നും എങ്ങനെ ചെയ്യണമെന്നും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി അറിയാം എന്നർത്ഥം.

കൊറോണ വ്യാപനം സൃഷ്ടിച്ച യുദ്ധസമാന സാഹചര്യത്തെ സമചിത്തതയോടെ നേരിടാൻ നമുക്കാവുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കടക്കീഴിൽ തികഞ്ഞ ഏകോപനത്തോടെ പ്രവർത്തിക്കുന്ന സാമൂഹ്യ സംവിധാനങ്ങളുടെ കരുത്തിലാണ്. ഇന്നത്തെ സാഹചര്യം ഇനിയും എത്രനാൾ നീണ്ടുനിൽക്കുമെന്ന് പറയാറായിട്ടില്ല. കേരളത്തിന്റേതിൽ നിന്ന് വ്യത്യസ്തമായി, അയൽ സംസ്ഥാനങ്ങളിലെ സ്ഥിതി അനുദിനം വഷളാവുകയാണ്. അതീവ അപകടകരമായ സാമൂഹ്യവ്യാപനത്തിന് സാധ്യതയുള്ള ഈ വൈറസിനെ രാജ്യത്തു നിന്ന് തുടച്ചു നീക്കുന്നതുവരെ ഇതേ ജാഗ്രത നിലനിർത്തണം. അതിന് സർക്കാർ സംവിധാനങ്ങളെ മാത്രം ആശ്രയിച്ചാൽ പോരാ. പ്രാദേശിക സർക്കാരുകളുടെ പങ്ക് ഓരോ ദിവസവും കൂടുതൽ പ്രധാനമാവുകയാണ്.

സംസ്ഥാനം അഭിമുഖീകരിച്ച രണ്ടു മഹാപ്രളയങ്ങൾക്കുശേഷം ഓരോ പഞ്ചായത്തും ദുരന്തനിവാരണത്തിന് പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുകയും അടിയന്തരപ്രതികരണ ടീമുകൾ രൂപീകരിക്കുകയും ചെയ്തിരുന്നു. 622 പഞ്ചായത്തുകളിൽ ഇത്തരത്തിൽ തയ്യാറാക്കിയ ദുരന്തനിവാരണ പദ്ധതി രോഗവ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു സഹായകമായിട്ടുണ്ട്. സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ താഴേതട്ടിൽ യാഥാർത്ഥ്യമാക്കാൻ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിനന്ദനങ്ങൾ. രാജ്യം കൊറോണ മുക്തമാകുന്നതുവരെ നമുക്കീ ജാഗ്രത തുടരാം. ഈ അനുഭവ പാഠങ്ങൾ ഭാവി പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാം. □

*ലേഖിക പഞ്ചായത്ത് ഡയറക്ടറാണ്*



## കൊവിഡ് കാലം കടക്കാൻ 3711.4 കോടിയുടെ ക്ഷേമപെൻഷൻ

കൊവിഡ് കാലത്ത് സാമൂഹ്യ സഹായ പെൻഷൻ ഇനത്തിൽ സംസ്ഥാന സർക്കാർ വിതരണം ചെയ്തത് 3711.4 കോടി രൂപ. ഇതിൽ 1888.43 കോടിയും വാർധക്യകാല പെൻഷനാണ്. കർഷകത്തൊഴിലാളി പെൻഷനായി 340.73 കോടിയും വികലാംഗ പെൻഷൻ ഇനത്തിൽ 322.7 കോടിയും വിധവാ പെൻഷനായി 1056.8 കോടി രൂപയും നൽകി. 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷനായി 102.7 കോടി രൂപ വിതരണം ചെയ്തു. 44,04,525 പേർക്കാണ് വിവിധ സാമൂഹ്യ സഹായ പെൻഷനുകളുടെ ആനുകൂല്യം ലഭിച്ചത്.



# "ഉഷസ് തച്ചിത്രമാ ഭരാസ്മഭ്യം വാജിനീവതി യേന തോകം ച തനയം ച ധാമഹേ"

■ **എം.പി. അജിത് കുമാർ**

ആൽപ്സിന്റെ താഴ്‌വരകളിൽ നിന്ന് അറ്റ്ലാന്റിക്കിന്റെ തീരങ്ങളിൽ നിന്ന് വിദൂര പൂർവ്വ ദേശങ്ങളിൽ നിന്ന് ഒക്കെയും മുഴങ്ങുന്ന നിലവിളികൾക്ക് ഒരേ സ്വരം. അജ്ഞാതമായ ഏതോ ഉറവിടങ്ങളിൽ നിന്ന് പുറപ്പെടുന്ന വിഷ ബീജങ്ങൾ സന്തുലനാവസ്ഥയിലായിരുന്ന ജീവിതചക്രത്തെ ഭ്രമണപഥത്തിൽ നിന്ന് തള്ളിവിട്ടപ്പോൾ ഉണ്ടായ ദുരന്തങ്ങളിൽ നിന്നുമുണ്ടായ നിസ്സഹായതയുടെ, നിരാലംബതയുടെ സ്വരം.

ഇറ്റാലിയൻ നഗരങ്ങളിൽ പിറന്ന് റോമൻ സംസ്കാരത്തിന്റെ ജലകുംഭങ്ങളിൽ നിന്ന് പാനം ചെയ്ത് യവനസംസ്കാരത്തിന്റെ ശ്ലഥമായ ചവിട്ടു പടികളിലിരുന്ന് മനനം ചെയ്ത് വളർന്ന യൂറോപ്യൻ നാഗരികതയുടെ സാങ്കേതികത്വം ലോകം മുഴുവൻ പടർന്ന് ശാസ്ത്ര രംഗത്തെ നവോത്ഥാനത്തിന് തുടക്കം കുറിച്ച് സാങ്കേതിക വിദ്യകളുടെ കിടയറ്റ പ്രഭാവത്തിലേക്ക് ലോകത്തെ തള്ളിവിട്ട നിമിഷം മുതൽ ഉദയം ചെയ്ത ജൈവ ചംക്രമണ വ്യവസ്ഥകളിന്മേലുള്ള കടന്നുകയറ്റം അതിന്റെ പരിണാമ ഗുപ്തിയിൽ ആധുനിക ശാസ്ത്രത്തിന്റെ പിള്ളത്തൊട്ടിലായിരുന്ന ഇറ്റാലിയൻ നഗങ്ങളെത്തന്നെ മരണ നൃത്തത്തിന് വേദിയാക്കിയെന്നത് വിരോധാഭാസമായി തോന്നാം.

വൈദ്യശാസ്ത്രത്തിന്റെ അശ്വമേധത്തെ വിസ്മയത്തോടെ നോക്കി നിന്ന നരവംശം ഇന്ന് ശാസ്ത്രത്തിന്റെ താൽക്കാലിക പരാജയത്തെയോർത്ത് വിലപിക്കുന്നു. അതേസമയം കഠോരമായ ഈ പതനത്തിൽ നിന്ന് ശാസ്ത്രം അതിന്റെ പ്രഭാവത്തെ വീണ്ടെടുക്കുമെന്നും പ്രതീക്ഷിക്കുന്നു. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും പ്രയോഗിക്കുന്ന വൈദ്യശാസ്ത്രത്തിന്റെ പോരാട്ടങ്ങളെ പിന്തുണയ്ക്കാം. വൈദ്യശാസ്ത്രത്തിന്റെ പ്രഭാവത്തിന് മാറ്റു കൂട്ടാൻ ആധുനിക വിവര വിജ്ഞാനത്തിന്റെ സമഗ്ര സാധ്യതകളുമുപയോഗിച്ച് ആസൂത്രണം നടത്തുന്ന എല്ലാ പോരാളികളെയും ആദരിക്കാം.

*"ഉഷസ് തച്ചിത്രമാ ഭരാസ്മഭ്യം വാജിനീവതി*
*യേന തോകം ച തനയം ച ധാമഹേ"*
*(യജുർവേദം)*

***"ക്ഷേമത്താൽ സമൃദ്ധമാകുന്ന ഒരു പ്രഭാതം***
***ഞങ്ങളിൽ പ്രകാശം വർഷിക്കട്ടെ"***
***"ഞങ്ങളുടെ സന്താനങ്ങളും പരിപാലിക്കപ്പെടാൻ ഇടവരേണമേ"***

*ലേഖകൻ പഞ്ചായത്ത് അഡീഷണൽ ഡയറക്ടറാണ്*

# തനതായ കാസറഗോഡൻ പ്രതിരോധങ്ങൾ

■ കെ.കെ. റെജികുമാർ

സംസ്ഥാനത്ത് ഏറ്റവും ഗുരുതരമായി കോവിഡ്19 ബാധിച്ച ജില്ലയാണ് കാസർകോഡ്. പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഒരുവേള ഒരു നഗരസഭാ പ്രദേശത്തോടൊപ്പം ആറ് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും ആദ്യം രണ്ടും പിന്നെ മൂന്നും താഴിട്ടു പൂട്ടേണ്ടി വന്ന ജില്ല. ഒട്ടേറെ പ്രവാസികളും അതിനൊപ്പം ഭിന്നഭാഷക്കാരും ഭിന്ന സംസ്കാരങ്ങളും ചേർന്ന് ജീവിതോപായത്തിനായി ഇതര സംസ്ഥാനങ്ങളെയും ചേർത്തുപിടിച്ചിരിക്കുന്ന നാട്. സംസ്ഥാനത്ത് തന്നെ ആദ്യമായി മാർച്ച് 21 മുതൽ ഒരാഴ്ച പൊതുഅവധി നൽകുകയും പ്രത്യേക പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടിയും വന്ന കാസർഗോഡിന്. അന്നു മുതൽ തന്നെ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ കൺട്രോൾ റൂം പ്രവർത്തിച്ചു തുടങ്ങി.

ആരോഗ്യ പ്രതിരോധ നടപടികളും ലോക്ക്ഡൗൺ നടപടികളും ജില്ലാ ഭരണകൂടം ഏർപ്പെടുത്തുമ്പോൾ അതിനോട് ചേർന്നും സമാന്തരമായും സാമൂഹ്യസുരക്ഷയ്ക്ക് സംവിധാനമൊരുക്കുകയായിരുന്നു ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ. സാമൂഹികവ്യാപന ഭീഷണിയെ ഫലപ്രദമായി ചെറുക്കുക എന്ന ജില്ലയുടെ പ്രധാനലക്ഷ്യത്തോടൊപ്പം ലോക്ക്ഡൗണിന്റെ ഭാഗമായി ഉയർന്നുവന്ന സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങളെ ജനകീയമായി മാനേജ്ചെയ്യുക എന്ന ദൗത്യമേറ്റെടുത്തത് പഞ്ചായത്തുകളായിരുന്നു. എല്ലാ പഞ്ചായത്തുകളും ദുരന്തനിവാരണ കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിച്ച ആദ്യജില്ല കാസർകോഡാണ്. ഈ രേഖകൾ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രചോദനവും ദിശാബോധവും നൽകാനും കൂട്ടിയിണക്കാനും സാധിച്ചു.

മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ ഗ്രാമപഞ്ചായത്തുകളോടു സംസാരിച്ച മാർച്ച് 19ന് മുമ്പ് തന്നെ ദുരന്ത പ്രതിരോധപ്രവർത്തനങ്ങൾ പഞ്ചായത്തുകൾ ആരംഭിച്ചിരുന്നു. എല്ലാ ഓഫീസുകളിലും 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിനിലൂടെ മുൻകരുതൽ നടപടികൾ ഉറപ്പാക്കിയിരുന്നു. പഞ്ചായത്തുകൾ പ്രത്യേക യോഗം ചേർന്ന് മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി പ്രതിരോധ കർമ്മപരിപാടികൾ രൂപപ്പെടുത്തി. പഞ്ചായത്ത് സെക്രട്ടറിമാരും പി.എ.എസ്. മാരുമായുള്ള വീഡിയോ കോൺഫറൻസ് സംവിധാനവും വാട്ട്സ്ആപ്പ് ഗ്രൂപ്പുകളും ഏർപ്പെടുത്തി. ദുരന്ത സാഹചര്യത്തിലും എല്ലാ ഗ്രാമപഞ്ചായത്തുകളും 2020-21 വാർഷിക പദ്ധതിക്കുള്ള അംഗീകാരം മാർച്ച് മാസം തന്നെ നേടി സംസ്ഥാനത്തെ ആദ്യ ജില്ലയായി. ഇത് തുടർപ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി.

*കാസർകോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*




### ശ്രദ്ധേയമായ പ്രവർത്തനങ്ങൾ

- 664 വാർഡുതലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. പ്രവാസികളായവർ തിരിച്ചു വന്നതിന്റെ കൃത്യമായ കണക്കെടുപ്പ് നടത്തി. അവരെ ഹോം ഐസൊലേഷനിൽ പാർപ്പിക്കുകയും വാർഡുതല ജാഗ്രതാസമിതിയുടെ ദൈനംദിന മോണിറ്ററിങ്ങിനു വിധേയമാക്കുകയും ചെയ്തു. എല്ലാവർക്കും കൗൺസലിങ് ഉറപ്പാക്കി.
- പട്ടികജാതി, പട്ടികവർഗ്ഗ, തീരദേശ മേഖലകളിൽ സന്ദർശനം നടത്തി (കോളനികൾ ഉൾപ്പെടെ) സഹകരണം ഉറപ്പുവരുത്തി. മുൻകരുതൽ പ്രവർത്തനങ്ങൾ ശക്തമാക്കി.
- അതിഥി തൊഴിലാളി ക്യാമ്പുകളിലും ഒറ്റപ്പെട്ട് താമസിക്കുന്ന സ്ഥലങ്ങളിലും വിവിധ ഭാഷകളിൽ ബോധവൽക്കരണം നടത്തി.
- അധിക ഐസൊലേഷൻ കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്നതിനായി 76 കെയർ സെന്ററുകൾ കണ്ടെത്തി. സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ അവ ശുചീകരിച്ചും സൗകര്യങ്ങൾ ഏർപ്പെടുത്തിയും സജ്ജമാക്കി.
- വയോജനങ്ങൾ ഉൾപ്പെടെ പ്രത്യേക



*കേരള-കർണാടക അതിർത്തി കർണാടക സർക്കാർ മണ്ണിട്ട് അടച്ചപ്പോൾ.*

പരിഗണന വേണ്ടവർക്കു ഹെൽപ്പ് ഡസ്ക്കുകൾ എല്ലാ പഞ്ചായത്തിലും ഏർപ്പെടുത്തി.

- സന്നദ്ധം പോർട്ടൽ ഉപയോഗപ്പെടുത്തി എല്ലാ വാർഡുകളിലും വളന്റിയർ സംവിധാനം ഏർപ്പെടുത്തി. മികച്ച പ്രതികരണമാണ് യുവാക്കളിൽ നിന്ന് ലഭിച്ചത്.
- കമ്മ്യൂണിറ്റി കിച്ചനുകൾ കുടുംബശ്രീയുടെ കൂടെ സഹായത്തോടെ ആരംഭി ച്ചു. ഭൂരിഭാഗം കമ്മ്യൂണിറ്റി കിച്ചനുകളും സാധന സാമഗ്രികൾ, പച്ചക്കറികൾ മുതലായവ സ്പോൺസർഷിപ്പിലൂടെ ശേഖരിച്ചാണ് പ്രവർത്തിച്ചത്. പാകം ചെയ്ത ഭക്ഷണം വേണ്ടാത്തവർക്ക് സൗജന്യ കിറ്റുകൾ നൽകി. അഗതികളുടെയും രോഗികളുടെയും പട്ടിക ജാതി-വർഗ്ഗക്കാരുടെയും അതിഥി തൊഴിലാളികളുടെയും കാര്യത്തിൽ പ്രത്യേക ശ്രദ്ധനൽകി.
- മരുന്നുകൾ, അവശ്യസാധനങ്ങൾ, റേഷൻ ഇവ വീട്ടിലെത്തിക്കാൻ എല്ലാ പഞ്ചായത്തിലും കാൾസെന്റർ - വിതരണ സംവിധാനം ഒരുക്കി.
- പി.എച്ച്.സികളിൽ അധിക ഡോക്ടർമാരുടെ സേവനവും പാരാമെഡിക്കൽ നഴ്സിങ് സ്റ്റാഫിന്റെ സേവനവും ഗ്രാമ പഞ്ചായത്തുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് ഏർപ്പെടുത്തി.
- പി.എച്ച്.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് താമസ / ഭക്ഷണ സൗകര്യമൊരുക്കി നൽകി. ഫീൽഡ് പ്രവർത്തനത്തിനായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അധിക വാഹനങ്ങൾ ഏർപ്പെടുത്തി.
- 11 ഗ്രാമ പഞ്ചായത്തുകളിലെ എൻഡോസൾഫാൻ രോഗികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും നിരീക്ഷണവും ഏർപ്പെടുത്തി.
- മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഹരിത കർമ്മ സേന, ആർ.ആർ.എഫ്, എം.സി.എഫ് പ്രവർത്തനങ്ങൾ ഭംഗംവരാതെ തുടർന്നു.
- കുടിവെള്ളക്ഷാമം അനുഭവപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തി.
- കാർഷികോത്പന്നങ്ങൾ വിറ്റഴിച്ച് കർഷകരെ സഹായിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കകത്തും തമ്മിലും നെറ്റ്‌വർക്ക് സംവിധാനം ഏർപ്പാടാക്കി. ബേഡഡുക്കയിലെ ജൈവ പച്ചക്കറി വണ്ടി മാതൃകാപരമായ പ്രവർത്തനമാണ് നടത്തിയത്.

## വേറിട്ട അനുഭവങ്ങൾ, ഉദ്യമങ്ങൾ

- വലിയപറമ്പ എന്ന കൊച്ചു ദ്വീപ് പഞ്ചായത്ത് സംസ്ഥാനത്ത് തന്നെ ശ്രദ്ധേയമായത് അവരുടെ കൊവിഡ് -19 പ്രതിരോധത്തിന്റെ വേറിട്ട മാതൃകയിലൂടെയാണ്. സമ്പൂർണ്ണ ലോക്ക്ഡൗണിനു മുമ്പ് ട്രെയിനിറങ്ങിയ 56 മുംബൈ സ്വദേശികളെ നേരെ പടന്ന കടപ്പുറമുള്ള സ്കൂളിൽ തയ്യാറാക്കിയ കെയർസെന്ററിലേക്ക് മാറ്റി ക്വാറന്റൈൻ ചെയ്ത നടപടി അവർ സ്വയമാർജ്ജിച്ച അതിജീവനപാഠത്തിന്റെ പ്രായോഗികതയായിരുന്നു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ദാമോദരൻ 14 ദിവസവും ഇവരുടെ കൂടെ ക്യാമ്പിൽ സ്വയം നിരീക്ഷണ വിധേയമായി താമസിച്ചിരുന്നു. തനതു ഫണ്ടില്ലാത്ത ഈ ദ്വീപ് പഞ്ചായത്ത് കാണിച്ച വിപദിധൈര്യവും പ്രതിരോധവും ജില്ലയുടെ അതിജീവനത്തിന്റെ ആദ്യപാഠങ്ങൾ തന്നെയാണ്. 56 പേരുടെ "ക്യാമ്പനുഭവങ്ങൾ" കയ്യെഴുത്ത് പ്രതി തയ്യാറാക്കി ബൈൻഡ് ചെയ്ത് ചരിത്രരേഖയാക്കി മാറ്റാനുള്ള തയ്യാറെടുപ്പിലാണീ കടലിനെയും പുഴയെയും മുത്തമിടുന്ന കൊച്ചു ഗ്രാമം.
- കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന ജില്ലയെന്ന നിലയിൽ മംഗലാപുരത്തെയും സുള്ള്യയിലെയും മെഡിക്കൽകോളേജുകളെയും ആതുരാലയങ്ങളെയും ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ അതിർത്തി ഗ്രാമങ്ങൾക്കുണ്ട്. അതിർത്തികൾ അടച്ചുപൂട്ടിയപ്പോൾ ചികിത്സ കിട്ടാതെ പത്തോളം പേർ മരിക്കേണ്ടിവന്ന ഗുരുതര സാഹചര്യവുമുണ്ടായി. ഇതിനെ മറികടക്കാൻ ദേലമ്പാടി എന്ന അതിർത്തി പഞ്ചായത്ത് സ്വന്തം നിലയിൽ ഉജംപാടി അംഗൻവാടിയിൽ ആരംഭിച്ച താൽക്കാലിക പ്രാഥമികാരോഗ്യ കേന്ദ്രം പാവപ്പെട്ട ജനങ്ങൾക്ക് ഏറെ ആശ്വാസകരമായി മാറി.
- പ്രതിരോധവും അതിജീവനവും അടയാളപ്പെടുത്തിയ "ഡി.ഡി.പി. ഔദ്യോഗിക ബ്ലോഗ്" ddpksd.blogspot.com കൃത്യമായ ദിശാബോധ നിയന്ത്രണത്തിനും മികച്ച മാതൃകകൾ അവതരിപ്പിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകൾക്ക് സഹായകമായി. നവമാദ്ധ്യമങ്ങളെ ഫലപ്രദമായി വിനിയോഗിച്ചുള്ള ശാസ്ത്രീയ പ്രതിരോധ - അതിജീവന പ്രവർത്തനങ്ങൾ വാർ റൂം ഒരുക്കിയും കൺട്രോൾ റൂം തയ്യാറാക്കിയും ഏകോ



പിപ്പിക്കാൻ സാധിച്ചു.

- മലക്കുടിയ എന്ന പിന്നോക്ക പട്ടിക വർഗ്ഗ വിഭാഗക്കാർ ഏറെ താമസിക്കുന്ന പ്രദേശമാണ് പനത്തടി. ഭൂമിശാസ്ത്രപരമായി കേരളത്തിന്റെ ഭൂമിയിൽ നിന്നും കർണ്ണാടകയുടെ മണ്ണ് തൊട്ട് വീണ്ടും കേരളത്തിലേക്ക് വരേണ്ടുന്ന കമ്മാടിയിലെ കോളനിയിലാണ ഇവരിൽ ഏറെപേരുടെയും അധിവാസം. ഇവിടെ ജോലിചെയ്യുന്ന പത്തോളം കുടുംബങ്ങൾക്ക് റേഷൻ കാർഡ് നേരത്തെ കർണ്ണാടകയിലായിരുന്നു. അറിവില്ലായ്മ കാരണം റേഷൻ കാർഡുകൾ മാറ്റിയുമില്ല. ഇവർക്കു സൗജന്യ റേഷന് ഇതു സാങ്കേതിക തടസ്സമായി. സെക്രട്ടറിയും പ്രസിഡന്റും പെർഫോമൻസ് വിഭാഗം വിംഗും ഇടപെട്ട് ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപെടുത്തുകയും അത് ജില്ലാകളക്ടറുടെ പ്രത്യേക ഉത്തരവിനു വഴിമരുന്നാവുകയും ചെയ്തു. 10 ദരിദ്ര കുടുംബങ്ങളുടെ സന്തോഷക്കണ്ണീർ അതിജീവനപാതയിൽ ഊർജ്ജമായി.
- ജില്ലയിൽ ഏറ്റവും കൂടുതൽ ഇറ്റലിയിൽ നിന്നു തിരിച്ചെത്തിയ ആൾക്കാരുള്ളത് കള്ളാറിലാണ്. രൂക്ഷമായ രോഗാവസ്ഥയിലുണ്ടായിരുന്ന ഇറ്റലിയിൽ നിന്നുള്ള ആൾക്കാരുടെ തിരിച്ചുവരവ് ആദ്യഘട്ടത്തിൽ വലിയ സാമൂഹ്യ പ്രതിരോധത്തിനു വഴിവെച്ചുവെങ്കിലും ഭരണസമിതിയുടെയും ജീവനക്കാരുടെയും ആർജ്ജവത്തോടെയുള്ള സമയബന്ധിത ഇടപെടലിൽ 28 ദിവസവും ക്വാറന്റൈൻ ചെയ്യാൻ സാധിക്കുകയും തുടർന്ന് വളരെ വികാര നിർഭരമായ തിരിച്ചുവരവും സാമൂഹ്യ സ്വീകാര്യതയും ഉണ്ടാകുകയും ചെയ്തത് അനുഭവങ്ങളുടെ നേർക്കാഴ്ചയായി.
- വകുപ്പിന്റെ നേതൃത്വത്തിൽ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ “വായനാസൗഹൃദം” സാമൂഹ്യപിൻവാങ്ങലിൽനിന്നും മാനസികോല്ലാസത്തിലേക്കുള്ള സർഗ്ഗാത്മകമായ സാദ്ധ്യതകൾക്കാണു വഴിവെച്ചത്. ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് കേന്ദ്രീകരിച്ച് ജില്ലാതലത്തിൽ സർഗ്ഗാത്മകമായ സൃഷ്ടികൾ ക്ഷണിച്ചുള്ള ‘എഴുത്തോല’ ഇതിനു അനുപൂരകമായ മറ്റൊരു പ്രോജക്ടും സോഷ്യൽ കൗൺസിലിംഗിനു ശക്തിപകരുന്നതുമായി.
- കുമ്പഡാജെയിൽ ദാഹിച്ചു വരുന്ന നാൽക്കാലികൾക്കും പക്ഷികൾക്കുമെല്ലാം വെള്ളവും ഭക്ഷണവും ഒരുക്കി വേറിട്ട മാതൃകയായി ജീവനക്കാർ. ഇടയിലക്കാട്ടിലെ കാവിലെ കുരങ്ങന്മാർക്കും പഞ്ചായത്ത് തന്നെയാണ് ഭക്ഷണം നൽകിയത്.
- അതിർത്തി ജില്ലയെന്ന നിലയിൽ രണ്ട് പ്രധാന ചെക്ക് പോസ്റ്റുകളുണ്ട് ജില്ലയിൽ. മഞ്ചേശ്വരത്തും ചെറുവത്തൂരും ചരക്ക് ലോറികളുടെ നീണ്ട നിരയുണ്ടായിരുന്നു. ഇതിലെ ജീവനക്കാർക്ക് മാസ്ക്, സാനിറ്റൈസർ, ഭക്ഷണം എന്നിവ നൽകി കൂടെചേർത്തു ഈ രണ്ടു പഞ്ചായത്തിലെയും പ്രതിരോധ ഭടന്മാർ.
- ടെലിമെഡിസിൻ, മൊബൈൽ ക്ലിനിക് സംവിധാനമൊരുക്കി ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സംസ്ഥാന ശ്രദ്ധയാകർഷിച്ചു.
- അതിഥി തൊഴിലാളികളുടെ കൃത്യമായ കണക്ക് ലഭ്യമല്ലാത്തത് ഒട്ടൊന്നുമല്ല പഞ്ചായത്തുകളെ പ്രയാസപ്പെടുത്തിയത്. ഈ ഘട്ടത്തിൽ കാറഡുക്ക, കുമ്പള എന്നിവിടങ്ങളിൽ സെക്രട്ടറിമാരുടെ ഇടപെടൽ ഏറെ ഫലപ്രദമായി. സെക്രട്ടറിമാർ തന്നെ നേരിട്ട് ക്യാമ്പുകളിലെത്തി സർവ്വെ നടത്തുകയും അവർക്ക് ആവശ്യമായ സോപ്പ്, മാസ്ക്, ഭക്ഷണ സാധനങ്ങൾ തുടങ്ങിയവ സ്പോൺസർഷിപ്പ് വഴി നൽകുകയും ചെയ്തു.
- ദുരന്തനിവാരണ പ്ലാനിനു ചുവടു പിടിച്ച് കൊവിഡ് 19 തീവ്രമേഖലയിലെ പഞ്ചായത്തുകളിൽ പ്രത്യേകിച്ചും ജില്ല മൊത്തമായും പഞ്ചായത്തുതല അതിജീവന പ്ലാൻ തയ്യാറാക്കാനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കാക്കകൾക്ക് ആഹാരം





ജില്ലയിലെ ഓരോ ഗ്രാമത്തിനും ഓരോ കൊവിഡ് അനുഭവങ്ങളുണ്ട്. രാപ്പകൽ വിശ്രമമില്ലാതെ ജോലി ചെയ്ത നൂറുകണക്കിനു ജീവനക്കാരുടെ ആത്മാർപ്പണത്തിന്റെ തീജ്വാലയാണവ. സാമൂഹ്യ അടുക്കളയിലേക്കു ചുമടുമായി നീങ്ങുന്ന സെക്രട്ടറിയടക്കമുള്ള ജീവനക്കാരും ഭരണസമിതി അംഗങ്ങളുമെല്ലാം അതിജീവന വഴികൾ എങ്ങനെയാണു ഒരു ജില്ല തെളിയിച്ചെടുത്തത് എന്നതിന്റെ സൂക്ഷ്മമായ ഉദാഹരണങ്ങളാണ്. വൈറസ് ഏറ്റവും രൂക്ഷമായി ബാധിച്ച ഒരു ജില്ലയിൽ ഏറ്റവും നന്നായി എങ്ങനെ പ്രതിരോധിക്കാം എന്നും ഭീതിയിൽ നിന്നെങ്ങനെ അതിജീവിക്കാം എന്നതും ലോകത്തിനു തന്നെ ചരിത്ര പാഠങ്ങളാകുന്നത് ദൃഢമൂലമായ വികേന്ദ്രീകൃതാസൂത്രണ സംവിധാനത്തിന്റെ താഴെത്തട്ടിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും മാനസികമായ ഐക്യത്തിന്റെയും ഇച്ഛാശക്തിയുടെയും ആത്മസമർപ്പണത്തിന്റെയും ഉൾക്കാഴ്ചയാർന്ന പ്രവർത്തനത്തിലൂടെയാണ്. ഒപ്പം അതിജീവന സമരത്തിൽ രാപ്പകൽ വിശ്രമമില്ലാതെ ജോലിചെയ്ത ജീവനക്കാർക്ക് ഒപ്പം നിന്ന് നേതൃത്വം കൊടുത്ത അന്യ ജില്ലകളിൽനിന്നുൾപ്പെടെയുള്ള ഓഫീസ് മേധാവികളുടെ ഊർജ്ജസ്വലതയും. ☐

*ലേഖകൻ കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*



*കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*

പ്രതിരോധ വഴികളിലൂടെ

# അവിസ്മരണീയമാക്കി കണ്ണൂരിലെ പഞ്ചായത്തുകൾ

■ **അരുൺ ടി.ജെ.**

മനുഷ്യരാശിയെ മരണത്തിന്റെ കരാള ഹസ്തത്തിനാൽ വരിഞ്ഞുമുറുക്കിയ പതിനെട്ടാം നൂറ്റാണ്ടിലെ പ്ലേഗ്, പത്തൊമ്പതാം നൂറ്റാണ്ടിലെ കോളറ, ഇരുപതാം നൂറ്റാണ്ടിലെ സ്പാനിഷ് ഫ്ലൂ എന്നീ മഹാമാരികൾക്ക് ശേഷം ഈ നൂറ്റാണ്ടിൽ ലോകമാകെ ഭീതി വിതച്ച് പടരുകയാണ് കൊവിഡ് 19. ലോകമൊന്നാകെ വിറങ്ങലിച്ച് നിൽക്കുമ്പോൾ, കൊറോണ വൈറസ് എന്ന മഹാമാരിയെ വിജയകരമായി പിടിച്ചുകെട്ടി ആഗോളതലത്തിൽ ഖ്യാതി നേടിയ കേരള മാതൃകയ്ക്ക് അടിത്തറയൊരുക്കിയത് ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഒത്തുചേർന്ന് നടത്തിയ പ്രവർത്തനം. ചൈനയിലെ വുഹാനിൽ നിന്നുമെത്തിയ വിദ്യാർത്ഥികൾക്ക് രോഗബാധ സ്ഥിരീകരിച്ച ആദ്യ നാളുകളിൽ തന്നെ യുദ്ധമുന്നണിക്ക് സമാനമായ രീതിയിൽ പഴുതടച്ച പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദമായ ആസൂത്രണവും നടപടികളുമാണ് ഗ്രാമപഞ്ചായത്തുതലത്തിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് താഴെത്തട്ടിൽ ഒരുക്കിയെടുത്തത്.

ജനജീവിതം സുഗമമാക്കുന്നതിന് വിവിധങ്ങളായ പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിച്ച വരുന്നത്. പൊതുജനങ്ങൾക്ക് മരുന്നുകളും അവശ്യ വസ്തുക്കളും യഥാസമയം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തിയ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ അനുകരണീയ മാതൃക തന്നെയാണ് ലോകത്തിന് മുന്നിലേക്ക് വച്ചത്. സർവ്വസജ്ജമായ ഗ്രാമപഞ്ചായത്ത് സംവിധാനത്തിന്റെ നിതാന്ത ജാഗ്രത കാരണം കൊവിഡ് നിരീക്ഷണത്തിലിരിക്കുന്നവർ പുറത്തിറങ്ങി ജനങ്ങളുമായി ഇടപഴകുന്നത് വലിയ അളവിൽ തടയാനായി. കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 1166 വാർഡുകളിൽ രൂപീകരിച്ച വാർഡുകമ്മറ്റികളാണ് ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. ഓരോ ദിവസവും വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരെയും കുടുംബങ്ങളെയും പൊതുപ്രവർത്തകരും ആരോഗ്യ പ്രവർത്തകരും അടങ്ങുന്ന സംഘങ്ങൾ സന്ദർശിച്ച് ഭൗതികവും മാനസികവുമായ പിന്തുണ നൽകിയത് അവരുടെ മാനസികധൈര്യവും ആത്മവിശ്വാസവും വർദ്ധിപ്പിച്ചു.

കണ്ണൂർ ജില്ലയിൽ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടി സാമൂഹ്യ ഐക്യപ്പെടലിന്റെ ഉദാത്ത മാതൃക തന്നെയാണ് സൃഷ്ടിച്ചിട്ടുള്ളത്. വാർഡുതല കമ്മറ്റിയുടെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകർ നിരീക്ഷണത്തിൽ കഴിയുന്നവരുടെ വീടുകൾ സന്ദർശിച്ച് കൊവിഡ് ട്രാക്കർ എന്ന ആപ്പ് വഴി വിവരങ്ങൾ ശേഖരിച്ച് കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കുന്നുണ്ട്. ഇതുവഴി പ്രതിരോധ സമാശ്വാസ പ്രവർത്തനങ്ങളുടെ ക്രമം നിശ്ചയിക്കാൻ സാധിക്കുന്നു. കൊവിഡ് നിരീക്ഷണത്തിലുള്ളവർക്ക് പുറമെ പ്രത്യേക പരിഗണന ആവശ്യമായവരുടെ വിശദാംശങ്ങൾ മുഴുവൻ പഞ്ചായത്തുകളും ശേഖരിക്കുകയും അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. ജില്ലയിൽ നിലവിലുള്ള 619 കോളനികളും പഞ്ചായത്ത് ഉദ്യോഗസ്ഥരും ആരോഗ്യ പ്രവർത്തകരും ജനപ്രതിനിധികളും സന്ദർശിച്ച് കഴിഞ്ഞിട്ടുണ്ട്. എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും 6 മണി വരെ ഒ.പി സംവിധാനം ഉറപ്പാക്കുക എന്ന



ലക്ഷ്യം മുൻനിർത്തി അധികമായി ആവശ്യമായ 19 താൽക്കാലിക ഡോക്ടർമാരെ പഞ്ചായത്തുകൾ നിയമിച്ചിട്ടുണ്ട്.




*പശ്ചിമബംഗാളിൽ നിന്നുള്ള ലോകസഭാംഗം മഹുവ മൊയ്ത്ര ഫേസ്ബുക്ക് പേജിലും ട്വിറ്ററിലും കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി കിച്ചൻ സംവിധാനത്തെ കുറിച്ച് പ്രകീർത്തിച്ച് നടത്തിയ പോസ്റ്റ്*

ലോക്ഡൗൺ കാലത്ത് ഒരാൾ പോലും പട്ടിണികിടക്കാനിടയാകരുതെന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാർ നടപ്പിലാക്കിയ കമ്മ്യൂണിറ്റി കിച്ചൻ ജില്ലയിലെ 71 പഞ്ചായത്തുകളിലും ആരംഭിച്ചിരുന്നു. പശ്ചിമബംഗാളിൽ നിന്നുള്ള ലോകസഭാംഗം മഹുവ മൊയ്ത്ര തന്റെ ഫേസ്ബുക്ക് പേജിലും ട്വിറ്ററിലും കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി കിച്ചൻ സംവിധാനത്തെ കുറിച്ച് പ്രകീർത്തിച്ച് നടത്തിയ പോസ്റ്റ് രാജ്യമാകെ വൈറലായി. ലോക്ക്ഡൗൺ കാലത്ത് കേരളത്തിലുള്ള ഇതര സംസ്ഥാനക്കാർ ഭയപ്പെടേണ്ട സാഹചര്യമില്ലെന്നും അവർക്ക് കേരള സർക്കാർ ഭക്ഷണം ഏർപ്പാട് ചെയ്തിട്ടുണ്ടെന്നും ഭക്ഷണവും മറ്റ് സഹായങ്ങളും ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺനമ്പർ എന്ന പരാമർശത്തോടെ അവർ നടത്തിയ സോഷ്യൽ മീഡിയ പോസ്റ്റ്, കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം ഇതര സംസ്ഥാനങ്ങൾ എത്രത്തോളം പ്രാധാന്യത്തോടെയാണ് കണ്ടത് എന്നതിന്റെ ഉദാഹരണമാണ്.

അതിഥി തൊഴിലാളികളുടെ താമസം, ഭക്ഷണം, ആരോഗ്യ സുരക്ഷ തുടങ്ങിയ മേഖലയിൽ അതിശക്തമായ ഇടപെടലാണ് പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കിയത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും തൊഴിലിനായും മറ്റും വന്നുചേർന്നവരുടെ വിശദാംശങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ശേഖരിച്ച് രജിസ്റ്റർ തയ്യാറാക്കാൻ പഞ്ചായത്തുകൾക്ക് സാധിച്ചു. ഇവർക്കായി ജില്ലയിൽ ക്യാമ്പുകൾ ആരംഭിക്കുകയും ഭക്ഷണ കിറ്റ്, മരുന്ന് മറ്റവശ്യവസ്തുക്കൾ എന്നിവ എത്തിച്ച നൽകുകയും സാമൂഹികഅകലവും ശുചിത്വവും പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് സാധിച്ചിട്ടുണ്ട്. ജില്ലയിൽ വിവിധ ഇടങ്ങളിൽ അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ടെലിവിഷൻ സ്ഥാപിച്ച് കൊവിഡ് വാർത്തകൾ കാണുന്നതിനുള്ള സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്.

നവീന ആശയങ്ങളുടെ സഹായത്തോടെ മഹാമാരിയെ പ്രതിരോധിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുകയാണ് പഞ്ചായത്ത് വകുപ്പ്. എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ 'ചങ്ങായി' മൊബൈൽ ആപ്പ് ജനശ്രദ്ധ ആകർഷിച്ചു കൊണ്ടിരിക്കുകയാണ്. ലോക്ക്ഡൗണിൽ വീട്ടിലിരിക്കുന്നവർക്ക് ആവശ്യമായ പലവ്യഞ്ജനങ്ങളും പച്ചക്കറിയും മത്സ്യമാംസാദികളും മറ്റ് അവശ്യവസ്തുക്കളും ആപ്പ് വഴി ഓർഡർ ചെയ്യാനാകും. പഞ്ചായത്തിലെ വളന്റിയർമാർ അത് വീട്ടിലെത്തിച്ച് നൽകും. തികച്ചും സൗജന്യമായിട്ടാണ് ഈ സേവനം എന്നത് ശ്രദ്ധേയമാണ്.

സെലിബ്രിറ്റികളെ പങ്കെടുപ്പിച്ചുകൊണ്ട് പരിയാരം ഗ്രാമപഞ്ചായത്ത് നടത്തുന്ന ഫോൺ ഇൻ പ്രോഗ്രാം ജനശ്രദ്ധ നേടിയതനത് പരിപാടിയാണ്. ബ്രേക്ക് ദ ചെയിനിന്റെ ഭാഗമായി കൈകഴുകുന്നവർക്ക് മാസ്കായി ഉപയോഗിക്കാൻ കഴിയുന്ന കർച്ചീഫ് സമ്മാനിച്ചും അതിഥി തൊഴിലാളികൾക്ക് മെഡിക്കൽ പരിശോധന നടത്തിയും വേറിട്ട മാതൃക സൃഷ്ടിക്കുകയാണ് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്. നിശബ്ദമായിട്ടാണെങ്കിലും നിതാന്ത ജാഗ്രതയോടെ നടക്കുന്ന പ്രവർത്തനങ്ങളിലൂടെ ജില്ലയിൽ ഏത് അടിയന്തര സാഹചര്യവും നേരിടാൻ തക്കവണ്ണം തങ്ങൾ സജ്ജരാണെന്ന് കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തു സംവിധാനം ഉറപ്പു നൽകുന്നു.

☐

*ലേഖകൻ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*






# കൊവിഡ് -19 നിശബ്ദ വിപ്ലവം

■ ടിംപിൾമാഗി പി.എസ്.

*"നിങ്ങൾക്ക് പൂക്കളെ നശിപ്പിക്കാം പക്ഷെ വസന്തത്തിന്റെ വരവിനെ തടയാനാവില്ല."*
*-പാബ്ലോ നെരൂദ*

കൊവിഡ് -19 എന്ന പകർച്ചവ്യാധിയെ തുടർന്ന് ലോകാരോഗ്യ സംഘടന ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച സാഹചര്യത്തിൽ അതുല്യമായ പ്രവർത്തനം കാഴ്ചവച്ച് കേരളം ലോകത്തിനു മാതൃകയായിരിക്കുന്നു. ഈ മഹാമാരിയെ പ്രതിരോധിക്കുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണ അർത്ഥത്തിൽ നടപ്പിൽ വരുത്തുന്നതിന് വയനാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് സാധിച്ചിട്ടുണ്ട്. മുൻപരിചയമില്ലാത്ത ഒരു പ്രതിസന്ധിയുടെ മുൻപിൽ പതറാതിരിക്കാനും ജനങ്ങളുടെ ജീവിത അന്തരീക്ഷം കൊറോണ ഭീതിയകറ്റി സാധാരണ സ്ഥിതിയിലേക്കു കൊണ്ടുവരാനും പടിപടിയായുള്ള പ്രവർത്തനങ്ങളാണ് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ചിട്ടപ്പെടുത്തിയത്.

കേരളത്തിലെ മറ്റ് ഏത് സ്ഥലത്തെ അപേക്ഷിച്ചും പരീക്ഷണാർത്ഥമായ ഒരു സാഹചര്യമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. വ്യത്യസ്തവും പൈതൃകപരവുമായ ഒരു സംസ്കൃതിയെ, ആധുനിക-സാങ്കേതിക -ശാസ്ത്ര ബോധമുള്ള സർക്കാരിന്റെ നയങ്ങളെ ഭരണപരമായി വയനാടിൽ നടപ്പിൽ വരുത്തുക എന്നുള്ളത് വെല്ലുവിളിയായിരുന്നു.

വികസിത രാജ്യങ്ങൾ പോലും പകച്ചു നിൽക്കുന്ന കാഴ്ചകളും കൊവിഡിന്റെ മരണനിരക്കിലെ കുതിച്ചുകയറ്റവും ഭീതിപരത്തുന്ന വേളയിൽ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അതിസൂക്ഷ്മമായി നടപ്പാക്കേണ്ടതിന്റെ പ്രാധാന്യം പഞ്ചായത്തുകൾക്ക് വളരെ വ്യക്തമായി ബോദ്ധ്യപ്പെടുത്തുന്നതിന് ഒരു കോർ കമ്മറ്റി രൂപീകരിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് വയനാട്ടിലെ "കൊവിഡ് പ്രസരണം" നിയന്ത്രിക്കുന്നതിൽ വിജയം കൈവരിക്കാൻ കഴിഞ്ഞതിന്റെ ആദ്യ ചവിട്ടുപടി. ആദ്യമായി പഞ്ചായത്തുകളുമായുള്ള കോർ മീറ്റിംഗുകൾ Zoom-app ലൂടെ നടപ്പിൽ വരുത്തിയത് വയനാട്ടിലാണ്. ലോക്ക് ഡൗണിന്റെ നിയമ നിർദ്ദേശങ്ങൾക്കു വിഘ്നം സംഭവിക്കാതെ ഡിജിറ്റൽ മീഡിയയിലൂടെ പൂർണ്ണമായും കമ്മ്യൂണിക്കേഷൻ സിസ്റ്റം ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്തുകളെ നെറ്റ്വർക്ക് ശൃംഖലയിൽ കൊണ്ടുവന്നതായിരുന്നു രണ്ടാമത്തെ ചുവടുവയ്പ്പ്. ഇതിലൂടെ പഞ്ചായത്തുതലത്തിൽ മുഴുവൻ ഭരണസംവിധാനവും ഒറ്റക്കെട്ടായി പ്രവർത്തിച്ച് സമൂഹ അടുക്കള, ക്വാറന്റൈൻ, മരുന്ന് എത്തിക്കൽ, കെയർ സെന്ററുകളുടെ സജ്ജീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ താഴെ

*വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*



തട്ടിലെ ജനജീവിത തലങ്ങളിൽ എത്തിക്കുന്നതിനും രോഗ പ്രതിരോധം ഫലപ്രദമാക്കുന്നതിനും കഴിഞ്ഞു.

സർക്കാരിന്റെ നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾ അവ പ്രായോഗികമായി നടപ്പിൽവരുത്തുന്നതിന് മറ്റ് ജില്ലകളെ അപേക്ഷിച്ച് വയനാട്ടിൽ കടമ്പകൾ ഏറെയായിരുന്നു. അതിഥി തൊഴിലാളികളുടെ ഭക്ഷണ കാര്യങ്ങളിലും വയനാട്ടിലേക്കുള്ള കർണ്ണാടക, തമിഴ്നാട് അന്തർ സംസ്ഥാന പാതകൾ ബ്ലോക്ക് ചെയ്യുന്നതിനും, മറ്റ് സ്ഥലങ്ങളിൽ കുടുങ്ങിപോയവരെ പുനരധിവസിപ്പിക്കുന്നതിനും ദാരിദ്ര്യ മേഖലകളിൽ അതിജീവനത്തിന്റെ സാഹചര്യങ്ങൾ ഒരുക്കുന്നതിനും പ്രതിരോധത്തിന്റെ പാഠങ്ങൾ നടപ്പാക്കുന്നതിലും അങ്ങനെ നിരവധി വെല്ലുവിളികളെ അതിജീവിച്ച് അവ നടപ്പിൽ വരുത്തുവാൻ പഞ്ചായത്തുകൾ നൽകുന്ന സേവനങ്ങളും അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങളും പ്രശംസനീയമാണ്.

## അന്തർ സംസ്ഥാന പാതകൾ ബ്ലോക്ക് ചെയ്തു

തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും വയനാട്ടിലേക്ക് ആളുകൾ പ്രവേശിക്കുന്നത് കർശന പരിശോധനയ്ക്ക് ശേഷമാണ്. എല്ലാ ചെക്ക് പോസ്റ്റിലും ആർ.ടി.ഒ, പോലീസ്, ഹെൽത്ത്, അദ്ധ്യാപകർ, പഞ്ചായത്ത് ജീവനക്കാർ എന്നിവരുടെ ശക്തമായ സർവൈലൻസ് ടീമിനെ നിയോഗിക്കുകയും പ്രവേശനം പഴുതടച്ച് തടയുന്നതിനും കഴിഞ്ഞു.

ചെക്ക് പോസ്റ്റിൽ നിന്നും തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധനയ്ക്ക് ശേഷം ആളുകളെ തൊട്ടടുത്തുള്ള കൊവിഡ് കെയർ സെന്ററിലാക്കുകയും അവർക്കുള്ള സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു.

1897-ലെ എപിഡെമിക് ആക്ട് പ്രകാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരം പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഡെലിഗേറ്റ് ചെയ്തുകൊണ്ട് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം അതിർത്തി ലംഘിച്ച് ഊടുവഴികളിലൂടെയും പുഴകളിലൂടെയും വനപാതകളിലൂടെയും നുഴഞ്ഞുകയറി വരുന്ന ആളുകളെ പഞ്ചായത്ത്, പോലീസ് സർവൈലൻസ് ടീമിന്റെ കർശന പരിശോധനയുടെ അടിസ്ഥാനത്തിൽ അതാത് കൊവിഡ് കെയർ സെന്ററിൽ ക്വാറന്റൈൻ ചെയ്യുന്നു. പഞ്ചായത്ത് സെക്രട്ടറിമാരുടെ സഹായത്തിന് ഇൻസിഡന്റൽ കമാൻഡേഴ്സായി തഹസിൽദാർമാരെ നിയോഗിച്ചും ഉത്തരവായിട്ടുണ്ട്.

## പരിഗണന അർഹിക്കുന്നവർക്ക് പാൽ വിതരണം

ആദിവാസികൾ, തോട്ടം തൊഴിലാളികൾ, അതിഥി തൊഴിലാളികൾ, ഗർഭിണികൾ, കുട്ടികൾ എന്നിങ്ങനെ 99394 ഗുണഭോക്താക്കൾക്ക് മിൽമയുടെ സഹകരണത്തോടെ ജില്ലയിൽ 40398 ലിറ്റർ പാൽ വിതരണം ചെയ്തിട്ടുണ്ട്.

## മരുന്ന് വിതരണം

ജില്ലയിലെ മരുന്നുവാങ്ങാൻ കഴിവില്ലാത്തവർക്കും മറ്റ് ജില്ലകളിൽ നിന്നും



മരുന്ന് ലഭിക്കേണ്ടവരുമായിട്ടുള്ള മുഴുവൻ ആളുകൾക്കും ജില്ലയിൽ പ്രത്യേക കാൾ സെന്റർ തയ്യാറാക്കി സ്പോൺസർഷിപ്പിലൂടെ സൗജന്യമായി മരുന്നുവാങ്ങി വളന്റിയേഴ്സ് വീടുകളിലെത്തിച്ചുവരുന്നു.

## അതിഥി തൊഴിലാളികൾക്ക് ഭക്ഷണ കിറ്റ്

ജില്ലയിലെ മുഴുവൻ അതിഥി തൊഴിലാളികൾക്കും തെരുവോരങ്ങളിൽ നിന്നും പുനരധിവസിപ്പിച്ചവർക്കും പഞ്ചായത്തിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം കിറ്റാക്കി നൽകുന്ന ജോലി പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ചെയ്തുവരുന്നു.

## റിപ്പോർട്ടിംഗ് മെക്കാനിസം

ജില്ലയിലെ 413 വാർഡുകളിലും കൊവിഡ്-19 എന്ന പേരിൽ വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും പഞ്ചായത്ത് തലത്തിലെ വാട്സാപ്പ് ഗ്രൂപ്പിലെ നിർദ്ദേശങ്ങൾ കൺസോളിഡേറ്റ് ചെയ്ത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് വഴി ജില്ലാ ഭരണകൂടത്തിന് നൽകുകയും ചെയ്യുന്നു. ☐

*ലേഖിക വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*



പ്രതിരോധ വഴികളിലൂടെ

# കൊവിഡിനെ തളയ്ക്കാൻ കോഴിക്കോടൻ പ്രതിരോധം

■ പി.ജി. പ്രകാശ്

ലോകത്തെയാകമാനം ഭീതിയിലാഴ്ത്തിയ കൊവിഡ് 19 നെ ഫലപ്രദമായി പ്രതിരോധിക്കാൻ കോഴിക്കോട്ടെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനും മുൻനിരയിൽ തന്നെ പ്രവർത്തിച്ചു വരുന്നു. രോഗത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിന് എണ്ണയിട്ട യന്ത്രംപോലെ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്.

## റാപിഡ് റെസ്പോൺസ് ടീം

ജില്ലാ കലക്ടർ ചെയർമാനായ ജില്ലാതല RRT യിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും അംഗങ്ങളാണ്. ജില്ലയിലെ 70 ഗ്രാമപഞ്ചായത്തുതലത്തിലും RRT കൾ നിലവിലുണ്ട്. ജില്ലയിലെ മുഴുവൻ RRT കൾക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു.

## നിരീക്ഷണങ്ങളും സഹായങ്ങളും

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പേർ ക്വാറന്റൈനിലിരുന്നത് കോഴിക്കോടാണ്. വിദേശത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന മുഴുവൻ പേരുടെയും ക്വാറന്റൈൻ ഉറപ്പാക്കാൻ RRT കൾക്ക് കഴിഞ്ഞിട്ടുണ്ട്. ക്വാറന്റൈനിലായിരുന്ന വ്യക്തികൾക്കും അവരുടെ വീട്ടിലുള്ളവർക്കും വേണ്ട അവശ്യവസ്തുക്കൾ എത്തിക്കൽ, മരുന്നുകൾ ലഭ്യമാക്കൽ, കമ്മ്യൂണിറ്റി കിച്ചൻ വഴി ആവശ്യക്കാർക്ക് ഭക്ഷണമെത്തിക്കൽ, റേഷൻ വാങ്ങി നൽകൽ തുടങ്ങിയ സേവനങ്ങളെല്ലാം RRT മുഖേനയാണ് നൽകി വരുന്നത്. ക്വാറന്റൈനില്ലുള്ള വ്യക്തികൾ ക്വാറന്റൈൻ ലംഘിക്കുന്നില്ല എന്ന് ഉറപ്പാക്കിയത് RRT വളന്റിയർമാരായിരുന്നു. എന്നാൽ ക്വാറന്റൈനിലുള്ളവരുടെ എണ്ണം കൂടി വന്നതോടെ ക്വാറന്റൈനിലുള്ള ഓരോരുത്തരുടെയും വീടിന് പരിസരത്തെ രണ്ടു പേരേ ഇവരുടെ നിരീക്ഷണത്തിനായി ചുമതലപ്പെടുത്തുകയും ക്വാറന്റൈൻ ലംഘിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കുകയും ചെയ്തു.

## ജില്ലാഭരണകൂടവും ഗ്രാമപഞ്ചായത്തുകളും

കോഴിക്കോട് ജില്ല ദുരന്തനിവാരണ സെല്ലും ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒത്തൊരുമയോടെയുള്ള പ്രവർത്തനങ്ങൾ നടത്തിയാണ് ജില്ലയിൽ രോഗവ്യാപനം തടഞ്ഞത്. ജില്ലാകലക്ടർ സാംബശിവറാവു എല്ലാ ദിവസവും രാവിലെ 9.30 മുതൽ അരമണിക്കൂർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി വീഡിയോ കോൺഫറൻസ് വഴി ആശയവിനിമയം നടത്തി പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്യുന്നതിലൂടെ സെക്രട്ടറിമാർക്ക് ഊർജ്ജം പകരുന്നതിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സെക്രട്ടറിമാർക്കു പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരുമായും ആവശ്യാനുസരണം ആശയവിനിമയം നടത്തുന്നതിനാൽ താഴെതട്ടിലുള്ള പ്രവർത്തനങ്ങളിൽ ഒരു പഴുതുപോലും ബാക്കി വയ്ക്കാതെ നടത്താൻ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്.



## കമ്മ്യൂണിറ്റി കിച്ചനുകൾ

കമ്മ്യൂണിറ്റി കിച്ചനുകൾ ജില്ലയിലെ 70 ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കാൻ കഴിഞ്ഞു എന്നത് ജില്ലയിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കർമോത്സുകതകൊണ്ട് മാത്രമാണ്. ക്വാറന്റൈനിലുള്ള നിർദ്ധനർ, അഗതികൾ, സ്വന്തമായി ഭക്ഷണം പാകം ചെയ്യാൻ കഴിയാത്തവർ, ക്യാമ്പുകളിലാക്കിയ തെരുവിൽ കഴിയുന്നവർ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യമായാണ് കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം നൽകി വരുന്നത്.

ജില്ലയിലെ ഒട്ടുമിക്ക കമ്മ്യൂണിറ്റി കിച്ചണിലെയും വലിയൊരളവ് ചെലവും സമൂഹത്തിലെ സുമനസ്സുകളായ പലരും നൽകുന്ന സാധന സാമഗ്രികളിലൂടെയും സ്പോൺസർഷിപ്പിലൂടെയുമാണ്. ജില്ലയിലെ 70 ഗ്രാമപഞ്ചായത്തുകളിലായി 2098 ക്യാമ്പുകളിലായി 18523 അതിഥി തൊഴിലാളികളുണ്ട്. ഇവർക്കാവശ്യമായ അരി, ആട്ട, പച്ചക്കറികൾ തുടങ്ങിയ സാധന സാമഗ്രികൾ ഗ്രാമപഞ്ചായത്തുകളാണ് ലഭ്യമാക്കിയത്.

### മെഡിക്കൽ ഹെൽപ്പ് ഡെസ്ക്

ജില്ലയിലെ എല്ലാ പഞ്ചായത്തുകളും നിർദ്ധനരായ ആളുകൾക്ക് ആവശ്യമായ മരുന്നുകൾ എത്തിച്ചു നൽകാൻ പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്. നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് ഡയാലിസിസിന് പോകാനുള്ള വാഹന സൗകര്യവും പല ഗ്രാമപഞ്ചായത്തുകളും ഒരുക്കി കൊടുത്തിട്ടുണ്ട്. പി.എച്ച്.സികളിൽ അത്യാവശ്യം വേണ്ട മരുന്നുകൾ വാങ്ങി കൊടുക്കാനും ഗ്രാമപഞ്ചായത്തുകൾ ജാഗ്രത പുലർത്തുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളും മെഡിസിൻ ഹെൽപ്പ് ഡെസ്കുകൾ ജില്ലാ കലക്ടറുടെ നിർദ്ദേശപ്രകാരം ആരംഭിക്കുകയും രോഗികൾക്ക് ആവശ്യമായതും പിഎച്ച്സികളിൽ ലഭ്യമല്ലാത്തതുമായ മാരകരോഗങ്ങൾക്കുള്ള മരുന്നുകൾ സ്പോൺസർഷിപ്പിലൂടെ തുക കണ്ടെത്തി വാങ്ങി നൽകി വരുകയും ചെയ്യുന്നുണ്ട്.

### പുസ്തകചങ്ങാതിയും പുസ്തകവണ്ടിയും

വീടുകളിൽ ക്വാറന്റൈനിലിരിക്കുന്നവർക്ക് വായിക്കാനായി RRT വളന്റിയർമാർ മുഖേന വീടുകളിൽ പുസ്തകങ്ങൾ എത്തിച്ച് ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ പുസ്തക ചങ്ങാതി പദ്ധതിയും വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ വിനോദ് തന്റെ സ്കൂട്ടർ പുസ്തകവണ്ടിയാക്കി ആവശ്യക്കാർക്ക് പുസ്തകങ്ങൾ എത്തിച്ചു നൽകിയും കോവിഡ് കാലത്തെ വായനയ്ക്ക് പ്രോത്സാഹനം നൽകാൻ നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമായ പ്രവർത്തനമാണ്.

### ഓൺലൈൻ ഗ്രാമസഭ

കൊവിഡ് കാലത്ത് സംസ്ഥാനമൊട്ടാകെ ശ്രദ്ധയാകർഷിച്ച ജില്ലയിലെ ഒരു പരീക്ഷണമാണ് ഓൺലൈൻ ഗ്രാമസഭ. ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്താണ് കൊവിഡ് പ്രതിരോധപ്രവർത്തനം, മഞ്ഞപ്പിത്തം, ഡെങ്കി പ്രതിരോധപ്രവർത്തനം എന്നിവ ജനങ്ങളിലെത്തിക്കാനായി ഓൺലൈൻ ഗ്രാമസഭ ചേർന്നത്.

### തെരുവ് ജീവിതങ്ങൾക്ക് അഭയം

ജില്ലയിലെ തെരുവുകളിൽ കഴിഞ്ഞു വന്നിരുന്ന 600 ലധികം ആളുകളെ മുനിസിപ്പൽ- കോർപ്പറേഷൻ പരിധിയിലെ വിവിധ ക്യാമ്പുകളിലായി ജില്ലാഭരണകൂടം, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘങ്ങളുടെ സഹായത്തോടെ സംരക്ഷിച്ചു വരുന്നുണ്ട്. പുറമേരി ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പരിധിയിലെ തെരുവിൽ സ്ഥിരമായി അന്തിയുറങ്ങുന്ന 9 പേരെ ഒരു പാരലൽ കോളേജിലൊരുക്കിയ ക്യാമ്പിൽ സംരക്ഷിച്ചു വരുന്നു.



### തെരുവ് നായ്ക്കൾക്ക് ഭക്ഷണം

രോഗ പ്രതിരോധവുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾക്കിടയിലും ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ തെരുവുനായ്ക്കൾക്ക് ഭക്ഷണം തയ്യാറാക്കി നൽകുന്നതിലും ശ്രദ്ധചെലുത്തുന്നു.



### ജനപ്രതിനിധികളുടെ പങ്ക്


കോവിഡ് പ്രതിരോധങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞതിൽ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ജനപ്രതിനിധികളുടെയും പങ്ക് വിലമതിക്കാനാവാത്തതാണ്. RRT കളുടെ പ്രവർത്തനം, കമ്മ്യൂണിറ്റി കിച്ചൻ, അതിഥി തൊഴിലാളികളുടെ ക്ഷേമം തുടങ്ങി വകുപ്പ് ഏറ്റെടുത്ത എല്ലാ പ്രവർത്തനങ്ങൾക്കും ഫീൽഡിൽ യാതൊരു പോരായ്മയും കൂടാതെ വിജയിപ്പിക്കാൻ കഴിയുന്നത് ജനപ്രതിനിധികളുടെ നിസ്സീമമായ സേവന സന്നദ്ധത കൊണ്ടാണ്. സുഗമമായ റേഷൻ വിതരണം, മരുന്ന് എത്തിക്കൽ, നിർദ്ധനരെയും ബുദ്ധിമുട്ടുന്നവരെയും കണ്ടെത്തി ആവശ്യമായ സഹായം എത്തിക്കൽ തുടങ്ങി വിലമതിക്കാനാവാത്ത ഒട്ടേറേ പ്രവർത്തനങ്ങൾക്ക് ജനപ്രതിനിധികൾ നേതൃത്വം നൽകിയിട്ടുണ്ട്. □

*ലേഖകൻ കോഴിക്കോട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*



*കാളികാവ് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ യൂണിറ്റ് നിർമ്മിച്ച മാസ്കുകൾ ജില്ലാ കളക്ടർക്ക് കൈമാറുന്നു*

# പ്രതിരോധവും പ്രത്യാക്രമണവും




**ഇ.എ. രാജൻ**

ചൈനയിൽ ആവിർഭവിച്ച കൊറോണ വൈറസ് വ്യാപനത്തിന്റെ അലയൊലികൾ ഇന്ത്യയിൽ തന്നെ ആദ്യമെത്തിയത് കേരളത്തിൽ തന്നെയായത് മലയാളി "ലോകമലയാളി" എന്ന സംജ്ഞയ്ക്ക് അനുരൂപനായതിനാലാണെന്ന് മനസ്സിലാക്കാവുന്നതാണ്. മലയാളി ചെന്നെത്താത്ത രാജ്യങ്ങളും വ്യാപരിക്കാത്ത മേഖലകളും ഇല്ലായെന്നത് അഭിമാനകരമായ കാര്യമാണ്. ചൈനയിൽ നിന്നെത്തിയ മലയാളികളിലൂടെയാണ് കേരളത്തിൽ ഇത്തരത്തിലൊരു വൈറസ് വ്യാപനത്തിന്റെ അനുരണനം കണ്ടത്. ഉടൻ തന്നെ അതിന് തടയിടുന്നതിനായുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ അവലംബിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ സകല സാധ്യതകളെയും കോർത്തിണക്കി പ്രവർത്തിക്കുക വഴി കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിലെ മുന്നണിപ്പോരാളികളായി ഗ്രാമപഞ്ചായത്തുകൾ മാറുന്ന കാഴ്ചയാണ് മലപ്പുറത്ത് കാണുവാൻ കഴിയുന്നത്. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള വാർ റൂം 24x7 മണിക്കൂറും പ്രവർത്തനനിരതമാണ്. കൊറോണ പ്രതിരോധത്തിന്റെ സുപ്രധാന ഭാഗമായ RRT (റാപ്പിഡ് റെസ്പോൺസ് ടീം)യെ ശരിയായി പ്രവർത്തിപ്പിക്കുക എന്ന വലിയ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിരുന്നു. അതുകൊണ്ടുതന്നെ അത് ഒരു ആൾക്കൂട്ടമായി മാറാതെ സാമൂഹിക അകലം, കൊവിഡ് നിയന്ത്രണ പ്രോട്ടോകോൾ എന്നിവ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധപുലർത്തി.

ജില്ലയിലെ 750ൽപരം വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾക്കുള്ള ആവശ്യം കഴിഞ്ഞുള്ള മൊത്തം ഭക്ഷ്യധാന്യങ്ങളും ജില്ലാ സപ്ലൈ ഓഫീസർ അനുവദിച്ച ഭക്ഷ്യധാന്യങ്ങളും സന്നദ്ധപ്രവർത്തകർ നൽകുന്ന ഭക്ഷ്യവസ്തുക്കളും ശേഖരിച്ച് പഞ്ചായത്തുകൾക്ക് അധിക സാമ്പത്തിക ബാധ്യത ഇല്ലാതെയാണ് കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ആകെ 96 കമ്മ്യൂണിറ്റി കിച്ചനുകളാണ് ആരംഭിച്ചത്. മലപ്പുറം ജില്ലയിലെ പൊതുസമൂഹത്തിന്റെ സേവനതല്പരതയും നാനാതരത്തിലുള്ള വ്യത്യസ്തതകളെ താലോലിക്കുന്ന സന്മനോഭാവവും ദർശിക്കാൻ കഴിയുന്ന തരത്തിലുള്ളതായിരുന്നു ഓരോ ഗ്രമാപഞ്ചായത്തുകളിലെയും കമ്മ്യൂണിറ്റി കിച്ചനുകളുടെ നടത്തിപ്പ്. സംഭാവനയായി കമ്മ്യൂണിറ്റി കിച്ചനിലേക്കാവശ്യമായ ധാന്യങ്ങളും പച്ചക്കറികളുമെല്ലാം വലിയൊരളവുവരെ ലഭ്യമാവുകയുണ്ടായി. സഹായഹസ്തം നീട്ടേണ്ടയിടങ്ങളിൽ യാതൊരു വേർതിരിവുമില്ലാതെ, മലയാളിയെന്നോ, തമിഴനെന്നോ, ബംഗാളിയെന്നോ ഭേദമില്ലാതെ, ജാതിയോ മതമോ, രാഷ്ട്രീയ കാഴ്ചപ്പാടുകളോ ഒന്നും മനുഷ്യനെ സഹായിക്കുന്നതിൽ മഹാവ്യാധിയിൽ നിന്ന് സമൂഹത്തെ രക്ഷിച്ചെടുക്കുന്നതിനുള്ള കൂട്ടായ്മകളിൽ മതിലുകൾ ആകാതെയുള്ള നന്മയാർന്ന പ്രവർത്തനങ്ങൾ ജില്ലയുടെ അനിതരസാധാരണമായ പ്രത്യേകതയായി കാണാവുന്നതാണ്.

അതിഥി തൊഴിലാളികളുടെ വിവരശേ

*മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*



ഖരണത്തിനും അതിഥി തൊഴിലാളിക ൾക്ക് ഭക്ഷ്യസാമഗ്രികളുടെ കിറ്റ് വിതരണ ത്തിനും ഒരു വാർഡിൽ നിന്നും ഏകദേശം 6 വളന്റിയർമാർക്ക് സേവനങ്ങൾ നൽകു ന്നതിന് സമയബന്ധിതമായി പാസ്സുകൾ അനുവദിച്ചിരുന്നു. അവയവമാറ്റങ്ങൾ നടത്തിയവരുടെയും കിഡ്നി രോഗികളു ടെയും വിവരങ്ങൾ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനും മറ്റുപ്രധാന വകുപ്പുകൾക്ക് ഭക്ഷണം, ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ തുട ങ്ങിയവ നൽകുന്നതിനും പൊതു ശുചീകരണം നടത്തുന്നതിനും ജനപ്രതി നിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒറ്റ ക്കെട്ടായ പ്രവർത്തനംകൊണ്ട് സാധിച്ചി ട്ടുണ്ട്. വിവിധ ഭാഷ സംസാരിക്കുന്നവരുടെ ആശങ്കകൾക്കും ആവശ്യകതകൾക്കും അറുതി വരുത്തുവാൻ കഴിയുമോ എന്ന ആശങ്കയ്ക്ക് അടിസ്ഥാനം ലവലേശമില്ലാ തെയുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തിവരുന്നു.



ജില്ലയിലെ 94 ഗ്രാമപഞ്ചായത്തുകളിലും അടിയന്തര സാഹചര്യം നേരിടുന്നതിന് ഓരോ കൊറോണ ഐസൊലേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ഉചിതമായ സൗകര്യങ്ങളോടെ കെട്ടിടങ്ങൾ സജ്ജമാ ക്കിയിട്ടുണ്ട്. ദുരന്തനിവാരണ പദ്ധതിക ൾക്കായി ഗ്രാമപഞ്ചായത്തുകൾ ശേഖരിച്ച വിവരങ്ങൾ ഈ ഘട്ടത്തിൽ വലിയ സഹാ യകമായി. കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ കൊറോണ വ്യാപനം സമൂഹ വ്യാപനത്തി ന്റെ ഘട്ടത്തിലേക്ക് കടന്നുവോയെന്ന സംശയം ജനിപ്പിക്കുന്ന തരത്തിലുള്ള സാഹചര്യം ഉണ്ടായത് ഭയാശങ്കകളുടെ കരിനിഴൽ പരത്തുന്ന ഒന്നായിരുന്നു. ഇതിനെ തുടർന്ന്, കീഴാറ്റൂർ പഞ്ചായത്തിൽ ആരംഭിച്ച കൊറോണ കെയർ സെന്ററിന്റെ നേതൃത്വത്തിൽ നടത്തിയ ബൃഹത്തായ പ്രവർത്തനത്തിലൂടെ ഭീതിദമായ അന്തരീ ക്ഷത്തിന് പൂർണ്ണമായി വിരാമമിടാൻ കഴിഞ്ഞതും ജില്ലയിലെ പ്രതിരോധ പ്രവ ർത്തനങ്ങൾക്ക് ആക്കം നൽകി.



ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ തെരുവുകളിലും മറ്റും അലഞ്ഞ് നടക്കുന്ന പരാശ്രയമില്ലാത്തവരെ സംരക്ഷിക്കുന്ന തിന് ഷെൽറ്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം മണിക്കൂറുകൾ കൊണ്ടാണ് കണ്ടെത്തിയത്. കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ സമ്മർദ്ദങ്ങൾക്കി ടയിലും കുടിവെള്ളക്ഷാമം അനുഭവി ക്കുന്ന പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം നടന്നുവരുന്നു. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളും 2020 മാർച്ച് 31ന് മുൻപ് ബജറ്റ് പാസ്സാക്കിയതും 10 പഞ്ചായത്തുകൾ 100 ശതമാനം നികുതി പിരിച്ചെടുത്തതും ജില്ലയിലെ എല്ലാ പഞ്ചായത്തുകളും ശരാശരി 75 ശതമാനത്തിലധികം പദ്ധതിച്ചെലവ് കൈവരിച്ചതും നേട്ടമായി.

മഹാമാരിയുടെ കാലത്ത് ഏവർക്കും ഏത് ആവശ്യത്തിനും സമീപിക്കാവുന്ന ഒരു ജനകീയ സംവി ധാനമാക്കി ഗ്രാമപഞ്ചായത്തുകളെ രൂപപ്പെടുത്തിയെടുക്കുവാൻ സർക്കാ രിനു കഴിഞ്ഞു. 2019 ൽ ഈ ജില്ലയെ രൂക്ഷമായി ബാധിച്ച മഹാപ്രളയത്തിന്റെ വേളയിലും പഞ്ചായത്ത് സംവിധാനം നടത്തിയ എല്ലാ ജനോപകാര പ്രവർത്ത നങ്ങളും അതിന്റെ ഇരട്ടിയിലധികം ആർജ്ജവത്തോടെ ഇപ്പോൾ നടത്തുവാൻ കഴിഞ്ഞുവെന്നത് അതിജീവനത്തിന്റെ പ്രതീക്ഷകൾക്ക് കരുത്ത് പകരുന്നു. പ്രള യത്തിൽ സർവ്വവും നഷ്ടപ്പെട്ട 2 കുടുംബങ്ങ ൾക്കുള്ള പഞ്ചായത്ത് ജീവനക്കാരുടെ “സ്നേഹ ഭവനം” പൂർണ്ണമായും പൂർത്തീക രിച്ചുകഴിഞ്ഞു.

പഞ്ചായത്ത് ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സേവനതല്പരത യും സാമൂഹ്യപ്രതിബദ്ധതയും സമന്വയിച്ച് വരുന്ന സാഹചര്യം പ്രളയത്തോടനു ബന്ധിച്ച പ്രവർത്തനവേളയിൽ നമ്മൾ കണ്ടതാണ്. എന്നാൽ ഒരു പകർച്ചവ്യാധി സൃഷ്ടിച്ച ഭീതിദമായ അന്തരീക്ഷത്തിലും ആത്മാർത്ഥതയും അർപ്പണമനോഭാവവും കൈമുതലാക്കിയ ജീവനക്കാർ, ജനപ്രതി നിധികൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, അങ്കണവാടി ജീവനക്കാർ, ആശാ പ്രവർത്തകർ, ജാഗ്രതാസമിതി പ്രവർത്ത കർ സ്വന്തം കുടുംബാംഗങ്ങളെപോലും മറന്ന് അക്ഷരാർത്ഥത്തിൽ 24 മണിക്കൂറും പ്രവർത്തിച്ച് ഒരു മഹാവ്യാധിയെ നിയ ന്ത്രണത്തിലാക്കാൻ ശ്രമിക്കുന്ന പ്രവ ർത്തന മികവ് ഇതുപോലെ ദർശിക്കാൻ കഴിഞ്ഞിട്ടില്ല. □

*ലേഖകൻ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്*



*പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*

# അതിജീവനത്തിന്റെ അധ്യായം




**എം. രാമൻകുട്ടി**

സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയായ പാലക്കാട്, തമിഴ്നാടിനോട് അതിർത്തി പങ്കിടുന്ന ജില്ലയായതുകൊണ്ടും കേരളത്തിൽ ആദ്യമായി കൊവിഡ് 19 സ്ഥിരീകരിച്ച തൃശ്ശൂർ ജില്ലയുടെ അതിർത്തി ജില്ലയായതുകൊണ്ടും രോഗവ്യാപനം ഉണ്ടാവാൻ സാധ്യത കൂടുതലാണെന്ന് മനസ്സിലാക്കി വളരെ ചിട്ടയായും കൃത്യതയോടെയും ഒരോ ദിവസവും വസ്തുതകൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന സമീപനമാണ് കൈക്കൊണ്ടത്. ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ വളരെ കൂടുതലാണ്. അതിഥി തൊഴിലാളികൾ ധാരാളമുണ്ട്. കൂടാതെ മറ്റ് സംസ്ഥാനത്ത് നിന്നും വരുന്ന യാത്രക്കാരെ ക്വാറന്റൈൻ ചെയ്യൽ വലിയ പ്രയാസം സൃഷ്ടിച്ചിരുന്നു.

ഫെബ്രുവരി ആദ്യവാരം തന്നെ ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകളും അടിയന്തരയോഗം ചേർന്ന കൊറോണ ബോധവല്ക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. വിദേശരാജ്യങ്ങളിൽ നിന്നും മറ്റു കൊറോണ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയവരെ ഗാർഹിക നിരീക്ഷണത്തിലാക്കുകയും നിരീക്ഷണ കാലയളവിൽ ധാർമ്മിക പിന്തുണയും മറ്റ് സഹായസഹകരണങ്ങളും നൽകുകയും ചെയ്തു.

പാലക്കാട് ജില്ലയിൽ കാരാക്കുറുശ്ശി, കോട്ടോപ്പാടം, കിഴക്കഞ്ചേരി, ചാലിശ്ശേരി, പുതുപ്പരിയാരം, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തുകളിൽ ഓരോ പോസിറ്റീവ് കേസുകളും ഒറ്റപ്പാലം നഗരസഭയിൽ 2 കേസും ഉൾപ്പെടെ ആകെ 8 പോസിറ്റീവ് കേസുകളാണ് ഉണ്ടായിരുന്നത്. അതിൽ ഇതിനോടകം 6 പേർ രോഗവിമുക്തരാവുകയും ചെയ്തു. പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത ഗ്രാമപഞ്ചായത്തുകളിലെ രോഗബാധിതരുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളെയും ഹോം ക്വാറന്റൈനിൽ വെച്ചതിന്റെ ഫലമായി ജില്ലയിൽ ആകെ ഹോം ക്വാറന്റൈനിൽ ഉണ്ടായിരുന്ന ആളുകളുടെ എണ്ണം 26000 ലധികം ഉയരുകയും പിന്നീടത് 10000 ൽ താഴെയാവുകയും ചെയ്തു. ഇപ്പോൾ ഓരോ ദിവ സവും എണ്ണം കുറഞ്ഞു വരുന്നുണ്ട്.

കൊവിഡ് 19 നെ നേരിടാൻ 88 ഗ്രാമപഞ്ചായത്തുകളിലെ 1490 വാർഡുകളിലും വാർഡുതല സമിതികൾ രൂപീകരിച്ച് നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ്, വീട് വീടാന്തരമുള്ള സന്ദർശനം തുടങ്ങിയവയിലൂടെ ബോധവത്കരണം നടത്തി. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള പ്രത്യേക ബോധവല്ക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, അംഗൻവാടിവർക്കർമാർ, സന്നദ്ധ വളന്റിയർമാരും മെമ്പർമാരും പഞ്ചായത്ത് ജീവനക്കാരും ഉൾപ്പെടെയുള്ളവർ ഇതിൽ പങ്കാളികളായി. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ അണുനശീകരണം നടത്തുവാൻ സാധിച്ചിട്ടുണ്ട്.

ജില്ലയിലെ എല്ലാ കമ്മ്യൂണിറ്റി കിച്ചനുകളിലേക്കും പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും പണമായും സാധന സാമഗ്രികളായും ധാരാളം സംഭാവനകൾ ലഭിക്കുന്നുണ്ട്. അതിനാൽ തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ വലിയ സാമ്പത്തിക ഭാരം ഉണ്ടാവാതെ കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്.

കൊവിഡ് 19 നിടയിലും ദുരന്തനിവാരണ പദ്ധതിരേഖ തയ്യാറാക്കാനും 2020-2021 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുവാനും മാർച്ച് 31നകം ബഡ്ജറ്റ് പാസാക്കുവാനും കഴിഞ്ഞു. കൂടാതെ 2019-2020 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ 13 ഗ്രാമപഞ്ചായത്തുകൾക്ക് 100% വസ്തുനികുതി പിരിവ് നേട്ടം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

രണ്ട് മഹാപ്രളയങ്ങളെ നേരിടുകയും അതിജീവിക്കുകയും ചെയ്തതിൽ നിന്നും ലഭിച്ച ഊർജ്ജവും പരിചയ സമ്പത്തും കൊവിഡ് 19 എന്ന മഹാമാരിയുടെ വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രചോദനമായി വർത്തിച്ചു. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും ഏറ്റെടുത്ത് നടപ്പിലാക്കി വരികയാണ്. മാത്രമല്ല, സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന ജില്ലയായതിനാൽ കുടിവെള്ളം വിതരണം ചെയ്യുന്ന പ്രവർത്തിയും ഒരേ സമയം നടപ്പിലാക്കിവരുന്നു. ഈ പ്രവർത്തനങ്ങളെല്ലാം തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടു പോകുവാൻ കഴിഞ്ഞത് 88 ഗ്രാമപഞ്ചായത്തുകളിലെയും സെക്രട്ടറിമാരുടെയും മുഴുവൻ ജീവനക്കാരുടെയും പ്രസിഡന്റുമാർ, മറ്റു ജനപ്രതിനിധികൾ എന്നിവരുടെയും പൂർണ്ണ സഹകരണം ലഭിച്ചതുകൊണ്ട് മാത്രമാണ്. □

*ലേഖകൻ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*



# ഒരുമയോടെ പ്രതിരോധം

# മാതൃകയായി തൃശ്ശൂർ

പ്രതിരോധ വഴികളിലൂടെ

■ പ്രസാദ് പി.ടി.

**ഇന്ത്യയിലെ ആദ്യത്തെ കൊവിഡ് - 19 കേസ് റിപ്പോർട്ട് ചെയ്തത് 2020 ജനുവരി 30 ന് തൃശ്ശൂർ ജില്ലയിൽ**

ഇന്ത്യയിലെ ആദ്യ കൊവിഡ്- 19 കേസ് റിപ്പോർട്ട് ചെയ്തത് ജനുവരി 30 ന് തൃശ്ശൂർ ജില്ലയിലായിരുന്നു. വുഹാനിൽ നിന്നെത്തിയ വിദ്യാർത്ഥിനിയ്ക്കായിരുന്നു രോഗം. മുൻ മാതൃകകളില്ലാതിരുന്ന രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടം പ്രധാന കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ പഞ്ചായത്ത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയത്. ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ കൺട്രോൾ റൂമും കാൾ സെന്റർ ആരംഭിച്ചു. ജില്ലയിലെ പ്രധാന വകുപ്പു മേധാവികളുടെ യോഗം ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തരമായി ചേരുകയും തുടർന്ന് എല്ലാ ദിവസവും വൈകീട്ട് 6 മണിക്ക് അവലോകനം നടക്കുകയും ചെയ്തിരുന്നു. അവലോകനത്തിന് ശേഷം മന്ത്രിമാർ പങ്കെടുക്കുന്ന വാർത്താ സമ്മേളനവും പതിവായിരുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് ഭവനങ്ങളിൽ നിരീക്ഷണത്തിൽ ഉണ്ടായിരുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും ആവശ്യമെങ്കിൽ ഭക്ഷണം, അവശ്യസാധനങ്ങൾ, കൗൺസിലിങ്ങ് എന്നിവ ഏർപ്പാടാക്കുന്ന ഉത്തരവാദിത്തമാണ് ഏൽപ്പിച്ചിരിക്കുന്നത്. കൂടാതെ നിരീക്ഷണത്തിലായിരിക്കുന്ന വ്യക്തികൾ വീടിനു പുറത്ത് സഞ്ചരിക്കുന്നത് പോലീസ് സഹായത്താൽ തടയുന്നതിനുള്ള നടപടികൾ എടുത്തിരു



*സൗജന്യ ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിക്കുന്നു.*



*തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*



ന്നു. ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി-ഉദ്യോഗസ്ഥ സഹകരണത്തോടെ ഈ പ്രവർത്തനങ്ങൾ ഭംഗിയായി നിർവ്വഹിച്ചു വരുന്നു.

ആദ്യഘട്ടത്തിലെ ഏക കൊവിഡ് ബാധിത ഫെബ്രുവരി 9 ന് നെഗറ്റീവ് ആയി. ഈ ദിവസത്തെ കണക്കനുസരിച്ച് 38 ഗ്രാമപഞ്ചായത്തുകളിലായി 233 പേർ വീടുകളിലും 8 പേർ ആശുപത്രികളിലും നിരീക്ഷണത്തിലായിരുന്നു. നിരീക്ഷണത്തിലുള്ളവരുടെ സൗകര്യങ്ങളിൽ കുറവു വരാതിരിക്കുന്നതിനായിരുന്നു ഗ്രാമപഞ്ചായത്തുകൾ കൃത്യമായും ഇടപ്പെട്ടിരുന്നത്. കുടിവെള്ളം, ഭക്ഷണം, വൈദ്യുതി, പത്രം, പാൽ ഇവയെല്ലാം ലഭ്യമാക്കുവാൻ ശ്രദ്ധിച്ചിരുന്നു. നിരീക്ഷണത്തിലുള്ളവരിൽ ചിലർ നിബന്ധനകൾ ലംഘിച്ച് പൊതു സ്ഥലങ്ങളിൽ ഇറങ്ങി നടക്കുന്നത് പോലീസ് സഹായത്താൽ പരിഹരിച്ചിരുന്നു. നിരീക്ഷണ കാലാവധി കഴിഞ്ഞ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കാതിരുന്ന നടപടികളും പഞ്ചായത്ത് ഇടപെട്ടാണ് പരിഹരിച്ചിരുന്നത്.

ജില്ലയിലെ നിറസാന്നിദ്ധ്യമായതദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ജില്ലയിലെ അനവധി ഗ്രാമപഞ്ചായത്തുകളിൽ നേരിട്ട് സന്ദർശനം നടത്തി നിർദ്ദേശങ്ങൾ നൽകിയിരുന്നു. മാർച്ച് 6-ാം തിയതിയോടു കൂടി രണ്ടാംഘട്ട വ്യാപനം ആരംഭിച്ചതിന്റെ ഭാഗമായി 109 പേർ ജില്ലയിൽ നിരീക്ഷണത്തിലായി. ഈ ഘട്ടം കേരളത്തിലും ആശങ്കയ്ക്കിടയാക്കിയതിനാൽ യോഗങ്ങൾ, ആഘോഷങ്ങൾ, ഒത്തുചേരലുകൾ എന്നിവയ്ക്ക് കടിഞ്ഞാൺ വന്നു. വീഡിയോ കോൺഫറൻസിങ്ങ്, ഇ.മെയിൽ, വാട്സ് ആപ്പ് മുതലായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തി. മാർച്ച് 11 ആകുമ്പോഴേക്കും ജില്ലയിൽ 1040 പേർ നിരീക്ഷണത്തിലായി.

മാർച്ച് 14 ന് ജില്ലാ ആസൂത്രണ സമിതി ഹാളിൽ മന്ത്രിമാർ. എം.പിമാർ, എം.എൽ.എ മാർ ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ജില്ലാ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേർന്നു. പ്രതിരോധ പ്രവർത്തനങ്ങൾക്ക് അനുവർത്തിക്കേണ്ട നടപടികൾക്ക് അന്തിമ രൂപം നൽകി. വാർഡുതലം വരെയുള്ള പ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടം ഏകോപിപ്പിക്കുകയും. ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ ഏവരും പാലിക്കുന്നതിനും ബോധവൽക്കരണ പരിപാടികളിൽ അനൗൺസ്മെന്റ് മുതലായവ ഉപയോഗപ്പെടുത്തുവാനും അതിഥി തൊഴിലാളികൾക്കിടയിൽ അറിവ് പകരാനും വഴിയോരങ്ങളിൽ കഴിയുന്നവർക്ക് പരിരക്ഷ ഉറപ്പാക്കുവാനും തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ട സർക്കാർ നിർദ്ദേശങ്ങൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് ജനപ്രതിനിധികളും ഗ്രാമപഞ്ചായത്ത് ജീവനക്കാരും കാണിച്ചിട്ടുള്ള പാടവം അവിതർക്കിതമാണ്. 1600 സാനിറ്റൈസർ കിയോസ്കുകളാണ് ബ്രേക്ക് ദ ചെയിൻ ക്യാമ്പയിനിന്റെ ഭാഗമായി പഞ്ചായത്തുകൾ ഏർപ്പാടാക്കിയത്.

പ്രശസ്തമായ അനവധി ഉത്സവങ്ങൾ ഒഴിവാക്കി. ദേവാലയങ്ങൾ ആളുകളും ആരവങ്ങളുമില്ലാതെ മൗനത്തിലായി. തൃശ്ശൂർ പൂരം, കൊടുങ്ങല്ലൂർ ഭരണി, പാവറട്ടി പെരുന്നാൾ തുടങ്ങിയ എല്ലാ ആഘോഷങ്ങൾക്കും ഈ വർഷത്തിൽ അവധി പറഞ്ഞു.

അതിഥി തൊഴിലാളികൾക്ക് മാത്രമായി 6 ക്യാമ്പുകൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജില്ലയിൽ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ സഹായത്താൽ ആദ്യഘട്ടത്തിൽ 13,000 ഭക്ഷ്യകിറ്റുകളും രണ്ടാംഘട്ടത്തിൽ 19,000 ഭക്ഷ്യകി

റ്റുകളുമാണ് അതിഥി തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ചിലയിടങ്ങളിൽ പഞ്ചായത്തുകൾ സ്പോൺസർഷിപ്പിലൂടെയും തനത് ഫണ്ട് ഉപയോഗിച്ചും ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തി. ഇത്തരം പ്രവർത്തനങ്ങൾ സുസാധ്യമാക്കുന്നതിന് വാർഡുതല റാപ്പിഡ് റസ്പോൺസ് ടീം നടത്തിയ സേവനം എടുത്ത് പറയേണ്ടതാണ്.

ഉദ്യോഗസ്ഥ ജനപ്രതിനിധി ബന്ധം ഊട്ടി ഉറപ്പിച്ച പ്രവർത്തനമാണ് കൊവിഡ് പ്രതിരോധ കാലത്ത് കണ്ടുവരുന്നത്. വിരലിൽ എണ്ണാവുന്ന കുറവുകൾ മാറ്റി നിർത്തിയാൽ സമാനതകളില്ലാത്ത പ്രവർത്തനം. പ്രതിരോധ നടപടികൾക്കൊപ്പം മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെയും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനത്തിന്റെയും കുടിവെള്ളവിതരണത്തിന്റെയും ചുമതലകൂടി ഗ്രാമപഞ്ചായത്തുകൾ ഈ ദിവസങ്ങളിൽ കൈകാര്യം ചെയ്തു വരികയാണ്.



## കമ്മ്യൂണിറ്റി കിച്ചൻ

കമ്മ്യൂണിറ്റി കിച്ചൻ ജില്ലയിൽ 86 എണ്ണം ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ ആഹ്വാനത്തിന് അടുത്ത ദിവസം തന്നെ 45 ഗ്രാമപഞ്ചായത്തുകൾ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു. രണ്ടാം ദിവസം 86 ഗ്രാമപഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആരംഭിച്ചു. ഏപ്രിൽ രണ്ടിനായിരുന്നു കൂടുതൽ ഭക്ഷണം നൽകിയത് 14,574 എണ്ണം. കൂടാതെ കുടുംബശ്രീ 20 രൂപയ്ക്ക് ഊണ് നൽകുന്ന 22 ജനകീയ ഹോട്ടലുകളും ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്ക് അടിസ്ഥാന സൗകര്യം ഗ്രാമപഞ്ചായത്തുകളാണ് ഒരുക്കി നൽകിയിട്ടുള്ളത്.

സംഭാവനകൾ, തനത് ഫണ്ട് എന്നിവ ഉപയോഗിച്ചാണ് ഗ്രാമപഞ്ചായത്തുകൾ കമ്മ്യൂണിറ്റി കിച്ചനുകൾ നടത്തിയിരുന്നത്. ചില ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ ദിവസത്തെയും ഭക്ഷണം സ്പോൺസർ ചെയ്യാൻ സന്മനസ്സുകൾ ഉണ്ടായിരുന്നു.

*പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടന്ന വൃദ്ധനെ അതിഥി ക്യാമ്പിൽ എത്തിച്ച് പരിചരിക്കുന്നു.*



## ശ്രദ്ധിക്കപ്പെട്ട പ്രവർത്തനങ്ങൾ

- ടെലി മെഡിസിൻ -പല പഞ്ചായത്ത് ആരോഗ്യ കേന്ദ്രങ്ങളും നിലവിലെ മൊബൈൽ അപ്ലിക്കേഷൻഉപയോഗിച്ച് ടെലിമെഡിസിൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.
- പക്ഷിമൃഗാദികൾക്ക് ഭക്ഷണം ഒരുക്കി ഗ്രാമപഞ്ചായത്തുകൾ - ബലിക്കാക്കൾക്ക് ഐവർ മഠം പരിസരത്ത് തിരുവില്വാമല ഗ്രാമപഞ്ചായത്ത് സ്ഥിരമായി ഭക്ഷണം നൽകി വരുന്നു.
- വ്യാപാരികളേയും ഓട്ടോ ഡ്രൈവർമാരെയും ബന്ധിപ്പിച്ച് മരുന്നും പലചരക്ക് സാധനങ്ങളും വീട്ടിലെത്തിക്കുന്നതിന് വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ട്.
- ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉപയോഗിക്കാവുന്ന തരത്തിലുള്ള അനൗൺസ്മെന്റ് ഓഡിയോ ക്ലിപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും തയ്യാറാക്കി നൽകിയിരുന്നു.
- തെരുവിൽ അലഞ്ഞു തിരിഞ്ഞ് നടന്നിരുന്ന മാനസിക രോഗികൾക്കും അഗതികൾക്കും നിരവധി ഗ്രാമപഞ്ചായത്തുകൾ ഭക്ഷണവും താമസ സൗകര്യവും ഒരുക്കി നൽകി. ☐

*ലേഖകൻ തൃശ്ശൂർ*
*- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*

### സംഭാവനകൾ

പഞ്ചായത്തുകൾക്ക് ഏപ്രിൽ 14 വരെ ലഭിച്ച സംഭാവനകൾ.

| | | |
|---|---|---|
| സംഭാവന തുക | - | 18,52,450രൂപ |
| അരി | - | 57544കി.ഗ്രാം |
| ആട്ട | - | 1396 കി.ഗ്രാം |
| സവാള | - | 3889 കി.ഗ്രാം |
| ഉരുളക്കിഴങ്ങ് | - | 3045 കി.ഗ്രാം |
| പച്ചക്കറി | - | 13600കി.ഗ്രാം |
| പാകം ചെയ്ത ഭക്ഷണം | - | 1790 പാക്കറ്റ് |
| നാളികേരം | - | 2020 എണ്ണം |
| വെളിച്ചെണ്ണ | - | 100 ലിറ്റർ |
| മറ്റു പലവ്യഞ്ജനങ്ങൾ | - | 3 ടൺ |




പ്രതിരോധ വഴികളിലൂടെ

# മഹാമാരിയെ തളച്ച് എറണാകുളം

■ **മാലതി കെ.വി.**

എറണാകുളം ജില്ലയിൽ കൊവിഡ്-19 എന്ന മഹാമാരി ആദ്യമായി സംസ്ഥാനത്തെ റിപ്പോർട്ട് ചെയ്തത് മുതൽ ഗ്രാമപഞ്ചായത്തുകൾ ജില്ലാഭരണകൂടത്തോടൊപ്പം സത്വര നടപടികൾ ആരംഭിച്ചു. മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായിസംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ വന്നിറങ്ങുന്ന അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന എന്നനിലയിലും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികൾ അധിവസിക്കുന്ന എന്ന നിലയിലും ജില്ല നേരിടുന്ന വെല്ലുവിളികൾ ഏറെയാണ്. ഇത്തരം വെല്ലുവിളികൾ സധൈര്യം ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടത്തോടൊപ്പം പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ ഓഫീസും ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും നിസ്തുലമായ പങ്കാണ് വഹിച്ചു വരുന്നത്.

## താഴെതട്ടിലെ പ്രതിരോധ പ്രവർത്തനങ്ങൾ

എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൺട്രോൾ റൂമുകൾ തുറക്കുകയും ജനപ്രതിനിധികളും ജീവനക്കാരും കൈമെയ് മറന്ന് പ്രവർത്തനത്തിൽ ജാഗരൂകരാകുകയും ചെയ്തു. ആദ്യഘട്ടത്തിൽ രോഗവ്യാപനം തടയുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വ്യാപകമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും മാസ്ക്, സാനിറ്റൈസർ, സോപ്പ് എന്നിവ ഉപയോഗിക്കുന്നതിന് വിപുലമായ പ്രചാരണം നല്കുകയും രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി വയോജനങ്ങൾക്കും അതിഥിതൊഴിലാളികൾക്ക് അവരുടെ ഭാഷയിലും ബോധവത്കരണം നടത്തുകയും ചെയ്തു. തൊഴിലാളിക്യാമ്പിലെ പരിശോധനകൾ, സർക്കാർ-സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിൽ ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോകോൾ പാലിക്കുന്നതിനുള്ള ഇടപെടലുകൾ, ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഐസൊലേഷൻ നിരീക്ഷണം, ഭക്ഷണ കിറ്റെത്തിക്കൽ, നിരീക്ഷണ രോഗികളുടെ കുടുംബങ്ങൾക്കുള്ള മരുന്നുകളും ഭക്ഷണ സാമഗ്രികളും വളന്റിയർമാരെ നിയോഗിച്ച് എത്തിക്കൽ എന്നിവയെല്ലാം മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നു. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ ഏറെ പ്രശംസ

*എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*



പിടിച്ചുപറ്റിയത് കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനമാണ്. പഞ്ചായത്തിലെ ഒരാൾ പോലും പട്ടിണി കിടക്കരുത് എന്ന നില യിലുള്ള പ്രവർത്തനം രാജ്യത്തിന് തന്നെ മാതൃകയായി.



## കൊവിഡ് സെൽ

കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ ഓഫീസിൽ കൊവിഡ്സെൽ രൂപീകരി ക്കുകയും പഞ്ചായത്തുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. രോഗബാ ധയുടെ ആരംഭഘട്ടത്തിൽ ഹോം ക്വാറ ന്റൈൻ ചെയ്തവർക്ക് ജില്ലാ ഭരണകൂടവും ലുലു മാളുമായി സഹകരിച്ച് 801 ഭക്ഷ്യധാ ന്യകിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മുഖേന പഞ്ചായത്തുകൾക്ക് വിതരണം ചെയ്തത് ജില്ലയിൽ നടത്തിയ വേറിട്ട പ്ര വർത്തനമാണ്.

ഒരു ദുരന്തം ഉണ്ടാകുമ്പോൾ ജനപ്രതി നിധികളും ജീവനക്കാരും എപ്രകാരം ഉണർന്ന് പ്രവർത്തിക്കുമെന്നത് പ്രളയകാ ലത്ത് നാം അനുഭവിച്ചറിഞ്ഞതാണ്. വീണ്ടും ഒരു ദുരന്തം നാടിന് നേരിടേണ്ടി വന്നപ്പോൾ ഗ്രാമപഞ്ചായത്തുകൾ കൈ മെയ്യ് മറന്ന് പ്രതിരോധ പ്രവർത്ത നങ്ങ ൾക്ക് മുമ്പന്തിയിൽ നില്ക്കുന്നത് ഏതുവലിയ ദുരന്തത്തെയും നേരിടുന്നതിന് നാം സജ്ജമാണ് എന്നതിന്റെ തെളിവാണ്.



## നേരിട്ട വെല്ലുവിളികൾ

വാഴക്കുളം ഗ്രാമപഞ്ചായത്തിൽ 2500 -ലധികം അതിഥി തൊഴിലാളികൾ തിങ്ങി പ്പാർക്കുന്ന ഭായ് കോളനിയിലെ തൊഴി ലാളികൾ തങ്ങളുടെ നാട്ടുകളിലേക്ക് തിരികെ പോകുന്നതിന് നടപടി വേണ മെന്നാവശ്യവുമായി തെരുവിൽ സംഘടി ച്ചേക്കുമെന്ന സൂചന ലഭിച്ചത് കടുത്ത വെല്ലുവിളി ഉയർത്തി. എന്നാൽ ജില്ലാ ഭരണകൂടവും പോലീസ് അധികാരികളും ഗ്രാമപഞ്ചായത്തും സമയോചിതമായി ഇടപെട്ട പ്രശ്നം രമ്യമായി പരിഹരിച്ചു.



## വേറിട്ട മാതൃകകൾ

മുഖ്യമന്ത്രിയുടെ ആഹ്വാനം ഉൾക്കൊ ണ്ടു കൊണ്ട് വടക്കേക്കര ഗ്രാമപഞ്ചായ ത്തിന്റെ നേതൃത്വത്തിൽ എല്ലാ വീടുകളിലും പച്ചക്കറി കൃഷി ആരംഭിച്ചു. കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് കുട്ടികളും മുതിർന്നവരും ഒരുപോലെ പങ്കുചേരുന്ന ഓൺലൈൻ കലോത്സവം നടത്തിയത് ലോക്ഡൗൺ കാലത്ത് വേറിട്ടമാതൃക സൃഷ്ടിച്ചു.

കൊവിഡ് പ്രതിരോധ പ്രവർത്തനത്തി ൽ ലോകമാതൃകയായ ഒരു ഭരണകൂടത്തിൽ കീഴിൽ, ലഭിക്കുന്ന നിർദ്ദേശങ്ങൾ കൃത്യ തയോടെ നടപ്പിലാക്കി കുറ്റമറ്റരീതിയിൽ പ്രവർത്തിക്കാൻ ജില്ലയിലെ മുഴുവൻ ഗ്രാ മപഞ്ചായത്തുൾക്കും, അതിന് നേതൃത്വം നല്കാൻ എറണാകുളം പഞ്ചായത്ത് ഡെപ്യൂ ട്ടിഡയറക്ടർ ഓഫീസിനും കഴിഞ്ഞു എന്ന ള്ളത് ചാരിതാർത്ഥ്യം നല്കുന്നതാണ്. കേരളം കഴിഞ്ഞ 2 വർഷങ്ങളിൽ കണ്ട മഹാപ്രളയ ത്തിലും കൊവിഡ് പോലുള്ള മഹാമാരിയിലും പഞ്ചായത്ത് ജീവനക്കാരും ജനപ്രതിനിധി കളും നടത്തിവരുന്ന കരുത്തുറ്റ പ്രവർത്തനം ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യം അടിവരയിടുന്നു. ☐

*ലേഖകൻ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*




# മൂന്നാർ : പ്രതിരോധത്തിന്റെയും കരുതലിന്റെയും പറുദീസ

പ്രതിരോധ വഴികളിലൂടെ

■ കുര്യാക്കോസ് കെ.വി.

തെക്കിന്റെ കാശ്മീർ എന്ന് അറിയപ്പെടുന്ന മൂന്നാർ ഇടുക്കി ജില്ലയുടെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നാണ്. ഒരിക്കൽ എത്തുന്ന ഏതൊരു വിദേശിയും വീണ്ടും എത്തിച്ചേരാൻ ആഗ്രഹിക്കുന്ന മൂന്നാറിനെ ഇത്രയേറേ ആകർഷകമാക്കുന്നത് കുളിരുറുന്ന കാലാവസ്ഥയും തേയിലക്കാടിന്റെ ഭംഗിയും ആണ്. സ്വദേശികളും വിദേശികളുമായ സഞ്ചാരികളെക്കൂടാതെ തദ്ദേശവാസികളും ചേർന്ന് തിങ്ങിപ്പാർക്കുന്ന മൂന്നാറിലെ ജനസാന്ദ്രത പലപ്പോഴും വലിയ പട്ടണ പ്രദേശങ്ങൾക്ക് സമമാണ്. ആകെ ജനസംഖ്യ 31000 ആണെങ്കിലും സീസണിൽ പുറമേ നിന്ന് ഇതിലും വളരെ മടങ്ങ് ആളുകൾ മൂന്നാറിൽ എത്തുന്നു. ഹോം സ്റ്റേകളും റിസോർട്ടുകളും ലോഡ്ജുകളും ഉൾപ്പെടെ മുന്നൂറിലധികം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ഇവിടെ ഉണ്ട്. സ്ഥിരതാമസക്കാർ അധികവും താമസിക്കുന്നത് കോളനികളിലാണ്. ഏതൊരു വൻ നഗരത്തെയും പോലെ സാമൂഹികമായി ബാധിക്കുന്ന ഏതൊരു പ്രശ്നവും പടർന്നു പിടിക്കാൻ ഇവിടെ ക്ഷണ നേരം മതി.

ജനുവരി 29 ന് വുഹാനിൽ നിന്നും എത്തിയ മെഡിക്കൽ വിദ്യാർത്ഥി മുഖേന കൊവിഡിന്റെ ആദ്യ കണങ്ങൾ സംസ്ഥാനത്ത് എത്തിയപ്പോൾ തന്നെ വിദേശികൾ ഏറെ വരുന്ന ഇടുക്കി ജില്ലയും ഭീഷണിയുടെ നിഴലിലാണ് എന്ന സൂചന ലഭിച്ചിരുന്നു. ലോകത്തെയാകെ മുൾമുനയിൽ നിർത്തിയ കൊവിഡ് 19ന്റെ ആദ്യ ലക്ഷണങ്ങൾ ജില്ലയിൽ പ്രത്യക്ഷമായത് മാർച്ച് 10 ന് മൂന്നാറിലെ ടി കൗണ്ടി റിസോർട്ടിലെത്തിയ യുകെ പൗരനിൽ കൊവിഡ് ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടപ്പോഴാണ്. 2020 മാർച്ച് 10 ജില്ലയ്ക്കും ഒപ്പം മൂന്നാറിനും വരാനുള്ള ദിവസങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യകാൽവയ്പായിരുന്നു. ഈ സമയം മൂന്നാറിലെ വിവിധ റിസോർട്ടുകളിലും ഹോംസ്റ്റേകളിലുമായി മുന്നൂറോളം അതിഥികൾ താമസിക്കുന്നുണ്ടായിരുന്നു.

## പ്രതിരോധത്തിന്റെ കോട്ടകെട്ടൽ

പലവിദേശ രാജ്യങ്ങളിലും കൊവിഡ് 19 പടരുന്നതായും അനേകർ മരണത്തിന് കീഴടങ്ങുന്നതായും വാർത്തകളിൽ നിറഞ്ഞപ്പോൾ ഈ മഹാമാരിയുടെ താണ്ഡവത്തെക്കുറിച്ചും അതിന്റെ പ്രതിരോധ ആവശ്യത്തെക്കുറിച്ചും അധികാരികൾ ക്ഷണനേരംകൊണ്ട് ബോധവാൻമാരായി. യുകെ പൗരനിൽ നിന്നും മറ്റൊരാൾക്ക് രോഗം പടരാതിരിക്കുന്നതിനായുള്ള തീവ്ര ശ്രമങ്ങൾ ഉടൻ ആരംഭിച്ചു. ആദ്യപടി എന്ന നിലയിൽ ഹോംസ്റ്റേകൾ അടച്ചു പൂട്ടാൻ പഞ്ചായത്ത് നിർദ്ദേശം നൽകി. ദേവികുളം സബ്കളക്ടറെ മാർച്ച് 10ന് തന്നെ വിവരം ധരിപ്പിക്കുകയും അദ്ദേഹം ആരോഗ്യ പ്രവർത്തകർ, പോലീസ്, പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ യോഗം അടിയന്തരമായി വിളിച്ച് ചേർത്ത് യുകെ പൗരന്റെ സ്രവം പരിശോധനയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചു.







## ജാഗ്രതയോടെ

ബ്രിട്ടീഷ് പൗരന്റെ സ്രവം പരിശോധനയ്ക്ക് അയച്ച ശേഷം സബ് കളക്ടറുടെ നേതൃത്വത്തിൽ മൂന്നാറിൽ വ്യാപാരി വ്യവസായികൾ, ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ, റിസോർട്ട് പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് നിലവിലുള്ള സ്ഥിതി വിശേഷം, കൊവിഡ്-19 പ്രതിരോധ രീതികൾ, ക്വാറന്റൈൻ, ഐസൊലേഷൻ എന്നിവ സംബന്ധിച്ച വിശദമായ വിവരണം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ റിസോർട്ടുകളിൽ എത്തിയ അതിഥികളോട് റിസോർട്ട്, ഹോംസ്റ്റേ ഇവ ഒഴിയേണ്ട ആവശ്യകത പറഞ്ഞ് മനസിലാക്കി. അവരെ ഒഴിപ്പിക്കേണ്ട ചുമതല അതാത് റിസോർട്ട് ഉടമകളെ ഏൽപ്പിച്ചു.

ബ്രേക്ക് ദ ചെയിൽ ക്യാമ്പയിനുമായി ബന്ധപ്പെട്ട് പ്രധാന ജംഗ്ഷനുകളിൽ സോപ്പും വെള്ളവും ഏർപ്പെടുത്തി. വ്യാപകമായ പ്രചാരണം നൽകി. മാർച്ച് 14 ന് ജില്ലയുടെ ചുമതലയുള്ള മന്ത്രി എം.എം. മണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം പ്രശ്നത്തിന്റെ ഗൗരവം വിശദമായി ചർച്ച ചെയ്തു. പിറ്റേ ദിവസം എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ച് മൂന്നാർ ഗ്രാമപഞ്ചായത്ത് ഹാളിൽ യോഗം ചേരുകയും പൊതുജനങ്ങൾ പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ബോധവത്ക്കരണം ഉൾപ്പെടെയുള്ള തുടർനടപടികൾ തീരുമാനിക്കുകയും ചെയ്തു. എന്നാൽ നിർഭാഗ്യവശാൽ അതേ ദിവസം തന്നെ ബ്രിട്ടീഷ് പൗരൻ ഉൾപ്പെടെയുള്ള സംഘം മൂന്നാർ വിട്ട് പോകുകയും പ്രശ്നം കൂടുതൽ സങ്കീർണ്ണമാകുകയും ചെയ്തു. ഇതേ സമയം യുകെ പൗരൻ കൊവിഡ് പോസിറ്റീവ് ആയ റിസൽട്ട് വരുകയും ചെയ്തിരുന്നു. ഈ യാത്രാസംഘത്തെ നെടുമ്പാശേരിയിൽ വച്ച് തിരിച്ചറിയുകയും പ്രത്യേക ക്വാറന്റൈൻ ഏർപ്പെടുത്തുകയും കളമശ്ശേരി ആശുപത്രിയിലേക്ക മാറ്റുകയും ചെയ്തു. ഇതോടൊപ്പം യുകെ പൗരൻ താമസിച്ച ടി കൗണ്ടി റിസോർട്ടിലെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും ക്വാറന്റൈൻ ചെയ്യുകയും ബ്രിട്ടീഷ് പൗരൻ സഞ്ചരിച്ച വഴിയും പോയസ്ഥലങ്ങളുടെയും റൂട്ട് മാപ്പ് തയ്യാറാക്കുകയും ബന്ധപ്പെട്ട ആളുകളെ കണ്ടെത്തി ടി കൗണ്ടി റിസോർട്ടിൽ തന്നെ ക്വാറന്റൈൻ ചെയ്യുകയും ചെയ്തു.

## ലോക്ക് ഡൗൺ

പിന്നീടുള്ള നാളുകൾ ആരോഗ്യ പ്രവർത്തകർക്കും പോലീസ് ഡിപ്പാർട്ട്മെന്റിനും പഞ്ചായത്തിനും ഉറക്കമില്ലാത്തവയായിരുന്നു. മൂന്നാർ ടൗൺ, കോളനികൾ, സ്ഥാപനങ്ങൾ എല്ലാം ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ അണുവിമുക്തമാക്കി. പഴയ മൂന്നാറിലെ ശിക്ഷക് സദൻ കൊവിഡ് കെയർ സെന്ററാക്കി മാറ്റുകയും മാറ്റിപ്പാർപ്പിക്കേണ്ടവരെ അവിടേക്ക് മാറ്റുകയും ചെയ്തു. പിന്നീട് കൊവിഡ് വ്യാപനം വർദ്ധിച്ചതോടുകൂടി സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിക്കുകയുണ്ടായി. അതിനെത്തുടർന്ന് തെരുവിൽ അലഞ്ഞുതിരിയുന്നവർ, അഗതികൾ, കിടപ്പുരോഗികൾ തുടങ്ങിയ വിഭാഗം ആളുകൾക്ക് ഭക്ഷണം ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീയുടെ സഹകരണത്തോടെ പഞ്ചായത്തുകൾ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു. അതിഥി തൊഴിലാളികളായി എത്തിയവരും കെ.എസ്.ഇ.ബി ടണൽ ജോലിക്കായി എത്തിയവരും ഉൾപ്പെടെയുള്ളവരുടെ ആശ്രയം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ച് വരുന്ന കമ്മ്യൂണിറ്റി കിച്ചൻ ആണ്. ഭക്ഷണം ലഭിക്കാതെ അലഞ്ഞ് നടന്ന തെരുവ് നായ്ക്കൾക്കും പഞ്ചായത്ത് ഭക്ഷണം ലഭ്യമാക്കി. നിരാലംബരും സ്വന്തം കിടപ്പാടം ഇല്ലാത്തവരും ഭക്ഷണം തയ്യാറാക്കി കഴിക്കാൻ നിവൃത്തിയില്ലാത്തവരുമായ ആളുകളെ കണ്ടെത്തി അവരെ പുനഃരധിവസിപ്പിക്കുകയും കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം എത്തിക്കുകയും ചെയ്തു. ആരോഗ്യ പ്രവർത്തകരുടെ പ്രയത്നങ്ങൾക്ക് സാഫല്യമേകി ഇടുക്കിയിലെ ആദ്യ കൊവിഡ് രോഗിയായ യുകെ പൗരൻ രോഗവിമുക്തനായി നന്ദി പറഞ്ഞ് പോകുമ്പോൾ അത് മൂന്നാറിൽ വിവിധ വകുപ്പുകളും പഞ്ചായത്തും ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി മാറുകയായിരുന്നു. ജനസാന്ദ്രതയേറിയ മൂന്നാറിൽ നിന്നും മറ്റൊരാൾ കൊവിഡ് പോസിറ്റീവാകാതിരുന്നതും മൂന്നാറിന്റെ കരുതലിനോട് ചേർത്ത് വായിക്കാം.

## ഇടുക്കിയുടെ വെല്ലുവിളികൾ

കൊവിഡ് സംഹാര താണ്ഡവം ആടുന്ന അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും മൂന്നാർ സ്വദേശികളായ വളരെ പേർ കാൽനടയായി മൂന്നാറിൽ എത്തുന്നുണ്ട്. ഇവരുടെ നിയന്ത്രണവും പ്രതിരോധ പ്രവർത്തനവും ഏറെ പ്രതിസന്ധി സൃഷ്ടിക്കുമെങ്കിലും കഴിഞ്ഞനാളുകളിൽ ആർജ്ജിച്ച പ്രവർത്തന പരിചയവും അനുഭവവും മുതൽക്കൂട്ടായി മാറ്റിക്കൊണ്ട് വരും നാളുകളിലും ഏതൊരു വെല്ലുവിളിയും ഏറ്റെടുക്കാൻ മൂന്നാറും ജില്ല തന്നെയും തയ്യാറെടുക്കുകയാണ്. ☐

*ലേഖകൻ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*





# ഇമ വെട്ടാതെ, കരുതലോടെ ആലപ്പുഴ

പ്രതിരോധ വഴികളിലൂടെ

■ ഷഫീക്ക് പി.എം.

ആലപ്പുഴ ജില്ലയിലെ കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് പഴുതുകൾ ഇല്ലാത്ത ഇടപെടലുകളുമായി ജില്ലയിലെ 72 ഗ്രാമ പഞ്ചായത്തുകൾ ഈ പോരാട്ട മുഖത്ത് സമാനതകളില്ലാത്ത മാതൃകകൾ സൃഷ്ടിക്കുന്നു. രാജ്യത്തുതന്നെ ആദ്യ ഘട്ട കൊവിഡ്-19 റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ലകളിലൊന്നായ ആലപ്പുഴ ഫെബ്രുവരി മുതൽ തന്നെ ജാഗ്രതയോടെ ഇടപെടലുകൾ നടത്തുകയാണ്. ചൈനയിൽ നിന്നും തിരിച്ചെത്തിയ ഒരു വിദ്യാർത്ഥി കൊവിഡ് പോസിറ്റീവ് ആണെന്ന് കണ്ടെത്തിയ അന്നുതന്നെ ആരോഗ്യ വകുപ്പ് മന്ത്രി പ്രധാന ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് പ്രതിരോധ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിയതും ജില്ലയിലെ തുടർന്നുള്ള എല്ലാവിധ പ്രവർത്തനങ്ങൾക്കും ദിശാബോധം നൽകിയതും ഊർജ്ജം പകർന്ന അനുഭവമായിരുന്നു. ജില്ലാ കളക്ടറെ പങ്കെടുപ്പിച്ചു കൊണ്ട് ഫെബ്രുവരി 5-ന് നടത്തിയ സെക്രട്ടറിമാരുടെ യോഗം പ്രതിരോധത്തിന്റെ പ്രാധാന്യം താഴെത്തട്ടിൽ എത്തിക്കുന്നതിന് സഹായകമായി. അന്നുമുതൽ ഇന്നോ ളം പ്രതിരോധത്തിലും കരുതലിലും ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സജീവ മായി ഇടപെടലുകൾ നടത്തിവരുന്നു.

ആദ്യ ഘട്ടത്തിൽ കൈ കഴുകിയും ശുചിത്വം പാലിച്ചും രോഗത്തെ ചെറുക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിയത്. തൊഴിലുറപ്പ് മേഖലയിലുൾപ്പെടെ വ്യാപകമായ ബോധവൽക്കരണ ക്ലാസുകളും നോട്ടീസുകളും ബാനറുകളും പോസ്റ്ററുകളും ലഘുലേഖകളും വിതരണം ചെയ്യുക മാത്രമല്ല വ്യാപകമായി മൈക്ക് അനൗൺസ്മെന്റുകളും നടത്തി.

തുടർന്ന് രണ്ടാംഘട്ടം ബ്രേക്ക് ദി ചെയിൻ ബൂത്തുകൾ എല്ലാ പ്രദേശങ്ങളിലും സജ്ജീകരിച്ചു. കെ.എസ്.ഡി. പി, ഹോം കോ എന്നീ സ്ഥാപനങ്ങൾ നിൽക്കുന്ന ജില്ല എന്ന നിലയിൽ ഇവരുടെ സഹായത്തോടെ സാനിറ്റൈസർ, മാസ്ക് എന്നിവ ലഭ്യമാക്കി അതിഥി തൊഴിലാളി ക്യാമ്പ് പരിശോധിക്കൽ, ഒഴിഞ്ഞ കെട്ടിടങ്ങൾ കണ്ടെത്തൽ, ആശുപത്രികളുടെ ഐസൊലേഷൻ സംവിധാനങ്ങളുടെ സാധ്യത കണ്ടെത്തൽ, കമ്മ്യൂണിറ്റി കിച്ചൻ തുടങ്ങി എല്ലാ മേഖലകളിലും ഗ്രാമ പഞ്ചായത്തുകൾ സജീവ ഇടപെടൽ നടത്തി.

ഡി.ഡി.പി. ഓഫീസിൽ പ്രവർത്തിച്ച വാർ റൂം ഈ പ്രവർത്തനങ്ങളെ ആകെ ഏകോപിപ്പിച്ചുവരുന്നു. മാത്രമല്ല, ജില്ലാ ഭരണകൂടമായും മറ്റ് വകുപ്പുകളുമായും ജനപ്രതിനിധികളുമായും ഊഷ്മളമായ ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞത് പ്രവർത്തനങ്ങളെ ആയാസരഹിതമാക്കി.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ചലനാത്മകമായ പ്രവർത്തനം ഉറപ്പാക്കുവാൻ കഴിഞ്ഞത് ഈ കൊവിഡ് കാലത്തിന്റെ മറ്റൊരു സവിശേഷതയാണ്. ചുരുക്കത്തിൽ പദ്ധതി നിർവ്വഹണ രൂപീകരണം, നികുതി സമാഹരണം പോലുള്ള അനിവാര്യ ചുമതലകൾ മാറ്റിവെയ്ക്കാതെ തന്നെ കൊവിഡ്-19 പ്രതിരോധത്തിലും മുന്നിൽത്തന്നെ ജില്ലയിലെ പഞ്ചായത്തുകളെ ഉറപ്പിക്കാനായത് രോഗഭീതിയ്ക്കിടയിലും ആത്മവിശ്വാസം നൽകുന്നു. □

*ലേഖകൻ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*

*ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*





# അതിജീവന പോരാട്ടത്തിന് കോട്ടയം

ബിനു ജോൺ

ലോകത്തെ ആകെ പിടിച്ചുകുലുക്കിയ മഹാമാരി നമ്മുടെ നാടിനെയും വെറുതെ വിട്ടില്ല. രാജ്യത്ത് തന്നെ ആദ്യമുണ്ടായ കൊവിഡ് കേസുകൾ നമ്മുടെ കേരളത്തിലാണ്. എന്നാൽ കൃത്യമായ ആസൂത്രണത്തിന്റെയും പ്രതിരോധ പ്രവർത്തനങ്ങളുടെയും ഫലമായി കൂടുതൽ പരിക്കുകൾ പറ്റാതെ നമ്മൾ രക്ഷപ്പെട്ടു. എന്നാൽ രണ്ടാം വരവിൽ നമ്മുടെ ആരോഗ്യ, പ്രതിരോധ സംവിധാനങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണ് അത് എത്തിയത്. രണ്ടാം വരവിൽ കൊവിഡിനെ തടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അരയും തലയും മുറുക്കി സർക്കാരിനൊപ്പം നിന്നു. ജീവനക്കാരും ജനപ്രതിനിധികളും ഉൾപ്പെടുന്ന സംവിധാനം എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിച്ചു. എല്ലാ തുറകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും നിറവേറ്റി.



## ബോധവത്ക്കരണം

ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം സാധ്യമാകുന്ന സൂക്ഷ്മതലത്തിലുള്ള ബോധവത്ക്കരണമാണ് ഈ വിഷയത്തിൽ നടത്തിയത്. ബ്രേക്ക് ദി ചെയിൻ കാമ്പയിന് ഉറച്ച പിന്തുണ നൽകുക മാത്രമല്ല ഗ്രാമപഞ്ചായത്തുകൾ പ്രവർത്തനത്തിന്റെ പതാകവാഹകരായി, കുടുംബശ്രീ സംവിധാനം, വ്യാപാരി വ്യവസായി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കൃത്യമായ ഇടപെടലുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും നടത്തി. ലോക്ക്ഡൗണിനു മുമ്പ് തന്നെ കൊവിഡിനെ സംബന്ധിച്ച് സാമാന്യ അവബോധം ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞു.

## കമ്മ്യൂണിറ്റി കിച്ചൻ

ലോക്ക്ഡൌൺ സമയത്ത് സർക്കാർ വലിയൊരു ഉത്തരവാദിത്വമാണ് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചത്, ആരും പട്ടിണി കിടക്കാതെ സംരക്ഷിക്കുക, കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ആ വെല്ലുവിളി ഏറ്റെടുത്തു. ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകളിലും സമൂഹ അടുക്കളകൾ ആരംഭിച്ചു. സന്നദ്ധ സേവകരുടെയും കുടുംബശ്രീയുടെയും സഹായത്തോടെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടത്തിയ സമൂഹ അടുക്കള വൻവിജയമായിരുന്നു. അഗതികൾ, അതിഥി തൊഴിലാളികൾ, സ്വാന്തന പരിചരണത്തിലുള്ളവർ, ഹോം കെയറിലെ അന്തേവാസികൾ എന്നിവർ ഉൾപ്പെടെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ആഹാരം നൽകുന്നതിന്



*കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*

ശ്രദ്ധിച്ചു. കമ്മ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യമായ വസ്തുക്കൾ പണമായും സാധനമായും സുമനസ്സുകൾ സംഭാവന നൽകി. ജനപ്രതിനിധികളുടെ ഇടപെടൽ മൂലം ഭക്ഷണവിതരണത്തിന് എല്ലാ വിഭാഗത്തിൽപ്പെട്ട സന്നദ്ധ പ്രവർത്തകരും മുൻപോട്ടു വന്നു.

## അതിഥി സംസ്ഥാന തൊഴിലാളികൾ

കേരളത്തിലെ പ്രധാനപ്പെട്ട തൊഴിൽ സേനയാണ് ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിയിട്ടുള്ള അതിഥി തൊഴിലാളികൾ. സ്വദേശങ്ങളിൽ പോകുന്നതിനു അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു പായിപ്പാട് അതിഥി തൊഴിലാളികൾ സംഘടിച്ചു തെരുവിലിറങ്ങിയപ്പോൾ ഗ്രാമപഞ്ചായത്ത് ജില്ലാഭരണകൂടവുമായി ചേർന്ന് സ്തുത്യർഹമായ രീതിയിൽ ഇടപെടൽ നടത്തി പ്രശ്നം പരിഹരിച്ചു. കോട്ടയം ജില്ലയിൽ എല്ലാ ഗ്രാമപഞ്ചായത്തിലുമായി 1931 സെറ്റിൽമെന്റുകളിലായി 24000 ൽ പരം അതിഥി തൊഴിലാളികൾ താമസിച്ചിരുന്നു. ഇവർക്ക് ഭക്ഷണം നൽകുക എന്ന വെല്ലുവിളിയാണ് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തത്. മിക്കവാറും തൊഴിലാളികൾക്ക് സ്വയം പാചകം ചെയ്തു കഴിക്കുന്നതിനായിരുന്നു താത്പര്യം. അവർക്ക് ആവശ്യമായ ഭക്ഷണ സാമഗ്രികൾ എന്നിവ സെറ്റിൽമെന്റുകളിൽ ലഭ്യമാക്കി. തൊഴിലാളികളുടെ ക്യാമ്പിൽ ശുചിത്വം, ആരോഗ്യം, കുടി വെള്ളം എന്നിവ ഉറപ്പാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് പ്രവർത്തിച്ചു ആയിരത്തിൽപരം ക്യാമ്പുകൾ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ശുചീകരിച്ചു.



## വിവരശേഖരണവും വിതരണവും

കൃത്യമായ വിശദാംശങ്ങളുടെ ലഭ്യത ശരിയായ തീരുമാനമെടുക്കുന്നതിന് സഹായകരമാണ് എന്നുള്ളത് സുവിദിതമാണ്. ഫീൽഡ്തലത്തിലുള്ള കൃത്യമായ വിശദാംശങ്ങൾ ശേഖരിച്ച് വകുപ്പിലേക്കും സർക്കാരിലേക്കും നൽകുന്നതിന് വളരെ വിപുലമായ ഇടപെടലുകളാണ് ഗ്രാമപഞ്ചായത്തു കൾ നടത്തിയത്. ഐസൊലേഷനിലുള്ളവരുടെ വിവരങ്ങൾ, കമ്മ്യൂണിറ്റി കിച്ചൻ വിശദാംശങ്ങൾ, ദൈനംദിനം ഭക്ഷണം നൽകിയ വിവരങ്ങൾ, അന്യ സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ എന്നിവ കൂടാതെ പ്രത്യേകം പരിഗണന ലഭിക്കേണ്ട വിഭാഗങ്ങൾ, ലഭ്യമായ മനുഷ്യവിഭവശേഷി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ശേഖരിച്ചും കൃത്യമായ ഇടവേളകളിൽ ആവശ്യമായ അധിക രേഖപ്പെടുത്തലുകൾ നടത്തിയും ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ റോൾ ഭംഗിയായി നിർവഹിച്ചു. ഈ ആവശ്യത്തിനുവേണ്ടി ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങൾ, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം എന്നിവ അവധി ദിവസം ഉൾപ്പെടെ മുഴുവൻ ദിവസങ്ങളിലും പ്രവർത്തിച്ചു.

## സംഘാടനം

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കോട്ടയം ജില്ലയിൽ പഞ്ചായത്ത് വകുപ്പ് സുസംഘടിതമായും സൂക്ഷ്മമായും ആസൂത്രണം ചെയ്ത് നടപ്പാക്കി. 2018 ൽ ഉണ്ടായ മഹാപ്രളയത്തെ തുടർന്ന് തയ്യാറാക്കിയ ദുരന്തനിവാരണ പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് ഈ ഘട്ടത്തിൽ വലിയ മുതൽക്കൂട്ടായി.

ലോകം മുഴുവൻ കീഴടക്കിയ മഹാമാരിയെ ചെറുക്കുന്നതിന് കേരളം നടത്തിയ അതിജീവന പോരാട്ടത്തിന് സഹായകരമായി വർത്തിക്കാൻ ചെറുതല്ലാത്ത പങ്ക് നിർവ്വഹിക്കാൻ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞു എന്നത് നിസ്തർക്കമാണ്. അധികാര വികേന്ദ്രീകരണത്തിലൂടെ ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിച്ചത് തികച്ചും ശരിയായ കാൽവെയ്പായിരുന്നു എന്നത് കാലം തെളിയിച്ചിരിക്കുന്നു. □

*ലേഖകൻ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*

പ്രതിരോധ വഴികളിലൂടെ



# ഉന്മൂലനം ചെയ്യും ഈ മഹാമാരിയെ

■ സൈമ എസ്.

ചൈനയിലെ വുഹാനിൽ തിരിച്ചറിഞ്ഞ കൊവിഡ് 19 എന്ന മഹാമാരി പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവൻ അപഹരിച്ച് ലോകത്തിലെ മുഴുവൻ രാജ്യങ്ങളിലും സംഹാരതാണ്ഡവമാടി നിലയുറപ്പിച്ചിരിക്കുകയാണ്. കേരളത്തിൽ കൊറോണയുടെ രണ്ടാം വരവ് ആദ്യമായി റിപ്പോർട്ട് ചെയ്തത് പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിലാണ്. ഇറ്റലിയിൽ നിന്നെത്തിയ മൂന്ന് പേർക്കും അവരുമായി പ്രാഥമിക സമ്പർക്കത്തിലേർപ്പെട്ട 4 പേർക്കും കൊവിഡ് 19 സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ചപ്പോൾ തന്നെ ജില്ലാ ഭരണകൂടത്തോടൊപ്പം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ അടിയന്തര രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. സംസ്ഥാനത്ത് പത്തനംതിട്ട ജില്ലയിൽ നടപ്പാക്കിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ മറ്റുള്ള ജില്ലകൾ പിന്തുടരുകയായിരുന്നു.

കൊറോണ വൈറസ് പകരുന്നത് തടയുന്നതിന് വ്യക്തി ശുചിത്വം പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് വിപുലമായ പ്രചാരണ പരിപാടികളും ബോധവൽക്കരണവും നടത്തുന്നതിന് മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും സജ്ജമാക്കി. പൊതുസ്ഥലത്ത് തുമ്മുക, തുപ്പുക തുടങ്ങിയവ ഒഴിവാക്കുന്നതിനും കൈ സോപ്പുപയോഗിച്ച് ഇടയ്ക്കിടയ്ക്ക് കഴുകുന്നതിനും "ബ്രേക്ക് ദ ചെയിൻ കാമ്പയിൻ" ജില്ലയിൽ സാർവ്വത്രികമാക്കി, സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ഓഫീസ് കോംപ്ലക്സുകൾ, ചന്തകൾ, വ്യാപാര സ്ഥാപനങ്ങൾ തുടങ്ങി പൊതുജനം ഒത്തുകൂടുന്ന എല്ലാ സ്ഥലങ്ങളും കേന്ദ്രീകരിച്ച് വ്യക്തി ശുചിത്വ കാമ്പയിൻ പഞ്ചായത്തുകൾ ആരോഗ്യവകുപ്പുമായി ചേർന്ന് സംഘടിപ്പിച്ചു. ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഇൻഫക്ഷൻ കൺട്രോൾ പ്രൊട്ടോക്കോൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനും കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്നവരുടെയും അവരുമായി അടുത്തിടപഴകുന്നവരുടെയും പട്ടിക തയ്യാറാക്കുന്നതിനും അവർക്ക് ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഹോം ഐസൊലേഷൻ പ്രോട്ടോക്കോൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു.

കൊറോണ ബാധിതരായ രാജ്യങ്ങളിൽ നിന്നും എത്തുന്നവർ അതാത് പി.എച്ച്.സി കളിലോ, താലൂക്ക് /ജില്ലാ ആശുപത്രികളിലോ റിപ്പോർട്ട് ചെയ്യുന്നു എന്നും അവർ വീടുകളിൽ നിന്നും പുറത്തിറങ്ങാതെ നിരീക്ഷണത്തിൽ കഴിയുന്നുവെന്നും പഞ്ചായത്തുകൾ ഉറപ്പാക്കിയിരുന്നു. ക്വാറന്റൈൻ ചെയ്യപ്പെട്ടവർക്ക് ആവശ്യമെങ്കിൽ ഭക്ഷണം നൽകുന്നതിന് ആവശ്യമായ നടപടികൾ ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. കൊവിഡ് 19 മായി ബന്ധപ്പെട്ട് സ്ഥിതിവിവരങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി പഞ്ചായത്ത്

*പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*





ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ 'വാർ റൂം പ്രവർത്തിച്ച വരികയാണ്. ഗ്രാമ പഞ്ചായത്തുകളുടെയും ജില്ലയിലെ പത്തനംതിട്ട, അടൂർ, പന്തളം, തിരുവല്ല എന്നീ മുനിസിപ്പാലിറ്റികളുടെയും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവിധ റിപ്പോർട്ടുകൾ ഇവിടെ ഏകോപിപ്പിച്ച നിത്യവും സർക്കാരിനു നൽകുന്നു.

പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ആശയ വിനിമയം സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പ്രത്യേകം വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഭക്ഷണ വിതരണം, ഭക്ഷ്യധാന്യ വിതരണം തുടങ്ങി ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ദുരന്ത നിവാരണ കമ്മിറ്റിയിൽ ഉൾപ്പെടാത്ത ജനപ്രതിനിധി എന്നിവർ ചേർന്ന മോണിറ്ററിംഗ് സമിതി പരിശോധിക്കുന്നതിനാൽ പോരായ്മകളും പരാതികളും ആക്ഷേപങ്ങളും കാര്യമായ അളവിൽ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ജില്ലയിലെ ആകെയുള്ള 53 ഗ്രാമപഞ്ചായത്തുകളിലെ 788 വാർഡുകളിൽ വാർഡ് മെമ്പർമാർ, ആരോഗ്യ പ്രവർത്തകർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ച് 951 വാർഡുതല സാനിട്ടേഷൻ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. അന്യസംസ്ഥാന തൊഴിലാളികൾ അടക്കമുള്ള മൈഗ്രന്റ് കമ്മ്യൂണിറ്റിയെ ബോധവൽക്കരിക്കുന്നതിനും അവർക്കാവശ്യമായ ഭക്ഷണം, സുരക്ഷിത പാർപ്പിട സൗകര്യം എന്നിവ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിലായി 55 കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിച്ച് അർഹതയുള്ളവർക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്ത് വരുന്നുണ്ട്. കൂടാതെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ജനകീയ ഹോട്ടലുകൾ ജില്ലയിലെ ഒട്ടുമിക്ക ഗ്രാമപഞ്ചായത്തുകളിലും ആരംഭിച്ചു. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിലെ രോഗബാധയെ തുടർന്ന് വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ 2 പേർക്കും ആറന്മുള, തുമ്പമൺ, ഇലന്തൂർ, ചിറ്റാർ, പത്തനംതിട്ട മുനിസിപ്പാലിറ്റി, അടൂർ മുനിസിപ്പാലിറ്റി, പന്തളം മുനിസിപ്പാലിറ്റി, അയിരൂർ എന്നിവിടങ്ങളിലായി ഏപ്രിൽ 24 വരെ 17 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.





രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടത്തിവരവേ ശാരീരിക അസ്വസ്ഥതകൾ ഉണ്ടായതിനെ തുടർന്ന് ജില്ലാ കളക്ടറുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും നിർദ്ദേശാനുസരണം എനിക്ക് ക്വാറന്റൈനിൽ പ്രവേശിക്കേണ്ടി വന്നു. സ്രവപരിശോധന യിൽ ഫലം നെഗറ്റീവ് ആയതിനെ തുടർന്ന് വീണ്ടും സജീവമായി. കൈയ്യും മെയ്യും മറന്ന് ജീവൻ പോലും അപകടത്തിലാണെന്ന് അറിഞ്ഞു കൊണ്ട് ആരോഗ്യപ്രവർത്തകർ നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനത്തിന്റെ മഹത്വം ഈ സന്ദർഭത്തിൽ എനിക്ക് നേരിട്ട് മനസ്സിലാക്കാൻ സാധിച്ചു.

അതിവേഗം സമൂഹ വ്യാപനം നടക്കാൻ സാധ്യതയുള്ള കൊവിഡ് 19 എന്ന മഹാമാരിയെ ഉന്മൂലനം ചെയ്യുന്നതിന് എല്ലാ വിഭാഗം ജനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നടത്തുന്ന പ്രവർത്തനം അർപ്പണ മനോഭാവത്തോടെയും കൂട്ടുത്തരവാദിത്തത്തോടെയും ഇനിയും ഇടതടവില്ലാതെ മുന്നോട്ട് കൊണ്ടുപോകുകതന്നെ ചെയ്യും. ☐

*ലേഖിക പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*





*കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*

# കൊല്ലത്തെ വേറിട്ട പ്രവർത്തനങ്ങൾ

പ്രതിരോധ വഴികളിലൂടെ

**ബിനുൻ വാഹിദ്**

കൊല്ലം ജില്ലയിലെ 68 ഗ്രാമപഞ്ചായത്തുകളും ഗവൺമെന്റ് പ്രഖ്യാപിച്ച കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ താഴെതലത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിൽ നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ച് വരുന്നു. ആരോഗ്യവകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തുകൾ കാഴ്ചവയ്ക്കുന്ന ഒത്തിണക്കത്തോടെയുള്ള പ്രവർത്തനം ദുരന്തമുഖത്തെ വേറിട്ട ഏടായി നിലനില്ക്കും.

കൊല്ലം ജില്ലയിലെ ആദ്യ കൊവിഡ് ബാധ സ്ഥിരീകരിച്ചത് ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തെ അപ്രതീക്ഷിതമായി ലോക്ക്ഡൗൺ ആക്കി. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തിലെ വ്യത്യസ്ത അനുഭവമായി ഈ പഞ്ചായത്ത് തുടർന്ന് കാഴ്ച വച്ച പ്രവർത്തനം.

തൃക്കരുവ ഗ്രാമപഞ്ചായത്തിലെ പ്രാക്കുളം വാർഡിലാണ് ജില്ലയിലെ ആദ്യ കൊവിഡ് രോഗി പോസിറ്റീവ് ആയത്. ഇദ്ദേഹത്തിന്റെ സഞ്ചാരപഥം ആരോഗ്യ വകുപ്പ് പ്രസിദ്ധീകരിച്ചു. രോഗി തൃക്കരുവ പ്രാഥമിക ആരോഗ്യ കേന്ദ്രം സന്ദർശിച്ച ദിവസം ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ചില ഗ്രാമപഞ്ചായത്ത് അംഗങ്ങളും പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റും ഈ പ്രാഥമിക ആരോഗ്യകേന്ദ്രം സന്ദർശിച്ചിരുന്നു. ഇവർ തുടർന്ന് പഞ്ചായത്ത് ഓഫീസിൽ എത്തി കൃത്യ നിർവ്വഹണത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ഇത് പ്രാഥമിക ആരോഗ്യകേന്ദ്ര ജീവനക്കാർ മാത്രമല്ല സെക്രട്ടറി ഉൾപ്പെ ടെയുള്ള മുഴുവൻ ഗ്രാമപഞ്ചായത്ത് ജീവനക്കാരും ക്വാറന്റൈനിൽ പോകേണ്ട സാഹചര്യം സൃഷ്ടിച്ചു.

ഗ്രാമപഞ്ചായത്ത് അതിജാഗ്രതയിലും കടുത്ത നിയന്ത്രണങ്ങളിലേക്കും കടന്നു. പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനം, കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം, സന്നദ്ധ പ്രവർത്തകരുടെ നിയമനം, വാർഡുതല നിരീക്ഷണ സമിതിയുടെ പ്രവർത്തനം, പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളുടെ ശേഖരണം ക്രോഡീകരണം ഇവയെല്ലാം തന്നെ ഈ സാഹചര്യത്തിൽ സാധ്യമല്ലാത്ത അവസ്ഥ സൃഷ്ടിച്ചു. മാർച്ച് മാസത്തിലെ പദ്ധതി പ്രവർത്തനത്തിലും ഇത് വലിയ വെല്ലുവിളി സൃഷ്ടിച്ചു.

ജീവനക്കാരുടെ അഭാവം, ജനങ്ങളിൽ ആകെ പടർന്ന ഭീതി, ജനപ്രതിനിധികൾ കൂടി ക്വാറന്റൈനിൽ ആയ അവസ്ഥ ഇവയെ അതിജീവിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അദ്ദേഹത്തിനു കൂട്ടായി എല്ലാ ചെറുപ്പക്കാരും സന്നദ്ധ പ്രവർത്തനത്തിനായി രംഗത്തെത്തി. വീടുകൾ ഉപേക്ഷിച്ച് സ്കൂളിൽ തന്നെ താമസിച്ച് ഗ്രാമത്തിന്റെ പ്രവർത്തനം ഏറ്റെടുക്കാൻ ഒരൊറ്റ മനസ്സായി അവർ പ്രവർത്തിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായും ജനപ്രതിനിധികളുമായും ആരോഗ്യ പ്രവർത്തകരുമായും സെക്രട്ടറി നിരന്തരം ഫോണിൽ ബന്ധപ്പെട്ടും ആശയ വിനിമയം നടത്തിയും ജനാധിപത്യ മൂല്യങ്ങൾ ചോരാതെ തീരുമാനങ്ങൾ കൈക്കൊണ്ടു പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു ശേഖരിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ക്വാറന്റൈനിൽ തുടർന്നു കൊണ്ട് ഭംഗിയായി തന്റെ ചുമതലകൾ നിർവ്വഹിച്ചു. വിപരീത സാഹചര്യത്തിലും തൃക്കരുവ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം സെക്രട്ടറി വഴി വീഴ്ച കൂടാതെ സാധ്യമായി. പദ്ധതി പ്രവർത്തനത്തിലും പൊതുവിഭാഗം ഫണ്ട് മുഴുവൻ ചെലവഴിച്ച് ശ്രദ്ധേയമായ നേട്ടം കൈവരിച്ചു.

നാടിന്റെ ആവശ്യം മനസ്സിൽ ഉൾക്കൊണ്ട് സന്നദ്ധ പ്രവർത്തനത്തിന്റെ ശരി മാതൃകയായി ഗ്രാമപഞ്ചായത്തിലെ എട്ട് ചെറുപ്പക്കാർ മാറി. കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ച സ്കൂളിൽ തന്നെ അവർ താമസിച്ചു. ആവശ്യക്കാർക്ക് മരുന്ന് എത്തിക്കാനും ഭക്ഷണ പൊതികൾ എത്തിക്കാനും ഭയത്തിന്റെയും ജാഗ്രതയുടെയും മുൾമുനയിൽ നിന്ന ഗ്രാമവീഥിയിലൂടെ മുന്നകരുതലോടെ അവർ സഞ്ചരിച്ചു.

തൃക്കരുവ ഗ്രാമപഞ്ചായത്തിലെ ഈ ഘട്ടത്തിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വേറിട്ടതാകുന്നത് രോഗ ഭീതിയിൽ ഒറ്റപ്പെടുന്ന സാഹചര്യത്തിലെ മികവുറ്റ പ്രവർത്തനം കൊണ്ടാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും സന്നദ്ധ പ്രവർത്തകരുടെയും പ്രവർത്തനം കൊവിഡ് വൈറസിനെതിരെയുള്ള പ്രവർത്തനത്തിൽ വേറിട്ടു നില്ക്കുന്നു. □

*ലേഖകൻ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*




# നാട്ടിൻപുറത്തിന്റെ നന്മകളിലേക്ക്

■ ത്രേസ്യാമ്മ ആന്റണി

ലോകത്തെയാകെ പിടിച്ചുകുലുക്കിയ മഹാമാരിയായ കൊവിഡ്-19 ന മുന്നിൽ ആദ്യം ഒരു അമ്പരപ്പോടും ആശങ്കയോടും നിന്നുവെങ്കിലും സമാനതകളില്ലാത്ത പ്രതിരോധ പ്രവർത്തനങ്ങളിലേക്ക് രാപ്പകൽ ഭേദമില്ലാതെ യുദ്ധസമാനമായ തയ്യാറെടുപ്പോടെ ജില്ലാഭരണകൂടത്തോടൊപ്പം ഇറങ്ങുകയായിരുന്ന തലസ്ഥാനനഗരിയിലെ പഞ്ചായത്ത് ജനപ്രതിനിധികളും ജീവനക്കാരും.

കൊവിഡ് – 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പൂർണ്ണമായ ലോക്ക്ഡൗൺ നിലവിൽ വന്നതിനെ തുടർന്ന് 73 ഗ്രാമപഞ്ചായത്തുകളുള്ള തിരുവനന്തപുരം ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവസരത്തിനൊത്ത് ഉയർന്ന് മികവുറ്റ പ്രവർത്തനങ്ങളാണ് കാഴ്ച വച്ച് കൊണ്ടിരിക്കുന്നത്. മുൻവർഷങ്ങളിലെ ഓഖി, പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ അനുഭവ പരിചയവും സമീപകാലത്ത് ദുരന്തമാനേജ്മെന്റ് സംബന്ധിച്ച് ലഭിച്ച അവബോധവും പരിശീലനവും കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ ജാഗ്രതാപൂർവ്വം ഉൾപ്പെടുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വളരെയധികം സഹായകമായി.

## വാർ റൂമുകൾ

കൊവിഡ്-19 എന്ന മഹാമാരിയുടെ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യ ജീവിതം അക്ഷരാർത്ഥത്തിൽ നിലച്ചു. പൊതു ഇടങ്ങൾ അടഞ്ഞു കിടക്കുന്നു. സഞ്ചാരത്തിൽ കർശനമായ നിയന്ത്രണം, ജാഗ്രതയോടു കൂടിയുള്ള നിരീക്ഷണം യുദ്ധസമാനമായി ഒരു അന്തരീക്ഷം നിലനില്ക്കുന്നതിനാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലും എല്ലാ പഞ്ചായത്തുകളിലും വാർ റൂമുകൾ സജ്ജീകരിച്ചു.

## ഹോട്ട്സ്പോട്ടുകൾ

പോത്തൻകോട് ഗ്രാമപഞ്ചായത്താണ് കേരളത്തിൽ കൊവിഡ്-19 രോഗം മരണപ്പെട്ട വ്യക്തിയിൽ സ്ഥിരീകരിച്ച രണ്ടാമത്തെ സ്ഥലം. ഈ ഗ്രാമപഞ്ചായത്തിലെ വാവറമ്പലം വാർഡിലെ കോച്ചാലമൂടിൽ താമസിച്ചിരുന്ന വ്യക്തിയെ രോഗബാധിതനായി തിരുവനന്തപുരം മെഡിക്കൽകോളേജിൽ പ്രവേശിപ്പിക്കുകയും തുടർന്ന് മസ്തിഷ്കമരണം സംഭവിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയുടെ ചുമതലയുള്ള മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം പോത്തൻകോട് അതീവ ജാഗ്രത പുലർത്തേണ്ട പ്രദേശമായി പ്രഖ്യാപിച്ചു. രോഗത്തിന്റെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞില്ല എന്ന



*തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വാർ റൂം.*



*കൊവിഡ് 19 മായി ബന്ധപ്പെട്ട വിവരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ മാധ്യമങ്ങൾക്ക് നൽകുന്നു. മന്ത്രിമാരായ കെ.കെ. ഷൈലജ ടീച്ചർ, ഇ. ചന്ദ്രശേഖരൻ എന്നിവർ സമീപം.*

ള്ളത് വളരെ ആശങ്ക ഉളവാക്കി. പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ചേർന്ന് കിടക്കുന്ന മുദാക്കൽ, മാണിക്കൽ, മംഗലപുരം, വെമ്പായം, അണ്ടൂർക്കോണം എന്നീ ഗ്രാമപഞ്ചായത്തുകളിലും തിരുവനന്തപുരം നഗരസഭയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ചേർന്ന് കിടക്കുന്ന വാർഡുകളിലും അതീവ ജാഗ്രതയും നിയന്ത്രണവും ഏർപ്പെടുത്തി. അവശ്യ സാധനങ്ങൾ വില്ക്കുന്ന കട-കമ്പോളങ്ങൾ രാവിലെ 7 മണി മുതൽ 9 മണി വരെ മാത്രമെ തുറന്ന് പ്രവർത്തിക്കാൻ അനുവദിച്ചിരുന്നുള്ളൂ. നിരോധനാജ്ഞ നിലവിലുണ്ടായിരുന്നു. ജനങ്ങൾ കൂട്ടം കൂടി നില്ക്കുന്നതും റോഡിലിറങ്ങുന്നതും കർശനമായി നിയന്ത്രിച്ചിരുന്നു.

രോഗ വ്യാപന സാധ്യതകളുടെ പഴുതടയ്ക്കാൻ പോത്തൻകോട് ടൗൺ ബസ്സ്സ്റ്റേഷൻ, പൊതുമാർക്കറ്റ്, പരേതൻ വിവാഹ ചടങ്ങിൽ പങ്കെടുത്ത രാജശ്രീ ആഡിറ്റോറിയം, ഗ്രാമപഞ്ചായത്ത് ഓഫീസ് സമുച്ചയം തുടങ്ങിയ വ്യാപന സാധ്യതാപ്രദേശങ്ങൾ തുടർ ദിവസങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസും തിരുവനന്തപുരം നഗരസഭയും ചേർന്ന് അണുനാശനം നടത്തി. ഏപ്രിൽ രണ്ടാം വാരത്തിൽ രോഗ വ്യാപനം ഇല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ഇളവുകൾ അനുവദിച്ചു.

മലയിൻകീഴ് ഗ്രാമപഞ്ചായത്താണ് ജില്ലയിൽ മറ്റൊരു ഹോട്ട്സ്പോട്ടായി മാറിയത്. പഞ്ചായത്ത് പരിധിയിൽ 3 പേർക്കാണ് കൊവിഡ്-19 രോഗം സ്ഥിരീകരിച്ചത്. വിദേശത്തുനിന്നും വന്നയാൾക്കും രണ്ട് മക്കൾക്കുമാണ് രോഗം സ്ഥിരീകരിച്ചത്. ഓരോ വാർഡിലെയും റാപ്പിഡ് റെസ്പോൺസ് ടീം മുഖേനയും മൈക്ക് അനൗൺസ്മെന്റ് നടത്തിയും വ്യാപകമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും കർശനമായ ലോക്ക്ഡൗൺ നിബന്ധനകൾ നടപ്പിലാക്കുകയും ചെയ്തു. പ്രൈമറി, സെക്കന്ററി കോൺടാക്ടുകളിൽ ഉൾപ്പെട്ട 15 പേർക്ക് പ്രത്യേകം ടെസ്റ്റുകൾ നടത്തി അവർ നെഗറ്റീവ് ആണെന്ന് ഉറപ്പുവരുത്തുകയും കൂടാതെ സാമൂഹികവ്യാപനം സംബന്ധിച്ച് 10 പേർക്ക് റാന്റം പരിശോധനകളും നടത്തി. നിലവിൽ ഗ്രാമപഞ്ചായത്തിനെ ഹോട്ട്സ്പോട്ട് പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും സമൂഹവ്യാപനം നടക്കാതിരിക്കാനുള്ള മുൻകരുതൽ നിയന്ത്രണങ്ങൾ കർശനമായി തുടരുകയാണ്.

## അതിഥി തൊഴിലാളികൾ

ജില്ലിലെ വിവിധ തൊഴിൽ മേഖലയിലെ സജീവസാന്നിദ്ധ്യമായ അന്യസംസ്ഥാന തൊഴിലാളികളെ അതിഥി തൊഴിലാളികളായി കണ്ട് അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ നല്കിയ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ജില്ല സവിശേഷ ശ്രദ്ധ നല്കി. അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി ജില്ലയിലെ 73 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും താമസിക്കുന്ന പന്ത്രണ്ടായിരത്തോളം വരുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണം നടത്തുകയും അവരുടെ സെറ്റിൽമെന്റുകൾ ശുചീകരിക്കുകയും ചെയ്തു.

## ആദിവാസി സമൂഹം


ജില്ലയിൽ ആദിവാസി ഊരുകൾ ഏറ്റവും കൂടുതൽ ഉള്ള പഞ്ചായത്തുകളിൽ പ്രധാനപ്പെട്ടവയാണ് പെരിങ്ങമ്മല, വിതുര, കുറ്റിച്ചൽ, അമ്പൂരി എന്നിവ. കോറോണ രോഗപ്രതിരോധത്തിന്റെ ഭാഗമായി ലോക്ക്ഡൗൺ പ്രഖ്യാപിച്ച ശേഷം ട്രൈബൽ മേഖലയിൽ പഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്.

രോഗപ്രതിരോധത്തിന്റെയും ബോധവല്ക്കരണത്തിന്റെയും ഭാഗമായി ആരോഗ്യ പ്രവർത്തകർ പഞ്ചായത്തിന്റെ സഹകരണത്തോടെ നിരന്തരം ഈ മേഖലകളിൽ ബന്ധപ്പെടുന്നുണ്ട്. വേനൽകാലമായതിനാൽ കുടിവെള്ളക്ഷാമം ഉള്ള സ്ഥലങ്ങളിൽ പഞ്ചായത്ത് കുടിവെള്ളം എത്തിച്ച് വരുന്നു. ട്രൈബൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഭക്ഷ്യധാന്യകിറ്റ് വിതരണത്തിനും പഞ്ചായത്തുകൾ പൂർണ്ണസഹകരണം നല്കുന്നുണ്ട്. ചില സന്നദ്ധസംഘടനകളുടെ സഹായത്തോടെയും നേരിട്ടും പഞ്ചായത്ത് ഭക്ഷ്യധാന്യകിറ്റ്, പച്ചക്കറി കിറ്റ് എന്നിവ വിതണം ചെയ്തിട്ടുണ്ട്.

## തീരദേശമേഖല

വിദേശത്തുനിന്നും മറ്റ് ജില്ലകളിൽ നിന്നും വിമാനത്തിലും കടൽമാർഗ്ഗവും റോഡ് മാർഗ്ഗവും വന്ന തീരദേശവാസിക

## ഇപ്പോൾ പറയേണ്ടത്



*ഐക്യരാഷ്ട്രസംഘടനയുടെ ദുരന്തലഘൂകരണ വിഭാഗം തലവനും കരിയർ വിദഗ്ദനുമായ മുരളി തുമ്മാരുകടി ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ...*

കേരളം കൊറോണയെ ഇത്രയും നന്നായി നേരിടുന്നതിന് അടിസ്ഥാനമായ പല കാരണങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി പലരും ചൂണ്ടിക്കാണിക്കുന്നത് ത്രിതല സമ്പ്രദായത്തിലുള്ള നമ്മുടെ ജനാധിപത്യത്തിന്റെ വളർച്ചയും കരുത്തും മത്സരവുമാണ്. ഈ കൊറോണ യുദ്ധത്തിൽ നമ്മുടെ ജനപ്രതിനിധികൾ വഹിക്കുന്ന പങ്കിനെ പറ്റി ഞാൻ പിന്നീടൊരിക്കൽ എഴുതുന്നുണ്ട്. പക്ഷെ ഇപ്പോൾ പറയേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ പറ്റിയാണ്. കമ്മ്യൂണിറ്റി കിച്ചനുകൾ കേരളത്തിൽ സ്ഥാപിക്കണം എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിന് മുൻകൈ എടുക്കണം എന്നും മുഖ്യമന്ത്രി പറഞ്ഞു മണിക്കൂറുകൾക്കകം ആദ്യത്തെ കമ്മ്യൂണിറ്റി കിച്ചൻ പഞ്ചായത്തുകളിൽ ഉണ്ടായിക്കഴിഞ്ഞു, ഇരുപത്തി നാല് മണിക്കൂറിനകം തൊള്ളായിരത്തിന് മുകളിൽ, നാല്പത്തിയെട്ട് മണിക്കൂറുകൾ ആയപ്പോൾ ആയിരത്തി മുപ്പത്തിനാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആയിരത്തി മുപ്പതിലും കമ്മ്യൂണിറ്റി കിച്ചനുകളായി. കേരളം ലോകത്തിന് മാതൃകയാണെന്ന് എനിക്ക് പലപ്പോഴും പറയാൻ പറ്റുന്നത് ഇത്തരം കാര്യക്ഷമത കാണുന്നത് കൊണ്ടാണ്....

കൊറോണ യുദ്ധരംഗത്തും പ്രതിരോധ രംഗത്തും ഉള്ള എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും ആദരവോടെ, അഭിമാനത്തോടെ, അത്ഭുതത്തോടെ എന്റെ കൂപ്പു കൈ.

**- മുരളി തുമ്മാരുകടി**

വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തിയ 63 മത്സ്യത്തൊഴിലാളികളെ കൊറോണ കെയർ സെന്ററായ ലിയോ XIII ഹയർസെക്കൻഡറി സ്കൂളിൽ പാർപ്പിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ജില്ലകളിൽ നിന്നും മടങ്ങിവന്ന 72 പേർ ഉൾപ്പെടെ 467 പേരെ നിരീക്ഷണത്തിൽ പാർപ്പിച്ചിരുന്നു. ക്വാറന്റൈൻ ചെയ്യിക്കുന്നതിനും കെയർസെന്ററുകൾ കണ്ടെത്തുന്നതിനും മറ്റ് വകുപ്പുകളുടെയും പള്ളി അധികാരികളുടെയും ജനപ്രതിനിധികളുടെയും കുടുംബാംഗങ്ങളുടെയും ഇടപെടൽ പ്രശംസനീയമായിരുന്നു.

തികച്ചും അപൂർവ്വമായ ജീവിത സാഹചര്യങ്ങളിലൂടെയാണ് സമൂഹം കൊവിഡ്-19 കാലയളവിൽ കടന്നു പോകുന്നത്. വെല്ലുവിളികളെ അവസരമായിക്കാണാനും അതിജീവനത്തിനായി പുതിയ തന്ത്രങ്ങൾ മെനയാനും ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞു എന്നത് ശ്ലാഘനീയം തന്നെ. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പൊതുജനവും തമ്മിൽ കൈകോർത്ത് കേരള ചരിത്രത്തിൽ ഒരു പുതിയ ചരിത്രം രചിച്ചിരിക്കുന്നു. നാട്ടിൻപുറത്തിന്റെ നഷ്ടപ്പെട്ടുപോയ നന്മകളിലേക്ക് മടങ്ങാനും പ്രകൃതിയെ അറിയാനും ഈ കൊറോണക്കാലം വഴിതുറന്നുവെന്നതിൽ സംശയമില്ല. ☐

*ലേഖിക തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*

ആരോഗ്യവകുപ്പിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം നെയ്യാറ്റിൻകര നിംസ് ആശുപത്രിയിലെ കൊറോണകെയർ സെന്ററിലേക്ക് മാറ്റി. നിരീക്ഷണത്തിലുള്ളവർക്ക് ഭക്ഷണം, മരുന്ന്, മറ്റ് സൗകര്യങ്ങൾ എന്നിവ പഞ്ചായത്ത് നേരിട്ട് നല്കി.

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ കൊറോണ കെയർ സെന്റർ മരുതുർക്കോണം പി.ടി.എം.എച്ച്.എസ്.എസിൽ ആരംഭിച്ചു. തുടർന്ന് നിരീക്ഷണത്തിലുണ്ടായിരുന്ന 11 പേരെ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് ഹോസ്റ്റലിലേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്തു.

കരുംകുളം ഗ്രാമപഞ്ചായത്തിലുടെ ക്വാറന്റൈൻ പ്രവർത്തനങ്ങൾ സങ്കീർണ്ണമായിരുന്നു. ഏഷ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള കരുംകുളം, കോട്ടുകാൽ, കുളത്തൂർ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപുലമായ സംവിധാനങ്ങളാണ് ഇക്കാര്യത്തിൽ വേണ്ടിവന്നത്.

കൊറോണ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട അന്യജില്ലകളിൽ മത്സ്യബന്ധനത്തിന് പോയി വന്ന ശേഷം സ്വന്തം വീടുകളിൽ ക്വാറന്റൈനിൽ കഴിയാൻ സൗകര്യമില്ലാത്ത മത്സ്യത്തൊഴിലാളികൾക്കായി രണ്ട് ക്യാമ്പുകളാണ് കുളത്തൂർ പഞ്ചായത്തിൽ ആരംഭിച്ചത്. കാസർഗോഡ് ജില്ലയിൽ നിന്നും മടങ്ങിവന്ന 28 പേരെ






## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |


# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** April 2020
Annual Subscription ₹120, Published on 20 April 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS